# SAVE OUR RICE

## MEDIA DOSSIER

## October 2009 to September 2012

Save Our Rice -Media Dossier October 2009 to September 2012

Anishida G.V
Documentation Assistant
Save Our Rice Campaign

*Published by -*
**Save Our Rice Campaign**

**CREATE**,2/84,Melachatram Street,Paramakudi,
Tamilnadu,India-623707

*Campaign Office:*
**Thanal**
OD-3, Jawaharnagar Kawdiar
Thiruvananthapuram-695003
Kerala,India.
www.indianricecampaign.org
Phone: 0471 2727150

# Introduction

Save Our Rice Campaign aims to build a movement towards achieving food security and sovereignty, reviving rice culture and sustaining rice ecosytems. Save Our Rice attempts to sustain rice by creating linkage between different sectors, developing capacities to address local/ regional concerns, building alternatives models for sustainable ecological rice cultivation and developing a platform of people with rice culture as a common concern. The campaign was launched in 2004 in the Second International Year of Rice in Kumbalangi, Keralam. The Campaign is coordinated by Thanal and CREATE. The campaign is active in five states - Tamilnadu, Kerala, Karnataka, Orissa and West Bengal, where it is coordinated by partnes in those States. The major campaign objectives are

- Conserving Rice Ecosystems
- Sustaining Rice Culture and Diversity
- Protecting Traditional Wisdom
- Preventing GMOs and Toxics
- Ensuring Safe and Nutritious Food

This dossier is a collection of media reports from October 2009 to September 2012 related to work done in five states, by Save Our Rice Campaign

എസ്. ഉഷ

# വിത്തുകമ്പനികൾ ഇനി ജനിതകമെഴുതും

**വരുന്ന പാർലമെൻറ് സമ്മേളനത്തിൽ ചർച്ചചെയ്യാനിരിക്കുന്ന ബയോടെക്നോളജി റഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ (ബ്രായി) ബിൽ വിത്തുകമ്പനികളുടെ താത്പര്യങ്ങളെ സഹായിക്കുന്നതാണ്. ജനിതകമാറ്റം വരുത്തിയ വിത്തുകളെയും വിളകളെയും പ്രോത്സാഹിപ്പിക്കുന്ന ബ്രായി ബിൽ എത്ര ദോഷകരമായാണ് ഇന്ത്യൻ കാർഷിക മേഖലയെയും വിപണിയെയും ബാധിക്കുക എന്ന് വിശദീകരിക്കുന്നു.**

ഇന്ത്യയിൽ സാധാരണ ജനങ്ങളുടെ ഇടയിൽ ജനിതകമാറ്റം വരുത്തിയ വിളകളെക്കുറിച്ചും ഭക്ഷണത്തെക്കുറിച്ചുമുള്ള ചർച്ച തുടങ്ങിയത് ബി.ടി. വഴുതനങ്ങയ്ക്ക് കേന്ദ്ര സർക്കാർ അനുമതി കൊടുക്കുമെന്ന ഘട്ടമെത്തിയപ്പോഴാണ്. ജനിതക എഞ്ചിനിയറിങ് അഥവാ ജനിതകമാറ്റ സാങ്കേതികവിദ്യ എന്താണെന്നറിയാനും അതിന്റെ സാധ്യതകളും പരിമിതികളും അപകടങ്ങളും മനസ്സിലാക്കാനും ജനങ്ങൾ തുനിഞ്ഞിറങ്ങി. ഒരുപക്ഷേ, ഒരു സാങ്കേതികവിദ്യയെക്കുറിച്ച് സാധാരണ ജനങ്ങൾ ഇത്രമാത്രം ചർച്ച ചെയ്യുന്നത് ആദ്യമായിട്ടായിരിക്കും. അതും കാർഷിക മേഖലയിൽ. രാസവളം ഇറക്കുമതി ചെയ്യപ്പോഴോ മാരക കീടനാശിനികൾക്ക് അനുമതി കൊടുത്തപ്പോഴോ മൗനികളായിരുന്നവർ ബി.ടി. വഴുതനങ്ങയെക്കുറിച്ച് പഠിക്കാനും പ്രതികരിക്കാനും തയ്യാറായി. ഇതെന്തുകൊണ്ട് സംഭവിച്ചു? സാധാരണ ജനങ്ങൾ മാത്രമല്ല ശാസ്ത്രജ്ഞരും കാർഷിക വിദഗ്ധരും സംസ്ഥാനങ്ങൾ തന്നെയും മുൻകരുതലോടെ ഈ വിഷയത്തിൽ ഇടപെട്ടു!

ഭക്ഷ്യസുരക്ഷ ഇന്ന് ഏതൊരു ഭരണാധികാരിക്കും തലവേദന സൃഷ്ടിക്കുന്ന ഒന്നായി മാറിയിരിക്കുന്നു. ഉയരുന്ന ജനസംഖ്യയ്ക്കനുസരിച്ച് ഉത്പാദന വർധന സാധ്യമാകുമോ എന്നവർ ആശങ്കപ്പെടുന്നു. മറുവശത്ത്, ഉത്പാദിപ്പിക്കുന്ന ഭക്ഷണം ആവശ്യക്കാരിലെത്താതെ നശിച്ചുപോകുകയും മാർക്കറ്റിലെത്തുന്ന ഭക്ഷണം മുഴുവനും കീടനാശിനികളും മറ്റു മാലിന്യങ്ങളും കലർന്ന് വിഷമയമായിത്തീരുകയും ചെയ്യുന്നു.

2008 മുതൽ രാജ്യങ്ങൾ നേരിടുന്ന ഒരു സുപ്രധാന പ്രശ്നം വിലക്കയറ്റമാണ്. ഇതോടൊപ്പം കൃഷിയോഗ്യമായ ഭൂമിയുടെ വലിയൊരളവ് മ



ഫോട്ടോ: സജീവ്

റ്റാവശ്യങ്ങൾക്കായി മാറ്റപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ സാഹചര്യങ്ങൾ മുതലെടുക്കാനുള്ള തന്ത്രങ്ങളുമായി ഇക്കാലഘട്ടത്തിന്റെ ശാപമായി മാറിയിരിക്കുന്ന കോർപ്പറേറ്റുകൾ തന്ത്രങ്ങൾ മെനയുകയും ചെയ്യുന്നു. ഏതു കോർപ്പറേറ്റിനാണ് ജനനന്മയിൽ താത്പര്യമുള്ളത്? പ്രകൃതിസംരക്ഷണത്തിൽ വിശ്വസിക്കുന്നത്? എങ്കിലും അവർ വലിയ അവകാശവാദങ്ങളുമായി സർക്കാറുകളെ സമീപിക്കുകയും പുതിയ പുതിയ സാങ്കേതികവിദ്യകൾ നിരത്തുകയും ചെയ്യുന്നു. ജനിതകമാറ്റ സാങ്കേതികവിദ്യ അത്തരത്തിലുള്ളതാണ്. ഭക്ഷ്യോത്പാദനം കൂട്ടാൻ ഇനി മറ്റൊരു വഴിയില്ലെന്ന് പറയുകയും അത് ഒരു വിഭാഗം ശാസ്ത്രജ്ഞരും സാമ്പത്തിക വിദഗ്ധരും അംഗീകരിക്കുകയും അതിന്റെ പ്രചാരകരാവുകയും ചെയ്തിരിക്കുന്നു.

എന്നാൽ കണക്കുകൾ പറയുന്നത് മറ്റൊന്നാണ്. വാസ്തവത്തിൽ ലോകത്തിലിന്ന് ഉത്പാദിപ്പിക്കുന്ന ഭക്ഷണം 11.5 ബില്യൺ ആളുകൾക്ക് തികയുമത്രേ. 2050 ആകുമ്പോഴേക്കും ലോക ജനസംഖ്യ 9 ബില്യൺ ആകുകയേയുള്ളൂ. നമ്മുടെ പ്രതിസന്ധി മറ്റൊന്നാണ്. ഈ ഭക്ഷണം കേടുകൂടാതെ ജനങ്ങൾക്ക് എത്തിക്കുക എന്നതാണ് അതിലൊന്ന്. മറ്റൊന്ന് ഈ ഉത്പാദനം എങ്ങനെ നിലനിർത്തും എന്നതാണ്. പ്രത്യേകിച്ചും വെള്ളം, ഊർജം, മണ്ണിന്റെ ഫലപുഷ്ടി എന്നിവ കുറഞ്ഞുകൊണ്ടിരിക്കുകയും കാലാവസ്ഥാവ്യതിയാനം ഒരു യാഥാർഥ്യമായി മുന്നിൽ നിൽക്കുകയും ചെയ്യുമ്പോൾ. ഈ വെല്ലുവിളി ഏറ്റെടുക്കാൻ ശാസ്ത്രജ്ഞരും സാമ്പത്തിക വിദഗ്ധരും മിനക്കെടുന്നില്ല. കർഷകരും സംശയത്തിന്റെ നിഴലിലാണ്. രാസവസ്തുക്കളുടെയും അത്യുത്പാദന ശേഷിയുള്ള വിത്തുകളുടെയും പിറകെപോയ മനസ്സുകൾക്ക് കാർഷിക ആവാസ വ്യവസ്ഥയുടെ സമഗ്രതയെക്കുറിച്ച് ചിന്തിക്കാൻ പ്രയാസമായിരിക്കും. അതുകൊണ്ടുതന്നെ അപകടകരമായ സാങ്കേതികവിദ്യകളെതന്നെ അവർ ആശ്രയിക്കും.

എന്നാൽ ഹരിതവിപ്ലവ കാലഘട്ടത്തിൽനിന്നു വ്യത്യസ്തമായി ഇപ്പോൾ കൃഷിമന്ത്രാലയമല്ല ഉത്പാദന വർധനയെക്കുറിച്ച് ചിന്തിക്കുന്നത് എന്നതാണ് രസകരം. സയൻസ് ആൻഡ് ടെക്നോളജി മന്ത്രാലയവും അതിനു കീഴിലുള്ള ഡിപ്പാർട്ട്മെൻറ് ഓഫ് ബയോടെക്നോളജിയുമാണ് രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷയെക്കുറിച്ച് പറയുന്നത്. കാർഷിക വികസനത്തിനായി തുടങ്ങിവെച്ച ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ വിവിധ ശാസ്ത്രസ്ഥാപനങ്ങളുടെയിടയിൽ ഒന്നു മാത്രമായി മാറിയിരിക്കുന്നു. കാർഷിക ഗവേഷണം ജീനുകളിലേക്ക് ചുരുങ്ങിയപ്പോൾ സംഭവിച്ച കാര്യമാണിത്. ജീവശാസ്ത്രത്തിൽ ഗവേഷണം നടത്തുന്ന ഏതു സ്ഥാപനത്തിനും ഇന്ന് കൃഷിയിൽ ഇടപെടാം. കൃഷിയുടെ പാരിസ്ഥിതിക-സാംസ്കാരിക-ആരോഗ്യതലം അതിനാൽ പാടെ വിസ്മരിക്കപ്പെടുന്നു. കോർപ്പറേറ്റുകളുടെ നിയന്ത്രണത്തിലായിക്കഴിഞ്ഞ ജനിതക ഗവേഷണമേഖല കർഷകരെ ആത്മഹത്യയിലേക്കും നയിക്കുന്നു.

ലോകവ്യാപകമായിതന്നെ ജി.എം. വിളകൾക്കെതിരെ എതിർപ്പുയരാൻ കാരണം ഇതൊക്കെയാണ്. ഇന്ത്യയിൽ ബി.ടി. വഴുതനങ്ങയ്ക്കെതിരെയുണ്ടായ എതിർപ്പ് വിത്തുകമ്പനികൾക്കൊരു താക്കീതായി, എങ്കിലും അവർ അടങ്ങിയിരിക്കുന്നില്ല. ജി.എം. വിളകൾക്ക് എളുപ്പത്തിൽ അനുമതി നേടാനുള്ള കുറുക്കുവഴികൾ കണ്ടെത്താനവർ ശ്രമിക്കുകയാണ്. പരിസ്ഥിതി മന്ത്രാലയത്തിനു കീഴിലുള്ള ജനറ്റിക് എഞ്ചിനിയറിങ് അപ്രൈസൽ കമ്മിറ്റി (ബി.ടി. വഴുതനങ്ങയ്ക്കു മൊറട്ടോറിയത്തിനു മുൻപ് ഇത് അപ്രൂവൽ കമ്മിറ്റിയായിരുന്നു) യാണ് ഇന്ന് ജി.എം. വിളകളുടെ വ്യാപനത്തെ നിയന്ത്രിക്കുന്നത്. പൊതുജനങ്ങളുടെയും സംസ്ഥാന സർക്കാറുകളുടെയും ഇടപെടൽ മൂലവും വിവരാവകാശ നിയമം പോലുള്ള സംവിധാനങ്ങൾ കാരണവും ഈ കമ്മിറ്റിക്ക് ജി.എം. വിളകൾക്ക് അനുമതി കൊടുക്കാൻ കാലതാമസം നേരിടുന്നു. 2008 മുതൽ കേന്ദ്രസർക്കാർ കൊണ്ടുവരാൻ ശ്രമിക്കുന്ന ബയോടെക്നോളജി റഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ ബില്ലിലെ വ്യവസ്ഥകൾ തങ്ങൾക്കനുകൂലമായ വിധത്തിൽ രൂപപ്പെടുത്താനുള്ള ശ്രമത്തിലാണ് വിത്തുകമ്പനികൾ. പാർലമെൻറിന്റെ ഈ വരുന്ന ശീതകാല സമ്മേളനത്തിൽ ഇത് സാധിച്ചെടുക്കാനാണിവരുടെ ശ്രമം. ഇന്ത്യയിൽ എഴുപതിലധികം വിളകളിൽ ജനിതകമാറ്റ പരീക്ഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഈ ബില്ല് പാസ്സായിക്കിട്ടിയാൽ തങ്ങളുടെ ജി.എം. വിത്തുകൾ മാർക്കറ്റിലെത്തിക്കാൻ ഇന്നത്തേതുപോലുള്ള കാലതാമസം ഉണ്ടാകില്ലെന്ന് വിത്തുകമ്പനികൾക്കറിയാം.

> **സംസ്ഥാന സർക്കാറുകൾക്ക് കാർഷിക-ആരോഗ്യ സംരക്ഷണത്തിൽ ഭരണഘടനാപരമായുള്ള പരമാധികാരത്തെ ബില്ല് നിഷേധിക്കുന്നു. സംസ്ഥാന സർക്കാറുകൾക്ക് ഒരു ഉപദേശക റോൾ മാത്രമേ ഈ ബില്ല് വ്യവസ്ഥ ചെയ്തിട്ടുള്ളൂ.**

## ബ്രായിബില്ലിന്റെ തുടക്കം

ജനിതകമാറ്റം വരുത്തിയ വിളകളെ നിയന്ത്രിക്കാനായി ഇന്ത്യയിൽ കൃത്യമായ ഒരു സംവിധാനം ഇന്ന് നിലവിലില്ല. 1989-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിൻ കീഴിലാണ് ഇത്രകാലം ജി.എം. വിളകൾ നിയന്ത്രിക്കപ്പെടുന്നത്. എന്നാലിത് വളരെ അപര്യാപ്തമാണെന്നും ശാസ്ത്രീയമായും സ്വതന്ത്രമായുമുള്ള തീരുമാനങ്ങളല്ല ഈ ഏജൻസി എടുക്കുന്നതെന്നുമുള്ള കാര്യം ഇന്ന് കുപ്രസിദ്ധമാണ്.

ആദ്യമായി 2004-ലാണ് ജനിതകമാറ്റം വരുത്തിയ വിളകളെ നിയന്ത്രിക്കാനായി സ്വതന്ത്ര ഏജൻസിക്കുള്ള ഒരു നിർദേശം മുൻപോട്ട് വരുന്നത്. നാഷണൽ ബയോടെക്നോളജി റഗുലേറ്ററി അതോറിറ്റി എന്നു പേരിട്ട് ഈ നിർദേശം മുമ്പോട്ടുവെച്ചത് പ്രൊഫ. എം.എസ്. സ്വാമിനാഥൻ അധ്യക്ഷനായുള്ള ബയോടെക്നോളജി ടാസ്ക് ഫോഴ്സായിരുന്നു. ജി.എം. വിളകൾക്ക് അനുമതി കൊടുക്കും മുൻപ് നിയന്ത്രണ ഏജൻസി താഴെ പറയുന്ന കാര്യങ്ങൾ കർക്കശമായി നോക്കണമെന്ന് ഈ റിപ്പോർട്ടിൽ പറഞ്ഞിരുന്നു.

* ജനിതകമാറ്റം പോലല്ലാത്ത ബയോടെക്നോളജി-ജൈവ വളങ്ങൾ, ജൈവ കീടനാശിനികൾ, ജീവാണു വളങ്ങൾ എന്നിവയുടെ വികസനത്തിന് ആദ്യ പരിഗണന നൽകണം. ജൈവകൃഷിയിലെ ഉത്പാദന വർധനയ്ക്ക് ഇത് സഹായിക്കും.

* ഉത്പാദന വർധനയ്ക്ക് മറ്റൊരു മാർഗവും ഇല്ലെന്ന ഘട്ടത്തിൽ മാത്രമേ ജനിതകമാറ്റ സാങ്കേതികവിദ്യയെ ആശ്രയിക്കാവൂ.

* നമ്മുടെ അന്താരാഷ്ട്ര കച്ചവടത്തെ ബാധിക്കുന്ന തരത്തിൽ അത്തരം വിളകളിൽ ഒരിക്കലും ജനിതകമാറ്റം അനുവദിച്ചുകൂടാ.

* ഗ്രാമീണ തൊഴിൽ വ്യവസ്ഥയെ ബാധിക്കുന്ന തരത്തിൽ ബയോടെക്നോളജി വികസിപ്പിച്ചുകൂടാ.

* നമ്മുടെ നാട്ടിൽ പരിണമിച്ചുണ്ടായ വിളകളിൽ ജനിതകമാറ്റം അനുവദിച്ചുകൂടാ. ഉദാ: നെല്ല്. രാജ്യത്തിന്റെ ജൈവ സുരക്ഷ, കാർഷിക വ്യവസ്ഥയുടെ പാരിസ്ഥിതികവും സാമ്പത്തികവുമായ നിലനിൽപ്പ്, ഉപഭോക്താക്കളുടെ ആരോഗ്യ സുരക്ഷ, കർഷക കുടുംബങ്ങളുടെ ക്ഷേമം എന്നിവ ഉറപ്പാക്കണം.

2008-ൽ സയൻസ് ആൻഡ് ടെക്നോളജി മന്ത്രാലയം നാഷണൽ ബയോടെക്നോളജി റഗുലേറ്ററി അ ►



ഫോട്ടോ: മധുരാജ്

തോറിറ്റി ബില്ലിന് രൂപം നൽകി പൊതു ചർച്ചയ്ക്ക് വെച്ചു. ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന സംഗതികളെക്കുറിച്ചും ഇത് തയ്യാറാക്കിയ രീതിയെക്കുറിച്ചും അന്നുതന്നെ ശക്തമായ വിമർശനങ്ങളും എതിർപ്പുകളുമുണ്ടായി. അന്നുണ്ടായ പ്രധാന വിമർശം ജനിതകമാറ്റ സാങ്കേതികവിദ്യയെ പ്രോത്സാഹിപ്പിക്കുന്നവർ തന്നെ അതിനെ നിയന്ത്രിക്കുന്ന ഏജൻസിയായി മാറുന്നു എന്നാണ്. ഇത് ഏജൻസിയുടെ സ്വതന്ത്രസ്വഭാവം ഇല്ലാതാക്കും എന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടു. ഈ ബില്ല് തള്ളിക്കളയണമെന്ന ആവശ്യവും ബലപ്പെട്ടു.

2009-ൽ വീണ്ടും മറ്റൊരു ബില്ല് ഇവർ എഴുതിയുണ്ടാക്കി. എന്നാലിതൊരു രഹസ്യ ഡോക്യുമെൻറായി ഏറെ കാലമിരുന്നു. 2010-ൽ എങ്ങനെയോ പുറത്തായി. നേരത്തെ പറഞ്ഞ വിമർശങ്ങളൊന്നും തന്നെ ഈ പുതിയ ബില്ല് കണക്കിലെടുത്തില്ലെന്നു മാത്രമല്ല കുറേക്കൂടി ജനാധിപത്യവിരുദ്ധമായിരുന്നു ഇതിലെ ഉള്ളടക്കം. ഇതിനെതിരെയും ശക്തമായ പ്രതിഷേധം വിവിധ ഭാഗത്തുനിന്നുണ്ടായി. ഇതിൽ പറഞ്ഞിരുന്ന ഒരു പ്രധാന കാര്യം (സെക്ഷൻ 63) ജനിതക മാറ്റ സാങ്കേതികവിദ്യയെ വിമർശിക്കുന്ന ശാസ്ത്രജ്ഞരല്ലാത്ത ഏതൊരാളെയും ജയിലിലിടാനും ശിക്ഷിക്കാനും നിയമംമൂലം കഴിയും എന്നതാണ്. ഈ ബില്ലാണ് ബയോടെക്നോളജി റഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ ബിൽ. ജി.എം. വിത്തുകൾ കച്ചവടം ചെയ്യുന്നവരെ സഹായിക്കുന്ന ബില്ലാണിതെന്ന് പൊതുവിൽ അഭിപ്രായം ഉയർന്നു കഴിഞ്ഞു.

1998-ൽ തന്നെ ബി.ടി. പരുത്തിയുടെ 'രഹസ്യ പരീക്ഷണ'ങ്ങളെക്കുറിച്ച് ശക്തമായ എതിർപ്പ് കർണാടക-ആന്ധ്രപ്രദേശ് സംസ്ഥാനങ്ങൾ പ്രകടിപ്പിച്ചിരുന്നു. ബി.ടി. വഴുതിനങ്ങയ്ക്ക് അനുമതി കൊടുക്കരുതെന്നും പറഞ്ഞ് 13-ഓളം സംസ്ഥാനങ്ങൾ രംഗത്തുവന്നിരുന്നു. സംസ്ഥാനങ്ങളുടെ ഈ നടപടികളെ അടിച്ചമർത്തുന്ന വ്യവസ്ഥകളാണ് ബില്ലിൽ ചേർത്തിരിക്കുന്നത്.

2011, ആഗസ്റ്റ് 17-ന് ലോക്സഭയിൽ വെക്കുന്ന ബില്ലുകളുടെ കൂട്ടത്തിൽ ബ്രായി ബില്ലും ഉണ്ടായിരുന്നു. എന്നാൽ പല കാരണങ്ങളാൽ ഇത് പാർലമെൻറിൽ ചർച്ചയ്ക്ക് വന്നില്ല. ഈ ബില്ല് പൊതുജനങ്ങൾക്കിന്ന് ലഭ്യമാണ്.

## ഈ ബില്ല് എന്തുകൊണ്ട് വിമർശിക്കപ്പെടുന്നു

1. ഈ ബില്ല് പാർലമെൻറിൽ അവതരിപ്പിക്കുന്നത് സയൻസ് ആൻഡ് ടെക്നോളജി വകുപ്പാണ്. ഈ ബില്ല് നിയമമാകുന്നതിൻെറ പ്രധാന ആവശ്യം തന്നെ ആധുനിക ജൈവ സാങ്കേതിക വിദ്യ നടപ്പാക്കുന്ന ഘട്ടത്തിൽ ജനങ്ങൾക്കും പ്രകൃതിക്കും ജൈവസുരക്ഷ ഉറപ്പാക്കുക എന്നതാണ്. ഈ സാങ്കേതികവിദ്യ സുരക്ഷിതമായ ഒന്നാണെന്ന് ഇന്നുവരെയും തെളിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ഈ സാങ്കേതികവിദ്യയെ പ്രോത്സാഹിപ്പിക്കുന്ന ഒരു വകുപ്പിനെ തന്നെ നിയന്ത്രണങ്ങൾക്കുള്ള ചുമതല നൽകിയാൽ എങ്ങനെ ഇത് വിശ്വസിക്കാനാവും? നമുക്കുവേണ്ടത് ജൈവ സുരക്ഷയാണ്. അതിനാലിത് പരിസ്ഥിതി മന്ത്രാലയത്തിൻെറ ചുമതലയിൽ തന്നെയായിരിക്കണം വരേണ്ടത്. അവരാണ് ഈ ബില്ല് അവതരിപ്പിക്കേണ്ടത്.

2. നേരത്തെ സൂചിപ്പിച്ചതുപോലെ സംസ്ഥാന സർക്കാറുകൾക്ക് കാർഷിക-ആരോഗ്യ സംരക്ഷണത്തിൽ ഭരണഘടനാപരമായി തന്നെയുള്ള പരമാധികാരത്തെ ഈ ബില്ല് നിഷേധിക്കുന്നു. ഇത് അംഗീകരിക്കാൻ കഴിയാത്തൊരു കാര്യമാണ്. ഇത് ജനാധിപത്യവിരുദ്ധമായ നടപടിയാണ്. സംസ്ഥാന സർക്കാറുകൾക്ക് ഒരു ഉപദേശക റോൾ മാത്രമേ ഈ ബില്ല് വ്യവസ്ഥ ചെയ്യിട്ടുള്ളൂ. വാസ്തവത്തിൽ ജി.എം. വിളകളുടെ കാര്യത്തിൽ തീരുമാനമെടുക്കാൻ തങ്ങൾക്ക് കൂടുതൽ അധികാരം വേണമെന്ന നിലപാടിലാണ് വിവിധ സംസ്ഥാന സർക്കാറുകൾ നിൽക്കുന്നത്.

ഈ ബില്ലിലെ സെക്ഷൻ 87-ൽ പറയുന്നതും അപകടം പിടിച്ചൊരു കാര്യമാണ്. ബ്രായി നിയമം വരുന്നതോടെ സംസ്ഥാനങ്ങളിൽ നിലവി

ലുള്ള ജൈവസുരക്ഷയുമായി ബന്ധപ്പെട്ട നയങ്ങളും നിയമങ്ങളും അസാധുവാകും എന്നതാണത്. സംസ്ഥാനങ്ങൾക്ക് ജൈവസുരക്ഷയുടെ മേൽ യാതൊരു നിയന്ത്രണവും ഇല്ലാതാകും എന്നർഥം.

3. പ്രൊഫ. സ്വാമിനാഥൻ കമ്മിറ്റി പറഞ്ഞിരുന്നത് ജി.എം. വിളകൾക്ക് അനുമതി നൽകും മുൻപ് മറ്റ് സാങ്കേതിക വിദ്യകളും കാർഷിക രീതികളുമായി താരതമ്യം ചെയ്തതിനുശേഷം ഇവയൊന്നും തന്നെ മതിയാകില്ല എന്ന് ബോധ്യപ്പെട്ടാൽ മാത്രമേ പരിഗണിക്കാവൂ എന്നാണ്. ഇതിന് ദീർഘകാലം പഠനങ്ങൾ ആവശ്യമാണ്. ഇത്തരം അവലോകനങ്ങൾക്കൊന്നും ബ്രായി ബില്ല് പ്രാധാന്യം കൊടുക്കുന്നില്ല. ചില യൂറോപ്യൻ രാജ്യങ്ങളിലെ നിയമങ്ങൾ ജനിതക മാറ്റത്തിന്റെ ധാർമികതയെ വരെ അവലോകനം ചെയ്യാൻ ആവശ്യപ്പെടുമ്പോഴാണ് ഇത്രയും ശുഷ്കമായ വ്യവസ്ഥ ഇന്ത്യയിൽ കൊണ്ടുവരാനായി ശ്രമിക്കുന്നത്.

4. പൊതുജനങ്ങൾക്ക് ഇടപെടാനും അഭിപ്രായം പറയാനുമുള്ള യാതൊരു വ്യവസ്ഥയും ഈ ബില്ലിൽ ഇല്ല. ബില്ലിലെ സെക്ഷൻ 27 പ്രകാരം ജനങ്ങളുടെ അഭിപ്രായം സ്വീകരിക്കും എന്നുമാത്രം പറയുന്നു. ജൈവസാങ്കേതിക വിദ്യയെ അന്താരാഷ്ട്രതലത്തിൽ നിയന്ത്രിക്കുന്ന കാർട്ടാജീന പ്രോട്ടോകോൾ (ആർട്ടിക്കിൾ 23.2) പറയുന്നത് സർക്കാർ ജനങ്ങളുമായി ചർച്ച ചെയ്യുവേണം ജി.എം. വിളകളുടെ കാര്യത്തിൽ തീരുമാനമെടുക്കാൻ എന്നാണ്. ഇന്ത്യ ഈ ഉടമ്പടിയിൽ ഒപ്പിട്ട ഒരു രാജ്യമായിട്ടുകൂടി ഇത് പാലിക്കാൻ തയ്യാറാവുന്നില്ല എന്ന് ഈ ബില്ല് സൂചിപ്പിക്കുന്നു.

5. ബില്ലിൽ സുതാര്യതയ്ക്ക് വേണ്ട യാതൊരു വ്യവസ്ഥയുമില്ല. ജി.എം. വിളകളെക്കുറിച്ചുള്ള പഠനങ്ങൾ ജനങ്ങൾക്ക് നൽകാനോ, സ്വതന്ത്രമായി വിലയിരുത്തലുകൾ പ്രോത്സാഹിപ്പിക്കാനോ ഉള്ള ഒരു സമീപനവും ഈ ബില്ലിൽ പറയുന്നില്ല. മറിച്ച് സെക്ഷൻ 28 പറയുന്നത് ജി.എം. വിളകളെ സംബന്ധിച്ച ചില വിവരങ്ങൾ കോൺഫിഡൻഷ്യലായി സൂക്ഷിക്കണമെന്നാണ്. അതോറിറ്റിയുടെ താത്പര്യമനുസരിച്ചാവും ഈ വിവരങ്ങൾ പുറത്തുവിടുകയോ വിടാതിരിക്കുകയോ ചെയ്യുക. ബി.ടി. വഴുതനങ്ങയെക്കുറിച്ച് മഹികോ നൽകിയ വിവരങ്ങൾ സ്വതന്ത്ര ശാസ്ത്രീയ പഠനങ്ങൾക്ക് വിധേയമാക്കിയപ്പോൾ മാത്രമാണ് യഥാർഥ ചിത്രം പുറത്തുവന്നതെന്നോർക്കുക. വിവരങ്ങൾ പുറത്തുവിടുകയില്ലെങ്കിൽ ജനങ്ങൾക്ക് എങ്ങനെ അഭിപ്രായം പറയാൻ കഴിയും?

മറ്റൊന്ന് ബില്ലിലെ സെക്ഷൻ 9 (2) പറയുന്നത് റഗുലേറ്ററി അതോറിറ്റിയിലെ വിദഗ്ധർ ജി.എം. വിളകളെ സംബന്ധിച്ച രഹസ്യം സൂക്ഷിക്കുമെന്ന് പ്രതിജ്ഞയെടുക്കണമെന്നാണ്. നമ്മുടെ ജൈവ സുരക്ഷയെ സംബന്ധിച്ച കാര്യങ്ങളിൽ എന്താണിത്ര രഹസ്യം? ജനങ്ങളിൽ നിന്നെന്താണിവർക്ക് മറച്ചുവെക്കാനുള്ളത്? കൂടുതൽ സുതാര്യമായ ഭരണസംവിധാനം ജനങ്ങൾക്ക് പ്രദാനം ചെയ്യും എന്ന് ഒരു ഭാഗത്ത് പറയുമ്പോൾ തന്നെ മറുഭാഗത്ത് ഇത്തരമൊരു ബില്ല് മുമ്പോട്ടുവെക്കുന്നതിന്റെ സാധ്യത എന്താണ്?

ജി.എം. വിളകളെ സംബന്ധിച്ച വിവരങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിക്കു പുറത്തുകൊണ്ടുവരണമെന്നാണ് ബില്ലിലെ മറ്റൊരു നിർദേശം.

6. മൂന്നുപേരടങ്ങുന്ന ഒരു വിദഗ്ധ സമിതിയാണ് അതോറിറ്റിയെ നിയന്ത്രിക്കുക എന്നാണ് ബില്ല് പറയുന്നത്. രണ്ട് താത്കാലിക അംഗങ്ങളെയും അതോറിറ്റിക്ക് എടുക്കാം. സാങ്കേതിക കാര്യങ്ങൾ മാത്രം നോക്കി ജി.എം. വിളകളെക്കുറിച്ച് തീരുമാനമെടുക്കുന്ന ഒരു കമ്മിറ്റിയായിരിക്കും ഇത്.

18 പേരടങ്ങുന്ന ഒരു ഇൻറർമിനിസ്റ്റീരിയൽ ഗവേണിങ് ബോഡിയെക്കുറിച്ച് ബില്ല് സൂചിപ്പിക്കുന്നുണ്ടെങ്കിലും അവരുടെ റോളെന്താണെന്ന് കൃത്യമായി പറഞ്ഞിട്ടില്ല. വിവിധ വകുപ്പുകളെ തമ്മിൽ ഏകോപിപ്പിക്കുക എന്നു മാത്രമേ ബില്ലിൽ പറയുന്നുള്ളൂ.

സെക്ഷൻ 16-ൽ 16 പേരടങ്ങുന്ന ഒരു ബയോ-ടെക്. അഡ്വൈസറി കൗൺസിലിനെക്കുറിച്ച് പറയുന്നുണ്ട്. ഇവർക്കുള്ള റോൾ വെറും ഉപദേശകരുടെതാണ്. അതോറിറ്റിയുടെ ചെയർമാൻ തന്നെയാണ് ഇതിന്റെയും പ്രിസൈഡിങ് ഓഫീസർ! കൗൺസിലിന്റെ കൺവീനറെ നിർദേശിക്കുന്നതും അതോറിറ്റിയുടെ ചെയർ ആണ്. പ്രൈവറ്റ് സെക്ടറിൽ നിന്നുള്ളവർക്കും ഇതിൽ അംഗങ്ങളാകാം. ഇവരുടെ തെറ്റായ താത്പര്യങ്ങളെ ഒഴിവാക്കാനുള്ള നിർദേശങ്ങളൊന്നും തന്നെ ബില്ലിൽ പറഞ്ഞിട്ടില്ല.

7. ഏഴു പേരടങ്ങുന്ന ഒരു പരിസ്ഥിതി അപ്രൈസൽ പാനലിനെക്കുറിച്ച് ബില്ലിലെ സെക്ഷൻ 26 പറയുന്നു. പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കാനിടയുള്ള ജനിതകമാറ്റം വരുത്തിയ ജീവികൾക്കോ ഉത്പന്നങ്ങൾക്കോ അനുമതി കൊടുക്കേണ്ടിവരുന്ന ഘട്ടത്തിൽ ഇവരുടെ അഭിപ്രായം തേടാൻ മാത്രമേ ബില്ല് പറയുന്നുള്ളൂ.

സെക്ഷൻ 26 (4) ഇതിലും വിചിത്രമായ കാര്യമാണ് പറയുന്നത്. പരിസ്ഥിതി അപ്രൈസൽ പാനലിന് വ്യത്യസ്തമായ അഭിപ്രായമാണുള്ളതെങ്കിൽ അതോറിറ്റിക്ക് ഇതിനെ സ്വീകരിക്കാതിരിക്കാം എന്നാണത്. യാതൊരു പല്ലും നഖവുമില്ലാത്ത ഒരു പാനലായി ഇത് അവസാനിക്കുമെന്ന് ചുരുക്കം.

8. അതോറിറ്റിയിൽ മൂന്നു പേരാണ് നിർദേശിക്കപ്പെട്ടിരിക്കുന്നതെങ്കിലും ഏതെങ്കിലും തീരുമാനമെടുക്കുന്ന സമയത്ത് അതോറിറ്റിയിൽ വേക്കൻസി വന്നു എന്നതുകൊണ്ട് എടുത്ത തീരുമാനം അസാധുമാകുന്നില്ല എന്ന് സെക്ഷൻ 13 പറയുന്നു. ജി.എം. വിളകൾ പോലെ ഇത്രയും പ്രധാനപ്പെട്ട ഒരു കാര്യത്തെപ്പറ്റി എടുക്കുന്ന തീരുമാനത്തെക്കുറിച്ചാണ് ഇത്ര ലാഘവത്തോടെ ബില്ലിൽ പ്രതിപാദിച്ചിരിക്കുന്നത്.

വിവിധ കമ്മിറ്റികൾ അതോറിറ്റിയെ ഉപദേശിക്കുവാനുണ്ടെങ്കിലും ശാസ്ത്രജ്ഞർ അടങ്ങിയ ഒരു റിസ്ക് അസസ്മെൻറ് യൂണിറ്റിന്റെ നിർദേശങ്ങൾ അനുസരിച്ചായിരിക്കും ▶

**തുറന്ന വയലിൽ ജി.എം. വിള പരീക്ഷണം നടത്തുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള ജനിതക മലിനീകരണത്തെപ്പറ്റി ഒന്നും ബില്ലിൽ പറയുന്നില്ല. ചുരുക്കത്തിൽ ജൈവസുരക്ഷ അപകടത്തിലാകാതിരിക്കാനുള്ള ഒരു നടപടിയും നിയമത്തിലുണ്ടാകില്ല.**

അതോറിറ്റി തീരുമാനങ്ങളെടുക്കുക. ഈ ശാസ്ത്രജ്ഞരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളെ പറ്റി യാതൊന്നും ബില്ല് പരാമർശിക്കുന്നില്ല.

9. തുറന്ന വയലിൽ ജി.എം. വിളകളുടെ പരീക്ഷണം നടത്തുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള ജനിതക മലിനീകരണത്തെ അഡ്രസ്സ് ചെയ്യാൻ പറ്റിയ ഒന്നുംതന്നെ ബില്ലിൽ പറയുന്നില്ല. ചുരുക്കത്തിൽ പറഞ്ഞാൽ ജൈവസുരക്ഷ അപകടത്തിലാകാതിരിക്കാനുള്ള ഒരു നടപടിയും നിയമത്തിലുണ്ടാകില്ല.

10. വിത്തുകമ്പനികൾ നിയമപ്രകാരം തിരഞ്ഞെടുക്കാത്ത ലാബുകളിൽ നടത്തിയ പഠനങ്ങൾക്കുവരെ സാധുത നൽകുന്ന വിധമാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. പ്രൈവറ്റ് ലാബുകൾക്ക് ഇതിൽ പങ്കാളികളാകാം. എന്നാൽ പൊതുതാത്പര്യത്തിനനുസരിച്ച് സ്വതന്ത്ര പഠനം നടത്താനുള്ള ഒരു സംവിധാനത്തെക്കുറിച്ച് ബില്ല് ഒന്നും പറയുന്നില്ല (പ്രസിദ്ധ ജനിതക ശാസ്ത്രജ്ഞനായ ഡോ. പുഷ്പ ഭാർഗവ പറഞ്ഞത് ഇത്തരമൊരു ശക്തമായ സംവിധാനം രാജ്യത്തുണ്ടായതിനുശേഷമേ ജി.എം. വിളകളെക്കുറിച്ച് ചിന്തിക്കാൻ പോലും പാടുള്ളൂ എന്നാണ്.

11. ജി.എം. വിളകളുടെ അപകടത്തെക്കുറിച്ച് അവലോകനം ചെയ്യാനോ കൃഷിയാരംഭിച്ചതിനുശേഷം റിവ്യൂ ചെയ്യാനോ ഒന്നുമുള്ള വഴികൾ ഈ ബില്ലിൽ പറയുന്നില്ല. ജി.എം. വിളകൾക്ക് അനുമതി നൽകാനുള്ള ഒരു ക്ലിയറിങ് ഹൗസായി മാത്രം ബ്രായി ബില്ലിനെ കാണുന്നതാണൊരു ദൗർഭാഗ്യം. അനുമതി ലഭിച്ച വിളകളിലേതെങ്കിലും പരിസ്ഥിതിയെയോ മനുഷ്യനെയോ അപകടപ്പെടുത്തുന്നതായി കണ്ടെത്തിയാൽപോലും അതിന്റെ അനുമതി നിഷേധിക്കാനുള്ള സംവിധാനങ്ങളെക്കുറിച്ചൊന്നും ബില്ലിൽ വ്യക്തമാക്കുന്നില്ല.

12. സ്വകാര്യ താത്പര്യങ്ങൾ ഒഴിവാക്കാനുള്ള ചില കാര്യങ്ങൾ ബില്ലിൽ പറയുന്നുണ്ടെങ്കിലും ഇത് വ്യക്തവും പൂർണവുമല്ല. വിത്തുകമ്പനികളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ആളുകൾതന്നെ നിയന്ത്രണ അതോറിറ്റിയിൽ കയറിപ്പറ്റാനോ തീരുമാനങ്ങളെ സ്വാധീനിക്കാനോ ശ്രമിക്കുന്നത് ജി.എം. വിളകളുടെ ആസ്ഥാനമായ അമേരിക്കയിൽ സാധാരണമാണ്. അഴിമതിയിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന നമ്മുടെ നാട്ടിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കണമെങ്കിൽ ശക്തമായ നിയമംതന്നെ വേണ്ടിവരും. ഇപ്പോഴത്തെ ബില്ലിൽ ഇതിനുള്ള സാധ്യതയില്ല.

13. ബില്ലിൽ പറഞ്ഞിരിക്കുന്ന ശിക്ഷാനടപടികളും വളരെ ദുർബലമാണ്. വിത്തുകമ്പനികളുടെ ഉത്തരവാദിത്വത്തെപ്പറ്റി ബില്ല് മിണ്ടുന്നതുപോലുമില്ല. മലിനീകരിക്കുന്നവന്റെ ഉത്തരവാദിത്വം ഇന്ന് ആഗോളതലത്തിൽതന്നെ അംഗീകരിച്ച കാര്യമാണ്. ജി.എം. വിളകളെ സംബന്ധിച്ച ഏതൊരു നിയമത്തിന്റെയും കാതലായിരിക്കണം ഇത്. മാത്രവുമല്ല, കർഷകർക്കോ ഉപഭോക്താക്കൾക്കോ ഉണ്ടാകുന്ന നഷ്ടം നികത്താനുള്ള ഉത്തരവാദിത്വവും വിത്തുകമ്പനികൾക്കുണ്ടാവണം. ബില്ലിലെ 67, 68, 69 സെക്ഷനുകൾ എന്നാൽ തിരിച്ച് വിത്തുകമ്പനികളെയും ശാസ്ത്രജ്ഞരെയും രക്ഷിക്കാൻ വേണ്ടിയുള്ളതാണ്. അവരുടെ അറിവോടെയല്ലാതെ സംഭവിക്കുന്ന ഒരു പ്രശ്നത്തിനും അവർ ശിക്ഷിക്കപ്പെടില്ല എന്നതാണത്. ഇത് എങ്ങനെയാണ് തെളിയിക്കുക?

മാത്രവുമല്ല, ബില്ലിൽ പറഞ്ഞതനുസരിച്ച് ഇത്തരം പരാതികൾ സാധാരണ കോടതിയിൽ അല്ല, ഇതിന് പ്രത്യേകമായുള്ള അപ്പലറ്റ് ട്രിബ്യൂണലിലാണ് ഫയൽ ചെയ്യേണ്ടിവരിക. ഒരു സാധാരണക്കാരന് നിയമവ്യവസ്ഥ അപ്രാപ്യമാക്കാനല്ലേ ഇത് ഉപകരിക്കൂ? വമ്പൻ കമ്പനികളോടെങ്ങനെയാണവർ ഏറ്റുമുട്ടുക?

> **നിയമപ്രകാരം തിരഞ്ഞെടുക്കാത്ത ലാബുകളിൽ നടത്തിയ പഠനങ്ങൾക്കുവരെ സാധുത നൽകുന്ന വിധമാണ് ബില്ലിലെ വ്യവസ്ഥ. എന്നാൽ പൊതുതാത്പര്യത്തിനനുസരിച്ച് സ്വതന്ത്ര പഠനം നടത്താനുള്ള ഒരു സംവിധാനത്തെക്കുറിച്ച് ബില്ല് ഒന്നും പറയുന്നില്ല.**

സെക്ഷൻ 63 പറയുന്നതും വളരെ ചെറിയൊരു ശിക്ഷാനടപടിയെക്കുറിച്ചാണ്. നിയമവിരുദ്ധമായി ആരെങ്കിലും ജി.എം. വിളകൾ പരീക്ഷണം നടത്തുന്നതായി ശ്രദ്ധയിൽ പെട്ടാൽ അത് ചെയ്യയാൾക്ക് 6 മാസത്തെ തടവും പിഴയുമാണ് ഇതിൽ പറഞ്ഞിരിക്കുന്നതുപ്രകാരം ലഭിക്കുക. വീണ്ടും ഇതാവർത്തിച്ചാൽ കുറച്ചുകൂടി നീണ്ട തടവും പിഴയും നൽകാം. എന്നാൽ ഇത്തരം കമ്പനികളെ നിരോധിക്കാനുള്ള ഒരു വ്യവസ്ഥയും ബില്ലിൽ ഇല്ല. ഇത്തരം നിയമവിരുദ്ധ നടപടികൾ നമ്മുടെ രാജ്യത്ത് എത്രയോ തവണ നമ്മൾ കണ്ടുകഴിഞ്ഞു. എന്നിട്ടും ബില്ല് ഇതിനെ ഗൗരവമായി എടുത്തിട്ടില്ല. ജൈവസുരക്ഷയ്ക്ക് യാതൊരു പ്രാധാന്യവും ബില്ല് നൽകുന്നില്ല എന്നതിനൊരു ഉദാഹരണം കൂടിയാണിത്.

14. അതോറിറ്റിയെടുത്ത ഒരു തീരുമാനത്തിനുമേൽ ഒരു പൊതുതാത്പര്യ ഹർജി കൊടുക്കണമെങ്കിൽ സിവിൽ കോർട്ടിൽ പോകാൻ കഴിയില്ലെന്നും ഉള്ള പരാതി നേരിട്ട് ഹൈക്കോടതിയിലോ അതിനുമുകളിലോ ഉള്ള കോടതിയിൽ കൊടുക്കണമെന്നുമാണ് ബില്ല് പറയുന്നത്. പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സാധാരണ ജനങ്ങൾ എപ്പോഴും സിവിൽ കോർട്ടിനെയാണ് ആശ്രയിക്കുക എന്നിരിക്കെ ജി.എം. വിഷയത്തിൽ സാധാരണ ജനങ്ങൾക്ക് നിയമസഹായം കിട്ടില്ലെന്ന് വ്യക്തം.

മാത്രവുമല്ല, അതോറിറ്റി എടുത്ത തീരുമാനത്തെ ഒരു കോടതിക്കും ചോദ്യം ചെയ്യാൻ കഴിയില്ലെന്നും സെക്ഷൻ 77 പറയുന്നു. ജുഡീഷ്യറിക്കും മുകളിലാണ് അതോറിറ്റി എന്നർഥം. അപ്പലേറ്റ് ട്രിബ്യൂണലിന് അമിതാധികാരം നൽകുംവിധമാണ് ബില്ല് തയ്യാറാക്കിയിരിക്കുന്നത്. സെക്ഷൻ 57 (1)ൽ പറയുന്നത് അപ്പലേറ്റ് ട്രിബ്യൂണൽ 1908-ലെ കോഡ് ഓഫ് സിവിൽ പ്രൊസിഡ്യുർ പാലിക്കേണ്ടതില്ല എന്നാണ്. ട്രിബ്യൂണലിനു സ്വയം നിയന്ത്രണാധികാരങ്ങൾ ഉണ്ടാകും എന്നും ഇതിൽ പറഞ്ഞിരിക്കുന്നു. ഇന്ത്യൻ എവിഡൻസ് ആക്ട് 1872-ഉം ട്രിബ്യൂണലിനു ബാധകമല്ല.

ജനങ്ങളുടെ അവകാശങ്ങളെ ഹനിക്കുന്നതാണ് ഇവയോരോന്നും.

15. ജൈവവൈവിധ്യ നിയമം പോലുള്ള സുപ്രധാന നിയമങ്ങളെ മറികടക്കാൻ ബ്രായി നിയമത്തിന് കഴിയുമെന്നതും അപകടകരമായ ഒരു സ്ഥിതിവിശേഷമാണ് സൃഷ്ടിക്കുക (സെക്ഷൻ 81).

16. ജനിതക മാറ്റം വരുത്തിയ ഉത്പന്നങ്ങളുടെ ഇറക്കുമതി, ലേബലിങ് തുടങ്ങിയ കാര്യങ്ങളെപ്പറ്റി ബില്ല് തീർത്തും മൗനം പാലിക്കുന്നു.

## ദേശീയ ജൈവസുരക്ഷാ അതോറിറ്റി

ബ്രായി ബില്ലിൽ നേരത്തെപറഞ്ഞ സുപ്രധാന പ്രശ്നങ്ങൾ നിലനിൽക്കുന്നു. ഈ രീതിയിൽ ഇത്രയും പ്രധാനപ്പെട്ട ഒരു വിഷയത്തിന്മേലുള്ള ബില്ല് പാർലമെന്റിൽ അവതരിപ്പിക്കാൻപോലും യോഗ്യമല്ല. മാത്രവുമല്ല, ജൈവവൈവിധ്യ സമ്പുഷ്ടമായ ഇന്ത്യയെപ്പോലൊരു രാജ്യത്ത് വേണ്ടത് ഒരു ജൈവസുരക്ഷാ അതോറിറ്റിയാണ്. ഈ അതോറിറ്റിയുടെ അടിസ്ഥാന പ്രമാണം തന്നെ ജനിതക മാറ്റം വരുത്തിയ വിളകളിൽ നിന്ന് ജൈവവൈവിധ്യത്തെ സംരക്ഷിക്കുക എന്നതായിരിക്കണം. ജി.എം. വിളകൾ അനിവാര്യമോ എന്ന അന്വേഷണം തന്നെ ഈ അതോറിറ്റി തുടങ്ങണം. ഇത്തരം സാങ്കേതിക വിദ്യകളുടെ ധാർമികതയെയും സാമൂഹിക നീതിയെയും പറ്റിയും ഈ നിയമം ഉൾക്കൊള്ളണം.■



**Article by S Usha in Mathrubhoomi weekly**

# ഭക്ഷണവും സ്വാതന്ത്ര്യവും



**എസ് ഉഷ**
തണൽ
തിരുവനന്തപുരം
ഫോൺ: 9447022775

**നമ്മുടെ കുട്ടികൾ ഫാസ്റ്റ് ഫുഡിന് അടിപ്പെട്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ ജീവിതത്തിന് വേഗത കൂടുമ്പോൾ ഭക്ഷണം പാചകം ചെയ്യൽ അപ്രിയവും സമയം കളയലും ആകുമ്പോൾ, ഐ.ടി ശമ്പളം മുതൽ തൊഴിലുറപ്പ് പദ്ധതിയിലൂടെവരെ ലഭിക്കുന്ന വരുമാനം കുർകുറെയ്ക്കും ലെയ്സിനും കൊക്കക്കോളക്കും പാക്കേജുകളിൽ പൊതിഞ്ഞ ഭക്ഷണ സാധനങ്ങൾക്കും വേണ്ടി ചിലവിടുമ്പോൾ നമുക്ക് ലഭിക്കുന്നത് ആരോഗ്യമല്ല മറിച്ച് ജീവിതാന്ത്യം വരെ നമ്മെ വേട്ടയാടുന്ന രോഗങ്ങളാണ്.**

ഭക്ഷണം എല്ലാ ജീവികളുടെയും അടിസ്ഥാന ആവശ്യവും അവകാശവുമാണ്. സ്വയം ഭക്ഷണം നിർമ്മിക്കാൻ കഴിവുള്ള ഹരിത സസ്യങ്ങളെ ആശ്രയിച്ചാണ് മനുഷ്യന്റെയും മറ്റു മൃഗങ്ങളുടെയും നിലനിൽപ്പ് തന്നെ. മനുഷ്യൻ എല്ലാകാലവും സസ്യങ്ങളെ ആരാധിച്ചുപോന്നത് ഇക്കാര്യം കൊണ്ടായിരിക്കാം. സസ്യങ്ങളുടെ നേരെ വെല്ലുവിളിക്കാൻ മനുഷ്യസമൂഹങ്ങൾ അതിനാൽ തുനിഞ്ഞിട്ടില്ല. മനുഷ്യർ ഒരിടത്ത് സ്ഥിരമായി താമസിക്കാനും കൃഷി ചെയ്യാനും ആരംഭിച്ചതു മുതൽ സസ്യങ്ങളുമായുള്ള ബന്ധം കുറേക്കൂടി ശക്തമായി എന്നു വേണം പറയാൻ. കാരണം താൽക്കാലികാവശ്യത്തിനല്ലാതെ കൂടുതൽ ഭക്ഷണം ഉൽപാദിപ്പിക്കാനും അവ കേടുകൂടാതെ സൂക്ഷിച്ച് വയ്ക്കാനും തുടങ്ങിയത് കൃഷിയുടെ ആരംഭത്തോടെയാണ്. മനുഷ്യകുലത്തിന്റെ ഒരുപാട് അറിവുകൾക്ക് തുടക്കമിട്ടത് ഇവിടെയാണ്. മണ്ണും വിത്തും ഭക്ഷണവും തമ്മിലുള്ള പാരസ്പര്യത്തിന്റെ രഹസ്യങ്ങൾ മനുഷ്യന് തുറന്നു കിട്ടിയത് അപ്പോഴാണ്. ഈ അറിവുകൾ കൂട്ടിവയ്ക്കാനും കുട്ടികൾക്ക് പറഞ്ഞു കൊടുക്കാനും തുടങ്ങിയപ്പോഴാണ് പരീക്ഷണങ്ങളും ആരംഭിക്കുന്നത്. കാട്ടുജാതികളിൽ നിന്ന് ഉരുത്തിരിച്ചെടുത്ത പുതിയ വിത്തുകൾ മനുഷ്യന് ജീവിക്കാനുള്ള പുതിയ സാദ്ധ്യതകൾ, ഭക്ഷ്യ സ്വയം പര്യാപ്തതയിലേക്കുള്ള ചില വഴികൾ സമ്മാനിച്ചു. ഈ സുരക്ഷിതത്വത്തിന്റെ നിറവിലിരുന്നാണ് മനുഷ്യൻ ഒട്ടേറെ സ്വപ്നങ്ങൾ നെയ്തത്. കലയും പാട്ടുകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും വളർത്തിയെടുത്തത്. അങ്ങിനെ പ്രകൃതിയുടെ താളത്തിനുസൃതമായി വളർത്തിയെടുത്ത വിത്തുകളും ഭക്ഷണവും എല്ലാം മനുഷ്യന്റെ വികാസത്തിന് ശക്തമായൊരു അടിത്തറ നല്കി. വിത്തിന്റെ വൈവിധ്യം, ഭക്ഷണത്തിന്റെ വൈവിധ്യം, ഉല്പാദന രീതികളുടെ വൈവിധ്യം ഇവ കുറച്ചു സ്ഥലത്ത് കൂടുതലാളുകൾക്ക് ജീവിയ്ക്കാനുള്ള അവസരം നൽകി.

ഇത്തരത്തിൽ നൂറ്റാണ്ടുകൾ കൊണ്ട് വികസിപ്പിച്ചെടുത്തതാണ് നമ്മുടെ കാർഷിക സംസ്ക്കാരവും ഭക്ഷണ സംസ്ക്കാരവും. ഇക്കാര്യത്തിൽ ഇന്ത്യയെപ്പോലെ വൈവിധ്യമാർന്ന മറ്റൊരു പ്രദേശം ലോകത്തില്ല. നമ്മുടെ കാർഷിക-ഭക്ഷണ-ആരോഗ്യ ശീലങ്ങളിലും ഈ വൈവിധ്യം കാണാൻ കഴിയും. ഭക്ഷണം എന്നത് മണവുമായും ഓർമ്മകളുമായും ബന്ധപ്പെട്ട ഒരു കാര്യം കൂടിയാണ്. അതുകൊണ്ട് തന്നെ ഭക്ഷണത്തെ കുറിച്ചുള്ള ഓരാളുടെ വികാര-വിചാരങ്ങൾ ജീവിതാന്ത്യം വരെ പിൻതുടരുന്നു.

ഭക്ഷണത്തെക്കുറിച്ചുള്ള സങ്കല്പങ്ങളിൽ, ബോധത്തിൽ ഒട്ടേറെ മാറ്റങ്ങൾ വന്നു കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. അതിലൊരു പ്രധാനമാറ്റം നമ്മുടെ ഗ്രാമങ്ങളിൽവരെ ഉയരുന്ന ഫാസ്റ്റ് ഫുഡ് എന്ന ബോർഡുകളാണ്. എന്താണ് ഫാസ്റ്റ്ഫുഡ്? നമുക്കിനിയും കൃത്യമായി മനസ്സിലാകാത്ത കാര്യമാണിത്.

അമേരിക്കയെ 'ഫാസ്റ്റ്ഫുഡ് നേഷൻ' എന്നാണ് വിളിച്ചിരുന്നത്. മറ്റു വികസിത രാജ്യങ്ങളുടെ സ്ഥിതിയും വ്യത്യസ്തമല്ല. ഭക്ഷ്യസുരക്ഷയെന്ന സങ്കല്പത്തെ ഭക്ഷണ കമ്പനികൾ എങ്ങിനെ തങ്ങളുടെ ലാഭത്തിന് പറ്റിയ ഉപകരണമാക്കി മാറ്റി എന്നത് നമ്മൾ മനസ്സി



ലാക്കേണ്ടത് അമേരിക്കയിൽ നിന്നു തന്നെയാണ്.

ഏകദേശം ഒരു നൂറ്റാണ്ട് മുൻപ് വരെ അമേരിക്കയിലെ ജനങ്ങളുടെ ഭക്ഷണരീതി തികച്ചും വ്യത്യസ്ഥമായിരുന്നു. ഇന്ന് അവിടെ പ്രചാരത്തിലുള്ള പിസയും ബർഗറും സോസും ഒന്നുമല്ല അന്ന് അമേരിക്കക്കാർ കഴിച്ചിരുന്നത്. ബേക്കറികൾപോലും വളരെ വിരളമായിരുന്നു അവിടെ. കൃഷിയും ഗ്രാമീണ ചന്തകളും വീടുകളിൽ ഭക്ഷണമുണ്ടാക്കലും സർവ്വസാധാരണമായിരുന്നു. എന്നാൽ വ്യവസായവൽക്കരണത്തിലൂടെ പുരോഗതി എന്നു നിശ്ചയിച്ച അമേരിക്കൻ ഭരണകൂടം പതുക്കെപതുക്കെ കൃഷിയിൽ നിന്ന് കർഷകരെ പുറത്താക്കി. അക്കാലത്തുണ്ടായിരുന്ന ചെറിയ ചില ബേക്കറികളിൽ നിന്നാണ് മക്ഡൊണാൾഡ്സ്, കെന്റകി ഫ്രൈഡ് ചിക്കൻ, തുടങ്ങിയ ബ്രാൻഡുകൾ ഉണ്ടാവുന്നത്. ആ വളർച്ചയിൽ അവർ ശിഷ്ടസമൂഹത്തെയും ഡോക്ർമാരെയും പരസ്യകമ്പനികളെയും എല്ലാം കൂട്ടുപിടിച്ച് ജനമനസുകളിൽ അവരുടെ ഭക്ഷണത്തിന് സ്ഥാനം കണ്ടെത്തി.

ഇന്ന് അമേരിക്കയിൽ 1 ശതമാനം ആളുകളേ കൃഷി ചെയ്യുന്നുള്ളൂ. അതിൽ ഭൂരിപക്ഷവും വലിയ കുത്തക കാർഷിക കമ്പനികളാണ്. ഭക്ഷ്യോൽപാദനം ഒരു വ്യാവസായിക പ്രക്രിയയാണവിടെ. വ്യവസായത്തിന്റെ എല്ലാ സൂക്ഷ്മതയോടെയും കാര്യക്ഷമതയോടെയും എല്ലാ സർക്കാർ ആനുകൂല്യങ്ങളോടെയുമാണവിടെ ഇന്ന് ഭക്ഷണം വിളയിക്കുന്നത്. ചോളവും, സോസയും, കനോലയും പിന്നെ പരുത്തിയുമാണ് വ്യാപകമായി കൃഷി ചെയ്യുന്ന പ്രധാനവിളകൾ. 4000 ത്തിലധികം ഇനം ആപ്പിൾ വിളഞ്ഞിരുന്ന കാലിഫോർണിയ സംസ്ഥാനത്താണ് സിലിക്കോൺവാലി വികസിച്ചത്. പഴങ്ങളും പച്ചക്കറികളുമെല്ലാം ഇന്ന് അവർക്ക് മറ്റു രാജ്യങ്ങളിൽ നിന്നു വരണം.

അമേരിക്കയിലെ മുഴുവൻ ഭക്ഷ്യശൃംഖലയും വ്യവസായവൽക്കരിക്കപ്പെട്ടിരിക്കുകയാണ്. വിത്തുണ്ടാക്കുന്നത് വിത്തു കമ്പനികളാണ്. (അമേരിക്കയിലെ വിത്ത് നിയമം വിത്ത് സൂക്ഷിക്കുന്നതിൽ നിന്നും കൈമാറ്റം ചെയ്യുന്നതിൽ നിന്നും കാർഷകരെ വിലക്കുന്നു) ട്രാക്ടറും ഇതര മെഷിനറികളുമാണ് നിലമൊരുക്കുന്നതും മറ്റു കാർഷിക പണികൾ ചെയ്യുന്നതും. കൃഷിക്കാവശ്യമായ മുഴുവൻ വളങ്ങളും കീടനാശിനികളും കമ്പനികൾ നിർമ്മിക്കുന്നു. ഇവ കൃഷിയിടങ്ങളിൽ തളിക്കുന്നത് വലിയ മെഷിനുകൾ ഉപയോഗിച്ചാണ്. കൊയ്ത്തും പൂർണ്ണമായും മെഷിനുകളാണ് നടത്തുന്നത്. ഏറ്റവും കുറച്ച് മനുഷ്യർക്ക് തൊഴിൽ കൊടുത്തുകൊണ്ട് ഏറ്റവും കാര്യക്ഷമമായി ഉൽപാദനം നടത്തുന്ന വ്യാവസായിക രീതിയാണിത്. ഈ മോഡലാണ് ഇന്ത്യയിലും വരേണ്ടതെന്ന് ശഠിക്കുന്ന സാമ്പത്തിക വിദഗ്ദർ നമ്മുടെ നാട്ടിലുമുണ്ട്.

കൊയ്ത്ത് കഴിഞ്ഞാൽ മറ്റൊരു വിഭാഗം കമ്പനികൾ (കാർഗിൽ പോലുള്ള കമ്പനികൾ) സംഭരണം നടത്തുന്നു. സംഭരിച്ച ധാന്യങ്ങളും മറ്റും ഇവർ ഭക്ഷ്യ സംസ്ക്കരണ കമ്പനികൾക്ക് വിൽക്കുന്നു. അവർ വ്യത്യസ്ത ചേരുവകൾ (രാസവസ്തുക്കൾ - കൂടുതൽ കാലം ഇരിക്കാനും, നിറത്തിനും മണത്തിനും രിചുക്കുമെല്ലാം) ചേർത്ത് മൂല്യവർധിത ഉൽപന്നങ്ങൾ ഉണ്ടാക്കി പാക്കേജിംഗ് ബ്രാന്റിംഗ് കമ്പനികൾക്ക് വിൽക്കുന്നു. അവർ വ്യത്യസ്തതരം പാക്കേജിംഗിലൂടെ ഭക്ഷണത്തിന്റെ മൂല്യം( വില) ഒന്നുകൂടി ഉയർത്തുന്നു. ഒടുവിൽ വാൾമാർട്ട് പോലുള്ള സൂപ്പർമാർക്കറ്റുകളിൽ ഇവയെത്തുന്നു. ഭക്ഷണത്തിന്റെ എല്ലാ സ്വാഭാവികതയും ഗുണവും ഇതോടെ ഇല്ലാതായിട്ടുണ്ടാകും. ഈ കുറവ് പരിഹരിക്കാൻ ഫുഡ്സപ്ലിമെന്റ് സ് വിൽക്കുന്ന കമ്പനികളും രംഗത്തുണ്ട്. സാധാരണക്കാർ (സർക്കാറുദ്യോഗസ്ഥർ തുടങ്ങി ഫാക്ടറി തൊഴിലാളികൾ വരെ) തങ്ങളുടെ വേഗത കൂടിയ ജീവിത സന്ധാരണത്തിനിടയിൽ ഇത്തരം മാർക്കറ്റുകളിൽ പോയി അങ്ങേയറ്റം സംസ്ക്കരിച്ച പാക്കേജ്ഡ് ഭക്ഷണം വാങ്ങി കഴിക്കുന്നു. കുട്ടികൾക്കും ഇതുതന്നെ നൽകുന്നു. ഇതാണവിടുത്തെ വില കുറഞ്ഞ ഭക്ഷണം. പുതിയ അസംസ്കൃത ഫലങ്ങൾ ലഭിയ്ക്കണമെങ്കിൽ അവർക്ക് കൂടുതൽ വില നൽകണം. ഓർഗാനിക് ആണെങ്കിൽ പറയുകയും വേണ്ട. സമൂഹത്തിന്റെ ഉന്നതങ്ങളിലിരിക്കുന്നവർക്ക് മാത്രമേ ഇത് വാങ്ങാൻ കഴിയൂ.







**നമ്മുടെ കുട്ടികളുടെ ഓർമ്മകളിൽ കർഷകരും മണ്ണും ഗ്രാമീണ ചന്തകളും അടുക്കളയും ഒന്നുമില്ലാതാകുകയാണ്**

ഭക്ഷണത്തെ കുറിച്ച് അമേരിക്കക്കാർക്കിന്ന് പേടിയും അവിശ്വാസവുമാണ്. ജനിതകമാറ്റം വരുത്തിയ ഭക്ഷണം വ്യാപകമായതിനെ തുടർന്ന് ഈ പേടി ഇരട്ടിച്ചിരിക്കുകയാണ്. കാരണം അവർക്കിന്ന് ഭക്ഷണം രോഗത്തിനുള്ള ഇന്ധനമായി മാറിയിരിക്കുകയാണ്. ഭക്ഷണമാണ് ഔഷധമെന്ന നമ്മുടെ ആരോഗ്യ തത്വങ്ങളിൽ നിന്ന് എത്ര വിഭിന്നമാണീ അവസ്ഥ? അമേരിക്കയിലെ ഉപഭോക്തൃ സംഘടനകൾ ഇന്ന് ശക്തമായി ഭക്ഷണ കമ്പനികൾക്കെതിരെ ആഞ്ഞടിക്കുകയാണ്. അവരെത്തിപ്പെട്ടിരിക്കുന്ന 'ഭക്ഷണക്കെണി'യെക്കുറിച്ച് അവർക്കിന്ന് കൃത്യമായറിയാം. ആധുനിക തലമുറക്ക് അവരുടെ പരമ്പരാഗത ഭക്ഷണത്തിന്റെ ഓർമ്മപോലുമില്ല. എങ്കിലും അവർ ഇപ്പോൾ പറയുന്നത് "അമ്മൂമ്മമാർ കണ്ടാൽ തിരിച്ചറിയാത്ത ഭക്ഷണം ഭക്ഷണമല്ല" എന്നാണ്. അമിതവണ്ണവും കാൻസറും പ്രത്യുൽപാദന തകരാറുകളും ഡയബറ്റീസും ഹോർമോൺ തകരാറുകളും കൊണ്ട് കഷ്ടപ്പെടുകയാണ് യുവ തലമുറ.

നമ്മളും ഒട്ടും പുറകിലല്ല. അവർ 100 വർഷംകൊണ്ട് നേടിയ രോഗങ്ങൾ 20 -25 വർഷം കൊണ്ട് നമ്മൾ ആർജ്ജിക്കുകയാണ്. നമ്മുടെ കുട്ടികൾ നേരത്തെ പറഞ്ഞ വിധത്തിലുള്ള ഫാസ്റ്റ് ഫുഡിന് അടിപ്പെട്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ ജീവിതത്തിന് വേഗത കൂടുമ്പോൾ, നമ്മൾ വികസിക്കുമ്പോൾ, ഭക്ഷണം പാചകം ചെയ്യൽ അപ്രിയവും സമയം കളയലും ആകുമ്പോൾ, ഐ.ടി ശമ്പളം മുതൽ തൊഴിലുറപ്പ് പദ്ധതിയിലൂടെവരെ ലഭിക്കുന്ന വരുമാനം 'കുർകുറെ'ക്കും 'ലെയ്സി'നും കൊക്കക്കോളക്കും സൂപ്പർ മാർക്കറ്റുകളിലിരുന്ന് നമ്മളെ ആകർഷിക്കുന്ന വിവിധതരം നിറങ്ങളും മണവുമുള്ള ഭംഗിയുള്ള പാക്കേജുകളിൽ പൊതിഞ്ഞ ഭക്ഷണ സാധനങ്ങൾക്കും വേണ്ടി ചിലവിടുമ്പോൾ നമുക്ക് ലഭിക്കുന്നത് ആരോഗ്യമല്ല മറിച്ച് ജീവിതാന്ത്യം വരെ നമ്മെ വേട്ടയാടുന്ന രോഗങ്ങളാണ്. നമ്മുടെ കുട്ടികളുടെ ഓർമ്മകളിൽ കർഷകരും മണ്ണും ഗ്രാമീണ ചന്തകളും അടുക്കളയും ഒന്നുമില്ലാതാകുകയാണ്.

അരിയും ഗോതമ്പുമാണ് രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷയുടെ അടിസ്ഥാനം എന്ന് തീരുമാനിച്ചപ്പോൾ തൊട്ട് ഭക്ഷണത്തെ കുറിച്ചുള്ള നമ്മുടെ രാജ്യത്തെ ആസൂത്രകരുടെ ധാരണകൾ മാറിപ്പോയി. എങ്ങിനെയെങ്കിലും എല്ലാ ജനങ്ങൾക്കും അരിയും ഗോതമ്പും എത്തിക്കുക, പ്രത്യേകിച്ചും പാവപ്പെട്ടവർക്ക് വർഷം മുഴുവൻ റേഷൻ കടകളിലൂടെ ഇവ നൽകുക എന്നത് രാജ്യത്തെ കാർഷിക രീതികളെ തന്നെ മാറ്റിമറിച്ചു. ഹരിത വിപ്ലവം ആഞ്ഞടിച്ച പ്രദേശങ്ങളിൽ പരമ്പരാഗത വിളകളും പരമ്പരാഗത വിത്തുകളും ഭക്ഷണ രീതികളും തന്നെ മാറിമറഞ്ഞു. റേഷൻ കടകളിലൂടെ അരിയും ഗോതമ്പും മാത്രം വിതരണം ചെയ്തപ്പോൾ റാഗിയും ചോളവും തിനയും ചാമയും എല്ലാം അന്യം നിൽക്കാൻ തുടങ്ങി. ഇത് കഴിയ്ക്കാതായപ്പോൾ പാവപ്പെട്ട ഗ്രാമീണ ജനങ്ങളുടെ ആരോഗ്യവും തകരാറിലായി. കഴിഞ്ഞ 10 വർഷങ്ങളായി ഇത് ഒട്ടേറെ ചർച്ചകൾക്കും പഠനങ്ങൾക്കും വിധേയമായിട്ടുണ്ട്. അതുകൊണ്ടാണ് ദേശീയതലത്തിൽ ഇപ്പോൾ ചർച്ച ചെയ്യുന്ന ഭക്ഷ്യസുരക്ഷാ ബില്ലിൽ ഈ ധാന്യങ്ങളും ഉൾപ്പെടുത്തണമെന്നും പ്രാദേശികമായിത്തന്നെ ഈ ധാന്യങ്ങൾ സംഭരിക്കുകയും റേഷൻ കടകളിലൂടെ അതാതു പ്രദേശങ്ങളിൽ വിതരണം ചെയ്യണമെന്നും വിവിധ സംഘടനകളും കാർഷിക ഭക്ഷ്യ വിദഗ്ദരും ആവശ്യപ്പെടുന്നത്. ഇത് രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷയെ കൂടുതൽ ശക്തമാക്കുമെന്നും, പരിസ്ഥിതിയെ നശിപ്പിക്കാതെ കൃഷി നിലനിർത്താൻ സഹായിക്കുമെന്നും ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുമെന്നും ഈ സംഘടനകൾ പറയുന്നു.

കീടനാശിനിയും മറ്റു രാസവസ്തുക്കളും മലിനപ്പെടുത്താത്ത, നമ്മുടെ നാട്ടിലെ മണ്ണിൽ വിളയുന്ന സുരക്ഷിതമായ ഭക്ഷണം അമ്മൂമ്മമാരുടെയും അമ്മമാരുടെയും കൈകളുടെ ഊഷ്മളതയും പേറി നമ്മുടെ കുഞ്ഞുങ്ങൾക്ക് നൽകാൻ കഴിയുമ്പോഴാണ് യഥാർത്ഥ ഭക്ഷ്യസുരക്ഷ ഇവിടെ ഉണ്ടാകുക. മറ്റു സംസ്ഥാനങ്ങളെക്കാൾ കേരളത്തിലെ ജനങ്ങൾക്ക് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധയും താൽപര്യവും ആത്മാർത്ഥതയും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇവിടുത്തെ ജൈവവൈവിധ്യത്തിന്റെ മൂല്യം തിരിച്ചറിയാനും അത് കുട്ടികൾക്ക് പകർന്നു കൊടുക്കാനും ഇനിയും നമ്മൾ വൈകിക്കൂടാ. കുന്നുകളിടിച്ചും പാടങ്ങളും ജലാശയങ്ങളും നികത്തിയും ചളി ചവിട്ടാതിരിക്കാൻ പറമ്പുകളിൽ സിമന്റിട്ടും ആഡംബരക്കാറുകൾ വാങ്ങിക്കൂട്ടിയും ഇന്ന് പോകുന്ന പോക്ക് ഒട്ടും തന്നെ നമ്മുടെ സംസ്ക്കാരത്തിനോ ധാർമ്മികതക്കോ നിലനിൽപിനോ യോജിക്കുന്നതല്ല. നമ്മുടെ ഭക്ഷണത്തിന്റെ ആരോഗ്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും മേലാണ് ഈ ആഡംബര നൃത്തങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇവ നമ്മൾ തിരിച്ചറിയുക തന്നെ വേണം.





**Article by S Usha in Punarjani Magazine about Food and Freedom**

നിലപാട്

സുസ്ഥിരമായ ഒരു കാർഷിക വ്യവസ്ഥ ഉണ്ടാക്കുന്നതിനും കർഷകക്ഷേമത്തിനും ഭക്ഷ്യസുരക്ഷക്കും രാജ്യത്തിന്റെ പരമാധികാരത്തിനും വേണ്ടിയുള്ള മുന്നേറ്റമാണ് ജി.എം ഭക്ഷ്യവിളകൾക്കെതിരെയുള്ള മുന്നേറ്റങ്ങൾ

**ജി.എം. ഭക്ഷണം വേണ്ടേ വേണ്ട**

# ഭക്ഷ്യസുരക്ഷക്കായുള്ള കാർഷിക മുന്നേറ്റങ്ങൾ

എസ്. ഉഷ

ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച് ലോകരാഷ്ട്രങ്ങൾ ഇന്ന് കടുത്ത പ്രതിസന്ധിയിലാണ്. സ്വതന്ത്ര വ്യാപാരത്തിനും ഉദാരവത്കരണനയങ്ങൾക്കും പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് '90കളിൽ ഓരോരോ രാജ്യങ്ങളായി അന്താരാഷ്ട്ര കരാറുകളിൽ എർപ്പെട്ടു തുടങ്ങിയപ്പോൾ തന്നെ ഒട്ടുവളരെ ആളുകൾ ഇത് പ്രവചിച്ചിരുന്നതാണ്. ഒരു വശത്ത് അളവില്ലാതെ, നിയന്ത്രണമില്ലാതെ ധനം കുമിഞ്ഞുകൂടുമെന്നും മറുവശത്ത് ദരിദ്രർ കൂടുതൽ ദരിദ്രരാകുമെന്നും പ്രകൃതി വിഭവങ്ങൾ അമിതമായ ചൂഷണത്തിന് വിധേയമാകുമെന്നും പ്രകൃതി വിഭവങ്ങൾ ധാരാളമുള്ള വികസ്വര അവികസിത നാളുകളെയായിരിക്കും ഇത് കൂടുതൽ ബാധിക്കുക എന്നും ഈ നാടുകളിലെ സർക്കാരുകൾക്ക് ഇത് വലിയ തലവേദന സൃഷ്ടിക്കും എന്നും അന്നവർ പറഞ്ഞു. വെറും 15 വർഷംകൊണ്ടുതന്നെ 'ഈ സ്വതന്ത്ര-വികസന-ഏകലോക സിദ്ധാന്തം മനുഷ്യനെ ഉന്മൂലനാശത്തിന്റെ വക്കത്തെത്തിച്ചിരിക്കുന്നു. ഇനി ഇതിൽനിന്നു കരകയറുക അത്ര എളുപ്പമല്ല. കാരണം പ്രശ്നങ്ങളെ സങ്കീർണ്ണമാക്കുകയും ജനങ്ങളുടെയിടയിൽ വിഭാഗീയത വർദ്ധിപ്പിക്കുകയും മൂല്യങ്ങൾക്ക് പ്രസക്തിയില്ലെന്ന് ഊട്ടിയുറപ്പിക്കുകയും ചെയ്തതാണ് ഈ വികസന മാതൃക ചെയ്ത ഏറ്റവും വലിയ തന്ത്രം. അതുകൊണ്ട് സർക്കാരുകളുടെ ശക്തി ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. ജനാധിപത്യ പ്രക്രിയകൾക്ക് മങ്ങലേറ്റുകൊണ്ടിരിക്കുന്നു.

ഈ സാഹചര്യങ്ങൾ ശക്തമായും ദുരന്തപൂർണ്ണമായും ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്ന ഒരു രാജ്യമാണ് നമ്മുടേത്. സാമ്പത്തിക ദാരിദ്ര്യം ഒരു യാഥാർത്ഥ്യമാണെങ്കിൽ കൂടിയും പ്രകൃതി കനിഞ്ഞരുളിയ രാജ്യമെന്ന നിലയിൽ, കോടിക്കണക്കിനു ജനങ്ങൾക്ക് പൊതുവായി പ്രകൃതി വിഭവങ്ങളെ സ്വതന്ത്രമായി ഉപയോഗിച്ച് ഒരു ജീവിതം കെട്ടിപ്പടുക്കാൻ കഴിഞ്ഞിരുന്നു. വിപണി 'സ്വതന്ത്ര'മായ '90'കൾ മുതൽ കുടിവെള്ളത്തിനു വരെ വില നൽകേണ്ടി വരുന്ന അവസ്ഥയാണിന്നുള്ളത്.

കച്ചവടത്തിൽ ഏർപ്പെട്ടില്ലെങ്കിൽ നിലനിൽക്കാൻ കഴിയില്ലെന്ന ഒരു അവസ്ഥ ഇവിടെ രൂപപ്പെടുത്തിക്കൊണ്ടുവരികയാണ്. നൈസർഗ്ഗിക പ്രകൃതിക്കു പോലും നിലനിൽക്കണമെങ്കിൽ, വിലയിടേണ്ടി വരുന്ന അവസ്ഥ. ഇതുപോലെയാണ് കർഷകരുടേയും ആദിവാസികളുടേയും അവസ്ഥ.

കഴിഞ്ഞ ദശകത്തിൽ ഉയർന്നുവന്ന വലിയൊരു ചർച്ച വികസ്വരരാജ്യങ്ങളിലെ കർഷകരുടെ കാര്യക്ഷമതയെക്കുറിച്ചും അവർക്ക് നൽകി വരുന്ന സബ്സിഡിയെ കുറിച്ചുമായിരുന്നു. നമ്മുടെ നാട്ടിലെ കർഷകർ കാര്യക്ഷമമല്ലെന്നും നിരക്ഷരരായതുകൊണ്ട് ആധുനിക സാങ്കേതിക വിദ്യകളിലൂടെ കൂടുതൽ ഉൽപാദിപ്പിക്കാൻ അവർക്ക് കഴിയില്ലെന്നുമുള്ള ഒരു വാദഗതി ഇതിന്റെ ഭാഗമായി പൊങ്ങിവന്നു. ഇതിനെതിരെ ശക്തമായൊരു പ്രചാരണം ഇന്ത്യയിൽ വളർന്നിട്ടുണ്ട്. ഇന്ത്യയിലെ ചെറുകിട-നാമമാത്ര കർഷകരുടെയത്ര കഴിവ് വികസിത രാജ്യങ്ങളിലെ സമ്പന്ന കർഷകർക്കില്ലെന്നും ആ രാജ്യങ്ങൾ നൽകുന്ന സബ്സിഡിയില്ലെങ്കിൽ ഈ സമ്പന്ന കർഷകരുടെ വലുപ്പം ചീട്ടുകൊട്ടാരംപോലെ തകർന്നു പോകുമെന്നും ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധർ ചൂണ്ടിക്കാട്ടി.

പ്രക്ഷുബ്ധമാണ് കാർഷിക മേഖല. കർഷക ആത്മഹത്യകൾ, താങ്ങാൻ കഴിയാത്ത കൃഷിച്ചിലവ്, കൂടിവരുന്ന കടബാദ്ധ്യത, ഉൽപന്നങ്ങളുടെ വിലയിടിവ്, കുടിയിറക്കു ഭീഷണികൾ, നിരാശ, ജോലി തേടി ഗ്രാമ



ങ്ങളിൽ നിന്നുള്ള യുവാക്കളുടെ പലായനം.... ഇവയ്ക്കെല്ലാം പുറമേ ബി.ടിയെന്ന സാങ്കേതിക വിദ്യയുടെ കടന്നുവരവ്. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ സങ്കീർണ്ണമാക്കി ബി.ടി. പരുത്തിക്ക് അനുമതി കൊടുത്ത 2002 മുതൽ കർഷക ആത്മഹത്യകൾ വർദ്ധിച്ചു. എന്നാൽ ബി.ടി. പരുത്തി വിത്ത് വില്ക്കുന്ന കമ്പനികൾ കോടിക്കണക്കിന് രൂപയുടെ ലാഭമുണ്ടാക്കി. ഈ സാങ്കേതിക വിദ്യയെ മറ്റു വിളകളിലേക്ക് കൂട്ടിച്ചേർക്കാനും അതിലൂടെ കൂടുതൽ ലാഭമുണ്ടാക്കാനും മഹീന്ദ്രാ പോലുള്ള കമ്പനികൾ ശ്രമങ്ങളാരംഭിച്ചപ്പോഴാണ് രാജ്യവ്യാപകമായി വലിയൊരു മുന്നേറ്റം ഉണ്ടായത്. കർഷകർ മാത്രമല്ല, കാർഷിക വിദഗ്ധരും പരിസ്ഥിതി സ്നേഹികളും ആരോഗ്യ പ്രവർത്തകരും വിദ്യാർത്ഥികളും സന്നദ്ധ സംഘടനകളും ആത്മീയ നേതാക്കളും സിനിമാ പ്രവർത്തകരും ഒടുവിൽ പത്തോളം സംസ്ഥാന സർക്കാരുകളും ഈ മുന്നേറ്റത്തിൽ പങ്കാളികളായി. ഈ മുന്നേറ്റം (ജി.എം. രഹിത ഇന്ത്യക്കു വേണ്ടിയുള്ള കൂട്ടായ്മ) ബി.ടി. പരുത്തിക്കോ ബി.ടി വഴുതനങ്ങക്കോ എതിരേയുള്ള ഒരു മുന്നേറ്റം മാത്രമല്ല, നിലനിൽക്കുന്ന ഒരു കാർഷിക വ്യവസ്ഥ ഉണ്ടാക്കുന്നതിനും കർഷകക്ഷേമത്തിനും ഭക്ഷ്യസുരക്ഷക്കും രാജ്യത്തിന്റെ പരമാധികാരത്തിനും വേണ്ടിയുള്ള മുന്നേറ്റമായിരുന്നു ഇത്. ഈ മുന്നേറ്റത്തെ തള്ളിക്കളയാൻ എന്തായാലും കേന്ദ്രസർക്കാരിനായില്ല. മേൽപറഞ്ഞ കാര്യങ്ങൾക്കെല്ലാം ഭീഷണി ഉയർത്തി നിൽക്കുന്ന ഒരു സാങ്കേതിക വിദ്യയാണ് ബി.ടി. പരുത്തിയെന്നും വിത്ത് കമ്പനികൾ ഉണ്ടാക്കുന്ന പുതിയ വിത്തുകൾ (ബി.ടി. വഴുതനങ്ങ, ബി.ടി. നെല്ല്, ബി.ടി. തക്കാളി തുടങ്ങിയവ) വിത്തിന്റെ മേൽ കർഷകനും സർക്കാരുകൾക്കും അവകാശമില്ലാതാക്കുമെന്നും നാടിന്റെ ജൈവസമ്പത്തിനെ തന്നെ അത് തകർക്കുമെന്നുമുള്ള കാര്യം ഈ കൂട്ടായ്മ പുറത്തു കൊണ്ടുവന്നു.

ബി.ടി. വഴുതനങ്ങക്ക് അനുമതി കിട്ടിയെന്നറിഞ്ഞതോടെ പുതിയൊരു ബില്ല് തന്നെ കേന്ദ്രസർക്കാരിലെ ജൈവസാങ്കേതികവിദ്യ വകുപ്പ് മുന്നോട്ട് വച്ചു. ബയോടെക്നോളജി റെഗുലേറ്ററി അതോറിറ്റി ബിൽ എന്ന, ഒരു സ്വതന്ത്രരാഷ്ട്രത്തിൽ ചിന്തിക്കാൻ പോലും കഴിയാത്ത തരത്തിലുള്ള ഒരു ബിൽ. രാജ്യത്തോട് കുറച്ചെങ്കിലും സ്നേഹമുള്ള ജനാധിപത്യത്തെ മാനിക്കുന്ന ഒരാൾക്കും ഇത്തരമൊരു ബില്ല് എഴുതാൻ കഴിയില്ല. മൂന്ന് സാങ്കേതിക വിദഗ്ധന്മാർ തീരുമാനിക്കുന്ന, വിത്തിനെക്കുറിച്ചും ഭക്ഷണത്തെ കുറിച്ചുമുള്ള കാര്യങ്ങൾ ചോദ്യം ചെയ്യാൻ വ്യക്തിക്കോ സംസ്ഥാന സർക്കാരുകൾക്കോ കഴിയാത്ത വിധത്തിലാണ് ഇതിലെ നിയമാവലി. കോടതിക്ക് വരെ ഈ തീരുമാനങ്ങളെ മാറ്റാൻ കഴിയില്ല. ഇത് വലിയ ഒച്ചപ്പാടുണ്ടാക്കിയ 20ഓളം സംസ്ഥാനങ്ങളിൽ നിന്ന് ഇതിനെതിരെ ശക്തമായ പ്രതികരണമുണ്ടായി. 2004ൽ കേന്ദ്രസർക്കാർ മുൻപോട്ട് വച്ച വിത്ത് ബില്ലിനേക്കാൾ ഭീകരമായിരുന്നു ഈ ബിൽ.

ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട ഒരുപാട് ബില്ലുകൾ പാർലമെന്റിന്റെ അനുമതി കാത്ത് നിൽക്കുകയാണ്. മാറ്റങ്ങളോടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന വിത്ത് ബില്ല്, ഭക്ഷ്യസുരക്ഷാബില്ല്, ബയോടെക്നോളജി റെഗുലേറ്ററി അതോറിറ്റി ബിൽ, കീടനാശിനി ബിൽ (പഴയ കീടനാശിനി നിയമത്തെ പുതുക്കിയത്), ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ബിൽ എന്നിവയാണിവ. ഇവയെല്ലാം തന്നെ വൻകിടകമ്പനികളെ സഹായിക്കാൻ പോന്നവയാണ്. കർഷകർക്കും ഉപഭോക്താക്കൾക്കും പരിമിതമായ ചില ആനുകൂല്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും കൃഷിയെകുറിച്ചും ഭക്ഷണത്തെക്കുറിച്ചുമുള്ള നമ്മുടെ ധാരണകൾ, അതിന്റെ ചരിത്രം, സംസ്കാരം എല്ലാം തുടച്ചുകളയാൻ ഈ നിയമങ്ങൾക്കാകും. കാലാവസ്ഥാ വ്യതിയാനം - ആഗോളതാപനം ഇവയെ എങ്ങിനെ മറികടക്കുമെന്നും എല്ലാവർക്കും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന രീതിയിൽ നിലനിൽക്കുന്ന ഒരു കാർഷിക മുന്നേറ്റം വളർത്തിക്കൊണ്ടു വരുവാനായി ഒരു ദേശീയതല കൂട്ടായ്മ നാഷണൽ അലയൻസ് ഫോർ സസ്ടെയ്നബിൾ അഗ്രികൾച്ചർ-ക്ക് നാഗ്പൂരിൽവെച്ച് നടന്ന ജി.എം. രഹിത കൂട്ടായ്മ രൂപം കൊടുത്തിരിക്കുകയാണ്. നിലനിൽക്കുന്ന കാർഷിക വ്യവസ്ഥയെ കുറിച്ച് ചിന്തിക്കുന്ന ശാസ്ത്രജ്ഞരും കൃഷി വിദഗ്ധരും വരെ ഈ കൂട്ടായ്മയിൽ പങ്കാളികളായിട്ടുണ്ട്.

ബന്ധങ്ങൾക്ക്:
94470227.
തണൽ, എച്ച് -3,
ജവഹർനഗർ, കവടിയാർ, തിരുവനന്തപുരം.


## പുതിയ ഡോക്യുമെന്ററി സിനിമകൾ

**പോയ്സൺ ഓൺ ദ പ്ലാറ്റർ**
(ജി.എം. പരീക്ഷണങ്ങൾക്കെതിരെ) 33 മിനിറ്റ്
സംവിധാനം : അജയ് കാഞ്ചൻ
നിർമ്മാണം : മഹേഷ് ഭട്ട്

**ഭൂമിയ്ക്കുവേണ്ടി അവസാനത്തെ ബലി**
(ചെങ്ങറ സമരം) 37 മിനിറ്റ്
സംവിധാനം : സി. ശരത്ചന്ദ്രൻ
നിർമ്മാണം : തേഡ് ഐ

**ഡയസ്പോറ–ഗലേറിയ ഓഫ് വാണ്ടറേഴ്സ്**
(അതിരപ്പിള്ളിയിലെ ആദിവാസി കുടിയൊഴിപ്പിക്കലുകൾ) 25 മിനിറ്റ്
സംവിധാനം : അഡ്വ. ആർ.കെ. ആശ

**വി.സി.ഡി./ഡി.വി.ഡി./വി.എച്ച്.എസ്./കാസറ്റ്**
**കോപ്പികൾക്കും പ്രദർശനത്തിനും**

**കേരളീയം**
കൊക്കാലെ, തൃശൂർ-21.
ഫോൺ : 9446576943, 0487-2421385




"No GM Food" a struggle towards food security - Article by S Usha in Keraleeyam Magazine

• സംഭാഷണം

# ജീവന്റെ വഴിയിൽനിന്ന് നാശത്തിന്റെ വഴിയിലേക്ക്

എസ്. ഉഷ

തയ്യാറാക്കിയത് : സീന

**പരിസ്ഥിതി പ്രവർത്തകയും സേവ് റൈസ്, ആന്റി ജിഎം ക്യാമ്പയിനുകളുടേയും മുഖ്യപ്രവർത്തകയും തണലിന്റെ ഡയറക്ടറും കൃഷി ഓഫീസർ ജോലി ചെറുപ്പത്തിലേ രാജിവച്ച് മുഴുവൻ സമയവും പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന എസ്. ഉഷ ജനിതക വിത്തുകളുടെ പ്രത്യാഘാതങ്ങളെക്കുറിച്ചും അതിനെതിരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ചും കേരളീയത്തിനോട് സംസാരിക്കുന്നു. കഴിഞ്ഞ 20 വർഷത്തോളമായി കൃഷി, പരിസ്ഥിതി, പരിരക്ഷണ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലേർപ്പെട്ടുകൊണ്ടിരിക്കുന്ന സംഘടനയാണ് തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന തണൽ.**

ഭക്ഷണത്തിനുവേണ്ടിയും രാസവളകീടനാശിനിവിമുക്തവുമായ ആരോഗ്യകരവും സുസ്ഥിരവുമായ കൃഷിക്കിവേണ്ടിയും കൃഷിക്കാരുടേയും പരിസ്ഥിതി-സാമൂഹ്യ-പ്രവർത്തകരുടേയും മുൻകൈ 1990കളിൽ തന്നെ ശക്തമായിരുന്നു. കീടനാശിനിയിലൂടെ വിത്തുകളിലൂടെ കൃഷിയേയും അതുവഴി ഭക്ഷണത്തേയും തങ്ങളുടെ വരുതിയിലാക്കാൻ അഗ്രി-ബിസിനസ്സ് കോർപ്പറേറ്റുകൾ ശ്രമം തുടങ്ങിയിട്ട് കാലമേറെയായി. അങ്ങനെ കൃഷിക്കാരന് സ്വാശ്രയത്വമുള്ള പൂർണനിയന്ത്രണം ഉണ്ടായിരുന്ന രീതി മാറി ബഹുരാഷ്ട്രകുത്തകകളിലേക്ക് പരമാധികാരം തട്ടിയെടുക്കപ്പെടുന്ന അവസ്ഥയാണ് കാർഷികരംഗത്ത് ഇപ്പോഴുള്ളത്. ഇത് അമേരിക്കൻ മോഡൽ കാർഷിക വിദ്യാഭ്യാസ ക്രമത്തിലൂടേയും സർവ്വകലാശാല, ശാസ്ത്രജ്ഞർ, ഉദ്യോഗസ്ഥസംവിധാനത്തിലൂടേയും 1970കൾ മുതൽ കേരളത്തിലും നടന്നുവരികയാണ്. എന്തൊക്കെ പറഞ്ഞാലും ഇന്ത്യയിൽ ഇപ്പോഴും 60%ൽ അധികം കർഷകരാണ്. അതിൽ ഭൂരിഭാഗവും ചെറുകിട നാമമാത്രകർഷകരാണ്.

1990കളിൽ തടുങ്ങിയ ബയോടെക്നോളജി അന്വേഷണങ്ങൾ, ടിഷ്യുകൾച്ചറായും ക്ലോണിങ്ങായും മുന്നേറി. അതിന്റെ ഒരു അസ്വാഭാവിക തുടർച്ചയായി ജനറ്റിക് എഞ്ചിനീയറിംഗ് അപടകരമായി വളർന്നു. എല്ലാത്തിലും മോണോകൾച്ചർ (ഏകവിള) ആക്കിമാറ്റാം എന്നതിലേക്കാണ് ഈ ദിശയിലുള്ള ഗവേഷണങ്ങളുടെ പൊതുരൂപം, വൈവിധ്യമാണ്, ബാഹ്യവിളകളാണ്, സുസ്ഥിര കൃഷിയിലേക്ക് നയിക്കുന്ന നമ്മുടെ നൂറ്റാണ്ടുകളായുള്ള കാർഷിക പാരമ്പര്യത്തിന്റെ സമ്പന്നതയും മേന്മയും. ജനിതകശേഖരം ഇടുങ്ങിയതാക്കാൻ ജനിതകമാറ്റം വരുത്തിയ വിത്തിലൂടേയും കൃഷിയിലൂടേയും അഗ്രി-ഭീമന്മാർ ശ്രമം തുടരുകയാണ്. ഇത് മോൺസാന്റോകളിലൂടേയും ഇന്ത്യയിൽ മഹിക്കോയിലൂടേയും വളർന്നുകഴിഞ്ഞു. ഇതിനൊക്കെ അനുമതി കൊടുക്കുന്ന കേന്ദ്രസർക്കാർ സംവിധാനത്തിൽ കൃഷിവകുപ്പിന് വലിയ ബന്ധമില്ല എന്നുള്ളതാണ് മറ്റൊരു വിരോധാഭാസം.

കർഷകരുടെ കൈകളിൽ വിത്തുകൾ യാതൊരു നിയന്ത്രണവുമില്ലാതെ കുത്തകകളുടെ കൈകളിലേയ്ക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുമ്പോൾ സംഭവിക്കുന്നത്

*(ശേഷം 15-ാം പേജിൽ)*

(13-ാം പേജിൽനിന്നുള്ള തുടർച്ച)

ഭക്ഷണം മാരകവിഷമായി മാറുകയാണ്. 65ഓളം ആരോഗ്യത്തകരാറുകൾ എലികളിൽ നടത്തിയ പരീക്ഷണത്തിൽ ഇതിനകം തെളിഞ്ഞിട്ടുണ്ട്. കഴിഞ്ഞ 10 വർഷത്തിലധികമായി അമേരിക്കയിൽ റൗണ്ട് അപ് റെഡിസോയ (Round-up-Ready Soya) അവിടെ 80% ജി.എം സോയ ആണ്. പുറത്തുവന്ന പഠനങ്ങളിൽ അലർജിയുണ്ടാക്കുമെന്ന് തെളിഞ്ഞിട്ടുണ്ട്. അതുപോലെ ജി.എം ഉരുളക്കിഴങ്ങ് ഭക്ഷിച്ച എലികൾക്ക് കരൾ, തലച്ചോറ് തകരാറുകൾ കൂടുതലായി കണ്ടുവരുന്നു. കൂടാതെ തലച്ചോറിന്റെ വലുപ്പം കുറയുന്നതായും കണ്ടെത്തിയിട്ടുണ്ട്. നമ്മുടെ നാട്ടിലും ജി.എം സോയാ പാലും എണ്ണയും (GM Soya Milk & Oil) വന്നിട്ടുണ്ട്. അറിയാതെ നമ്മളും കഴിയ്ക്കുന്നു. അലർജി 50% കൂടിയിട്ടുണ്ട്.

Bt പരുത്തി ഗുജറാത്തിലെ കർഷകർക്ക് കൃഷി ചെയ്യാനായി നിയമവിരുദ്ധമായി നൽകി. ഈ അനധികൃതശ്രമം വഴി ജനങ്ങളുടെ ജീവനുമേൽ പരീക്ഷണം നടത്താൻ സർക്കാർ ശ്രമിക്കുകയായിരുന്നു. പിന്നീട് അനുമതിയോടെയും. എന്നാൽ ഒറീസയും കേരളവും ആ പേറ്റില്ലെന്ന് തീർത്തു പറഞ്ഞു. അതേസമയം ഒറീസ്സ, ആന്ധ്ര എന്നിവർ ഇപ്പോഴും ഇത് ചെയ്യുന്നുണ്ട്. Bt വിത്തുകൾ നിയമവിരുദ്ധമായി കടകളിൽ ലഭ്യമാണ്. Bt വഴുതിന മഹികോ (Mahyco) 2006ൽ അനുമതി ആവശ്യപ്പെട്ട് രംഗത്ത് വന്നു. 2002ൽ തന്നെ Bt പരുത്തി പഠനങ്ങൾ വന്നിട്ടുണ്ട്. കന്നുകാലികളുടെ കൂട്ടമരണമം, വിത്ത് വിലക്കയറ്റം മറ്റ് കേടുപാടുകൾ ഇവയായിരുന്നു ഫലം. ജൈവസുരക്ഷ (Bio Safety) നിയന്ത്രണം വെറും പറ്റിക്കൽ പരിപാടിയായി തുടരുന്നു. സംസ്ഥാനസർക്കാരുകളെ നിർവീര്യമാക്കികൊണ്ടിരിക്കുന്നു.

2006ൽ വാർധയിൽവെച്ച് 17 സംസ്ഥാനങ്ങളിൽ നിന്നുള്ള കൃഷി സാമൂഹ്യപ്രവർത്തകർ ഒത്തുകൂടി ജനിതക വിമുക്ത കൂട്ടായ്മക്ക് (GM Free Coalation) രൂപം കൊടുത്തു. തണലും അതിൽ പങ്കുചേർന്നു.

കൃഷിയിടത്തിൽ ജിഎം പരീക്ഷണം നിറുത്തിവെയ്ക്കണമെന്ന എതിർപ്പുകളെ തുടർന്ന് കോടതി നിരോധിച്ചെങ്കിലും വിവിധ പ്രദേശങ്ങളിലെ കാർഷിക സർവകലാശാലകളിൽ ജിഎം കൃഷി തുടരുകയാണ്. എന്നാൽ നമുക്കറിയാവുന്ന ഒരു ദുഃഖസത്യം ഇവിടങ്ങളിലൊക്കെയാണ് അപൂർവ്വവും. വൈവിധ്യമേറിയതുമായ ജനിതക ശേഖരം വിപുലമായുള്ളത്. ആ വഴുതനക്ക് ഈ വർഷം അനുമതി കൊടുക്കാൻ ശ്രമം നടക്കുന്നുണ്ട്.

**വനിതകളും കുട്ടികളും**

ഭക്ഷ്യമാണ് ഔഷധം. കൃഷി ചെയ്ത ഭക്ഷണമാണല്ലോ കഴിയ്ക്കുന്നത്. ജിഎം വിളകൾ മുഖ്യമായും എലികളിലാണ് പരീക്ഷണങ്ങൾ നടക്കുന്നത്. പ്രത്യുല്പാദനതകരാറുകളും കരളിനുണ്ടാകുന്ന രോഗങ്ങളും ക്യാൻസറുമാണ് മുഖ്യമായ ജനിതക വിളകളുടെ പ്രശ്നങ്ങൾ. ജനിതക വൈകല്യം ഉണ്ടാകുന്നതുവഴി ഭാവിതലമുറകളെക്കൂടി ജിഎം ദോഷകരമായി ബാധിക്കുന്നു. ചിലയിനം ജിഎം വിളകൾ ആന്റിബയോട്ടിക് പ്രതിരോധശേഷി ഉള്ളവയാണ്. അതിനർത്ഥം തൊട്ടടുത്ത് വിളകളിൽ അതിനെ അതിജീവിക്കുന്ന കീടങ്ങൾ, രോഗങ്ങൾ വരാമെന്നത്രേ. ഇതുകൊണ്ടൊക്കെയാണ് ഡോ. പുഷ്പ ഭാർഗവ അടുത്ത 7 വർഷത്തെ പഠനങ്ങൾക്കുശേഷമേ ഇവയെക്കുറിച്ച് നമുക്കെന്തെങ്കിലും പറയാനാവൂ എന്ന് പറഞ്ഞത്. കുട്ടികളിൽ സുവർണ്ണഅരി (Golden Rice) അമേരിക്കയിൽ നടക്കുന്ന പരീക്ഷണങ്ങളിൽ പ്രതിഷേധ സമരങ്ങളെ ക്ഷണിച്ചു വരുത്തിയിരിക്കുകയാണ്. നമ്മുടെ സ്ഥിതി പറയാറായിട്ടില്ല.



**Article by S Usha in Keraleeyam Magazine about dangerous pesticide use in Kerala and its ill effects**



# ജൈവവളങ്ങളും ജൈവകീടവിരട്ടികളും

**രാസവളങ്ങൾക്കും രാസകീടനാശിനികൾക്കും പകരം കൃഷിക്ക് ജൈവവളങ്ങളും ജൈവകീടനാശിനികളും ഉപയോഗിക്കാൻ കഴിയും. നമ്മുടെ ചുറ്റുപാടിൽ നിന്നും ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗിച്ച് നിർമ്മിക്കാൻ കഴിയുന്ന ചില ജൈവവളങ്ങളെയും ജൈവകീടനാശിനികളെയും പരിചയപ്പെടാം.**

**ദീപക് ആർ.**, തണൽ, തിരുവനന്തപുരം

## മീൻമിശ്രിതം

മീനിന്റെ അവശിഷ്ടങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുവാൻ കഴിയുന്നതാണ് മീൻമിശ്രിതം. ഇത് മണ്ണിലെ സൂക്ഷ്മജീവികളുടെ പ്രവർത്തനം കൂട്ടുന്നതിനോടൊപ്പംതന്നെ ഒരു പരിധിവരെ കീടങ്ങളെ നിയന്ത്രിക്കുകയും ചെയ്യുന്നു.

### ആവശ്യമായ സാധനങ്ങൾ

മീനിന്റെ അവശിഷ്ടം : 250 ഗ്രാം
(അഴുകിയ മീൻ, മീനിന്റെ അവശിഷ്ടം, പച്ച മീൻ)

ശർക്കരപൊടിച്ചത് : 250 ഗ്രാം

### തയ്യാറാക്കുന്ന വിധം



ഒരു പ്ലാസ്റ്റിക് പാത്രത്തിൽ 250 ഗ്രാം മീനിന്റെ അവശിഷ്ടം ചെറുതായി അരിഞ്ഞിടുക. ഇതിലേയ്ക്ക് 250 ഗ്രാം ശർക്കരപൊടി ചേർത്ത് നന്നായി ഇളക്കി വായുകടക്കാത്ത രീതിയിൽ അടച്ച് നിഴലിൽ വയ്ക്കുക. മീൻമിശ്രിതം തയ്യാറാകാൻ 15 മുതൽ 20 ദിവസം വരെ വേണ്ടിവരും. 25 ദിവസങ്ങൾക്കുശേഷം ഇതിനെ അരിച്ചെടുത്ത് ഉപയോഗിക്കാം. കുപ്പിയിൽ വായുകടക്കാത്ത രീതിയിൽ അടച്ച് സൂക്ഷിക്കണം.

### ഉപയോഗിക്കുന്ന വിധം

ഇത് പ്രധാനമായും മണ്ണിലാണ് ഒഴിക്കുന്നത്. ചെടികൾ നടുന്നതിനുമുമ്പ് മണ്ണിൽ ഒഴിച്ച് സൂര്യപ്രകാശം പതിക്കാത്ത രീതിയിൽ പുതയിടുക. ഒരു ദിവസത്തിനുശേഷം ചെടികൾ നടാവുന്നതാണ്. ഇത്തരത്തിൽ ചെയ്യുന്നതുവഴി മണ്ണിലെ സൂക്ഷ്മ ജീവികളുടെ പ്രവർത്തനം വർദ്ധിക്കുന്നു. മീൻമിശ്രിതം 33 മടങ്ങ് വെള്ളം ചേർത്ത് (300 മില്ലി ലിറ്ററിന് 10 ലിറ്റർ വെള്ളം) നേർപ്പിച്ച് ആണ് ഉപയോഗിക്കേണ്ടത്. ഇങ്ങനെ നേർപ്പിച്ച മീൻമിശ്രിതം ഏക്കറൊന്നിന് 3 ലിറ്റർ വീതം ഉപയോഗിക്കാം. മീൻമിശ്രിതം ചെടികളിൽ തളിക്കുന്നതുവഴി ചെടികളിലെ കീടരോഗ പ്രതിരോധശേഷി വർദ്ധിക്കുന്നു.

**കാലാവധി - 3 മാസം**

## മുട്ട മിശ്രിതം

ചെടികളിലെ പൂകൊഴിച്ചിൽ കുറയ്ക്കുന്നതിനും കൂടുതൽ കായ്പിടിക്കുന്നതിനും വേണ്ടി ഉപയോഗിക്കുന്ന ഒരു മരുന്നാണ് മുട്ടമിശ്രിതം.

### ആവശ്യമായ സാധനങ്ങൾ

| | | |
|---|---|---|
| നാടൻ കോഴിമുട്ട | - | 12 എണ്ണം |
| ചെറുനാരങ്ങനീര് | - | മുട്ട മുങ്ങി നിൽക്കാൻ ആവശ്യമായത് (ഏകദേശം 50 നാരങ്ങ) |
| ശർക്കര പൊടിച്ചത് | - | 300 ഗ്രാം |

V ആകൃതി വരുന്ന ഒരു പാത്രം

### നിർമ്മിക്കുന്ന രീതി



'V' ആകൃതിയിലുള്ള ഒരു പാത്രത്തിൽ 12 മുട്ട അടുക്കിവയ്ക്കുക. മുട്ട മുങ്ങി നിൽക്കത്തക്ക രീതിയിൽ ഇതിലേയ്ക്ക് നാരങ്ങനീര് ഒഴിക്കുക. ഇതിനെ വായുകയറാത്ത രീതിയിൽ അടച്ച് 10 ദിവസം നിഴലിൽ വയ്ക്കുക. 10-ാം ദിവസം മുട്ടത്തോട് മുഴുവൻ ദ്രവിച്ചിട്ടുണ്ടാവും. ഈ മിശ്രിതത്തെ കൈകൊണ്ട് നല്ലവണ്ണം ഉടച്ച് ചേർക്കുക. ഇതിനുശേഷം അതിലേയ്ക്ക് 300 ഗ്രാം ശർക്കരപൊടി ചേർത്ത് വീണ്ടും നന്നായി ഇളക്കുക. 10 ദിവസം മൂടി അടച്ച് നിഴലിൽ സൂക്ഷിക്കുക. 20-ാം ദിവസം മുട്ടമിശ്രിതം തയ്യാർ.

### ഉപയോഗിക്കുന്ന രീതി

എല്ലാത്തരം വിളകൾക്കും ഇത് ഉപയോഗിക്കാം. 150 മില്ലിലിറ്റർ മുട്ടമിശ്രിതത്തിന് 5 ലിറ്റർ വെള്ളം എന്നരീതിയിൽ ലയിപ്പിച്ച് ചെടികളിൽ തളിക്കാവുന്നതാണ്. പച്ചക്കറികൾക്ക്-ഒരു ചെടിക്ക് 100 മില്ലിലിറ്റർ മുട്ടമിശ്രിതം ലയിപ്പിച്ച ലായനി തളിച്ചുകൊടുക്കാം. ഇത് പൂക്കുന്ന സമയത്തും കായ്പിടിക്കുന്ന സമയത്തും ഉപയോഗിക്കാവുന്നതാണ്.

**കാലാവധി - 3 മാസം**

## അഞ്ചില കീടവിരട്ടി

ചെടികളെ ആക്രമിക്കുന്ന കീടങ്ങളെ നിയന്ത്രിക്കുന്നതിനുവേണ്ടി അഞ്ച് തരം ഇലകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഒരു കീടവിരട്ടി ആണ് അഞ്ചിലകീടവിരട്ടി. ആടുമാടുകൾ കഴിക്കാത്തതും കയ്പ്പുള്ളതും മണമുള്ളതും ഒടിച്ചാൽ കറയുള്ളതും (പാൽഉള്ളതും) ദുർഗന്ധമുള്ളതുമായ ചെടികളുടെ ഇലകൾ ഉപയോഗിച്ചാണ് ഇത് നിർമ്മിക്കുന്നത്.

### തയ്യാറാക്കുന്നവിധം



കയ്പ്പുള്ളതും (ആര്യവേപ്പ്, ആടലോടകം തുടങ്ങിയവ) മണമുള്ളതും (തുളസി, നൊച്ചി തുടങ്ങിയവ) പാലുള്ളതും (പാല, പപ്പായ തുടങ്ങിയവ) ദുർഗന്ധമുള്ളതുമായ (കാട്ടുകർപ്പൂരം, പെരുവലം, നാറ്റപൂച്ചെടി തുടങ്ങിയവ) 5 തരം ഇലകൾ തുല്യ അളവിൽ എടുത്ത് ഇതിനെ അരച്ചോ ചെറുതായി അരിഞ്ഞോ ഒരു പാത്രത്തിലിട്ട് ഈ ഇലകൾ മുങ്ങി നിൽക്കത്തക്ക രീതിയിൽ ഗോമൂത്രം ഒഴിച്ച് പാത്രത്തിന്റെ വായ്ഭാഗം പരുത്തി തുണി ഉപയോഗിച്ച് കെട്ടിവയ്ക്കുക. ഏഴാം ദിവസം അഞ്ചില കീടവിരട്ടി തയ്യാർ.

### ഉപയോഗിക്കുന്ന രീതി

1. അഞ്ചിലകീടവിരട്ടി പത്ത് മടങ്ങ് വെള്ളം ചേർത്ത് നേർപ്പിച്ചാണ് ഉപയോഗിക്കേണ്ടത്.
2. നെൽകൃഷിയിൽ വിതകഴിഞ്ഞ് 30 ദിവസത്തിനുശേഷം നെല്ല് പൂക്കുന്നതുവരെ 15 ദിവസം ഇടവിട്ട് നേർപ്പിച്ച അഞ്ചില കീടവിരട്ടി (ഏക്കറൊന്നിന് 30 ലിറ്റർ) തളിച്ചുകൊടുക്കാവുന്നതാണ്.
3. എല്ലാത്തരം വിളകൾക്കും നേർപ്പിച്ച അഞ്ചിലകീടവിരട്ടി ഒരാഴ്ച ഇടവിട്ട് തളിച്ചു കൊടുക്കുന്നത് കീടബാധയുണ്ടാകുന്നത് പ്രതിരോധിക്കാൻ സാധിക്കും.

**കാലാവധി - 3 മാസം**

## പഞ്ചഗവ്യം

പശുവിൽ നിന്നും ലഭിക്കുന്ന ചാണകം, ഗോമൂത്രം, പാൽ, തൈര്, നെയ്യ് തുടങ്ങിയവ പ്രത്യേക അനുപാതത്തിൽ ചേർത്ത് നിർമ്മിക്കുന്നതാണ് പഞ്ചഗവ്യം. ഇത് മണ്ണിനും ചെടിക്കും ഒരുപോലെ ഗുണകരമാണ്.

ഒരു ലിറ്റർ പഞ്ചഗവ്യം നിർമ്മിക്കുന്നതിന് ആവശ്യമായ സാധനങ്ങൾ

| | | |
|---|---|---|
| ചാണകം | - | 500 ഗ്രാം |
| നെയ്യ് | - | 100 ഗ്രാം (നെയ്യിന് പകരമായി 500 ഗ്രാം ഉഴുന്ന് കുതിർത്ത് അരച്ച് ഉപയോഗിക്കാം) |
| ഗോമൂത്രം | - | 200 മില്ലി ലിറ്റർ |
| പാൽ | - | 100 മില്ലി ലിറ്റർ |
| തൈര് | - | 100 മില്ലി ലിറ്റർ |

### നിർമ്മിക്കുന്ന രീതി



ഒരു മൺകലത്തിൽ 500 ഗ്രാം ചാണകം 100 ഗ്രാം നെയ്യ് എന്നിവ ചേർത്ത് നന്നായി കൈകൊണ്ട് ഇളക്കുക. കലത്തിന്റെ വായ്ഭാഗം കോട്ടൺ തുണി ഉപയോഗിച്ച് കെട്ടി മൺകലം തണലോ നിഴലോ ഉള്ള ഒരു സ്ഥലത്ത് നനയാതെ വയ്ക്കുക. 24 മണിക്കൂറിന് ശേഷം ഇതിലേയ്ക്ക് 200 മില്ലി ലിറ്റർ ഗോമൂത്രം ഒഴിച്ച് നന്നായി ഇളക്കി വീണ്ടും കെട്ടിവയ്ക്കുക. ഇതിനെ എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും 50 പ്രാവശ്യം വീതം വലത്തോട്ടും ഇടത്തോട്ടും കമ്പ് ഉപയോഗിച്ച് ഇളക്കുക. (പഞ്ചഗവ്യം ഉപയോഗിച്ച് തീരുന്നതുവരെ ദിവസവും ഇത്തരത്തിൽ ഇളക്കുക.) 16-ാം ദിവസം ഇതിലേയ്ക്ക് 100 മില്ലി ലിറ്റർ പാൽ, 100 മില്ലി ലിറ്റർ തൈര് എന്നിവ ചേർത്ത് നന്നായി ഇളക്കി 5 ദിവസം കൂടിവെയ്ക്കുക. 21-ാം ദിവസം പഞ്ചഗവ്യം തയ്യാർ.

### ഉപയോഗിക്കുന്നവിധം

നെല്ല്, തെങ്ങ്, വാഴ എന്നിവയ്ക്ക് പഞ്ചഗവ്യം പത്ത് മടങ്ങ് വെള്ളം ചേർത്ത് നേർപ്പിച്ചാണ് ഉപയോഗിക്കേണ്ടത്. ഇങ്ങനെ നേർപ്പിച്ച പഞ്ചഗവ്യം നെല്ലിന് ഏക്കറൊന്നിന് 30 ലിറ്ററും തെങ്ങ് ഒന്നിന് ഒരു ലിറ്ററും വാഴ ഒന്നിന് 100 മില്ലി ലിറ്റർ എന്ന തോതിലാണ് നൽകേണ്ടത്. പച്ചക്കറികൾക്കായി പഞ്ചഗവ്യം ഉപയോഗിക്കേണ്ടിവരുമ്പോൾ 20 മടങ്ങ് വെള്ളം ചേർത്ത് നേർപ്പിച്ച് ചെടി ഒന്നിന് ഒരു ലിറ്റർ എന്ന കണക്കിന് നേർപ്പിച്ച പഞ്ചഗവ്യം ചെടികളുടെ ഇലകളിൽ തളിച്ചുകൊടുക്കുകയോ ചുവട്ടിൽ ഒഴിച്ച് കൊടുക്കുകയോ ചെയ്യാം. ഇത് ചെടിയിൽ തളിക്കുന്നതു വഴി ചെടിയുടെ വളർച്ച ത്വരിതപ്പെടുന്നു. മണ്ണിൽ ഒഴിക്കുന്നതുവഴി മണ്ണിലെ സൂക്ഷ്മജീവികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നു.

**കാലാവധി - 3 മാസം**

## അമൃതപാനി

ഒരു ദിവസം (24 മണിക്കൂർ) കൊണ്ട് നിർമ്മിക്കാവുന്നതും ചെടികളുടെ വളർച്ച വേഗത്തിലാക്കുന്നതുമായ ഒരു ജൈവടോണിക്കാണ് അമൃതപാനി.

**ആവശ്യമായ സാധനങ്ങൾ**

ഒരു പശുവിൽ നിന്നുള്ള ഒരുദിവസത്തെ ചാണകവും മൂത്രവും പിന്നെ 250 ഗ്രാം ശർക്കരയും.

അല്ലെങ്കിൽ

| | | |
|---|---|---|
| പുതിയ ചാണകം | - | 10 കിലോ |
| പുതിയ ഗോമൂത്രം | - | 6 ലിറ്റർ |
| ശർക്കര | - | 250 ഗ്രാം |

### നിർമ്മിക്കുന്ന രീതി

ചാണകവും ഗോമൂത്രവും ഒരു മൺകലത്തിൽ എടുക്കുക. ഇതിലേയ്ക്ക് 250 ഗ്രാം ശർക്കരപൊടിച്ച് ചേർത്ത് നന്നായി ഇളക്കുക. മൺകലത്തിന്റെ വായ്ഭാഗം കോട്ടൺതുണി ഉപയോഗിച്ച് കെട്ടിവയ്ക്കുക. 24 മണിക്കൂറിന് ശേഷം അമൃതപാനി തയ്യാർ.

### ഉപയോഗിക്കുന്നവിധം

ഇത് എല്ലാതരം വിളകൾക്കും ഉപയോഗിക്കാൻ കഴിയും. 1 ലിറ്റർ അമൃതപാനിയിൽ 10 ലിറ്റർ വെള്ളം ചേർത്ത് ചെടികളിൽ തളിച്ച് കൊടുക്കുകയോ ചുവട്ടിൽ ഒഴിച്ച് കൊടുക്കുകയോ ചെയ്യാം.

ഒരേക്കർ നെല്ലിന് - 5 ലിറ്റർ അമൃതപാനിയിൽ 50 ലിറ്റർ വെള്ളം ചേർത്ത് ഉപയോഗിക്കാം.

പച്ചക്കറിയ്ക്ക് - 1 ലിറ്റർ അമൃതപാനി 10 ലിറ്റർ വെള്ളം ചേർത്ത് പൂക്കുന്നതിന് മുമ്പായി ഉപയോഗിക്കാം.

**കാലാവധി - 1 ആഴ്ച**

## ജീവാമൃതം

മണ്ണിന്റെ ഫലപുഷ്ടിയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനും മണ്ണിലെ ജീവാണുക്കളുടെ പ്രവർത്തനം കൂട്ടുന്നതിനും വേണ്ടി ഉപയോഗിക്കുന്നതാണ് ജീവാമൃതം.

### നിർമ്മിക്കുന്നവിധം

പത്ത് ലിറ്റർ വെള്ളത്തിൽ 750 ഗ്രാം ചാണകം, 750 മില്ലിലിറ്റർ ഗോമൂത്രം 100 ഗ്രാം ശർക്കര, 100 ഗ്രാം കടലമാവ് എന്നിവ പാത്രത്തിലിട്ട് നന്നായി ഇളക്കി ചേർക്കുക. ഇതിലേയ്ക്ക് ഒരുപിടി മേൽമണ്ണ് ഇട്ട് വീണ്ടും ഇളക്കി ചേർക്കുക. നല്ല കട്ടിയുള്ള കോട്ടൺതുണി ഉപയോഗിച്ച് പാത്രത്തിന്റെ വായമൂടികെട്ടി വെയ്ക്കുക. എല്ലാദിവസവും ഇളക്കികൊടുക്കുക. 7-ാം ദിവസം ജീവാമൃതം തയ്യാർ.

### ഉപയോഗിക്കുന്ന വിധം

ചെടികൾ നടുന്നതിനു മുമ്പായി മണ്ണിൽ ഒഴിച്ച് സൂര്യപ്രകാശം മണ്ണിലടിക്കാതിരിക്കാൻ പുതയിടുക. ഒരു ദിവസം കഴിഞ്ഞ് ചെടിനടുകയാണെങ്കിൽ മണ്ണിലെ സൂക്ഷ്മജീവികളുടെ പ്രവർത്തനം കൂടുന്നതിന് സഹായിക്കുന്നു. ഇല്ലെങ്കിൽ നേരിട്ട് ചെടിയുടെ ചുവട്ടിൽ ഒഴിച്ച് കൊടുക്കാം.

നെൽചെടിക്ക്: പാടത്ത് വെള്ളം കയറ്റുമ്പോൾ ഇത് വെള്ളത്തിലൂടെ കടത്തിവിടാം.

പച്ചക്കറിക്ക്: നേരിട്ട് ഒഴിച്ച് കൊടുക്കാം ചുവട് ഒന്നിന് 500 മില്ലിലിറ്റർ ജീവമൃതം.

**കാലാവധി - 1 ആഴ്ച**

## ഇ. എം. ലായനി*

(ഇഫക്ടീവ് മൈക്രോ ഓർഗാനിസം)

ഇ. എം. ലായനി എന്നു പറയുന്നത് സൂക്ഷ്മ ജീവികളാൽ സമ്പുഷ്ടമായ ഒരു വളക്കൂട്ടാണ്. ഇഫക്ടീവ് മൈക്രോ ഓർഗാനിസം എന്നതിന്റെ ചുരുക്കപ്പേരാണ് ഇ. എം. ഇത് പല ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നു.



സാധാരണയായി ജൈവകൃഷിയിൽ ഉപയോഗിച്ചുവരുന്ന ഇ. എം. നെകുറിച്ചാണ് ഇവിടെ പറയുന്നത്. ഇത് വളരെ ചെലവ് കുറഞ്ഞതും എളുപ്പത്തിൽ നിർമ്മിക്കാൻ കഴിയുന്നതും എന്നാൽ സൂക്ഷ്മ ജീവികളാൽ സമ്പുഷ്ടമായതുമാണ്. ഇതുപയോഗിക്കുന്നതുവഴി മണ്ണ് മെച്ചപ്പെടുന്നു. ഇതുവഴി ചെടിയുടെ വളർച്ചയും വിളവും കൂടുന്നു.

### തയ്യാറാക്കുന്ന വിധം

| | | |
|---|---|---|
| മത്തൻ | - | 250 ഗ്രാം |
| പപ്പായ | - | 250 ഗ്രാം |
| ഏത്തപ്പഴം | - | 250 ഗ്രാം |
| നാടൻ മുട്ട | - | 3 എണ്ണം |
| ശർക്കര | - | 250 ഗ്രാം |
| വെള്ളം | - | 1 ലിറ്റർ |
| ഉഴുന്ന്പൊടി | - | 250 ഗ്രാം |

(ഏതെങ്കിലും ഒരു ധാന്യം പൊടിച്ചത്)

എടുക്കുന്ന പഴങ്ങൾ നന്നായി പഴുത്തതോ അഴുകിയതോ ആയിരിക്കണം. മത്തൻ, പപ്പായ, ഏത്തപ്പഴം എന്നിവ ചെറുതായി അരിഞ്ഞ് ഒരു പാത്രത്തിൽ ഇടുക (തോടുൾപ്പെടെ). ഇതിലേക്ക് 250 ഗ്രാം ഉഴുന്നോ ഏതെങ്കിലും ഒരു ധാന്യത്തിന്റെ പൊടിയോ ചേർക്കുക. ഒരുലിറ്റർ വെള്ളത്തിൽ ശർക്കര കലക്കി ഇതിലേക്കൊഴിക്കുക. ഇവ നന്നായി ഇളക്കിയശേഷം ഇതിലേക്ക് നാടൻ മുട്ട പൊട്ടിച്ചൊഴിക്കുക. (പുറത്ത് നിന്നുള്ള മറ്റ് സൂക്ഷ്മജീവികൾ ഒന്നും തന്നെ ലായനിയുടെ ഉള്ളിലേയ്ക്ക് കടക്കാതിരിക്കാൻ വേണ്ടിയാണ് നാടൻ മുട്ട അതിലേക്കൊഴിക്കുന്നത്. മുട്ടപൊട്ടിച്ച് ഒഴിച്ചതിനുശേഷം ലായനി ഇളക്കാൻ പാടുള്ളതല്ല). അതിനുശേഷം പാത്രത്തിന്റെ വായ്ഭാഗം അടച്ച് 14 ദിവസം സൂക്ഷിച്ച് വയ്ക്കുക. 15-ാം ദിവസം മുതൽ ഇത് ഉപയോഗിക്കാം.

### ഉപയോഗിക്കേണ്ട വിധം

100 മി. ലിറ്റർ ലായനി ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ഇതിനെ മണ്ണിൽ ഒഴിച്ചുകൊടുക്കാം. ചെടികൾ നടുന്നതിനുമുമ്പായി മണ്ണിൽ ഉപയോഗിക്കുവാനും കഴിയും. ഇതുവഴി മണ്ണിന്റെ വളക്കൂറ് മെച്ചപ്പെടുന്നു.

ഇ. എം. മണ്ണിൽ ഒഴിക്കുന്നതുവഴി മണ്ണിലെ സൂക്ഷ്മജീവികളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നു. ഇതു തടസ്സംകൂടാതെ നടക്കുന്നതിനായി മണ്ണിനു മുകളിൽ സസ്യഭാഗങ്ങൾ ഉപയോഗിച്ച് നിർബന്ധമായും ഒരു ആവരണം ഉണ്ടാക്കണം (പുതയിടണം). ഇതു വഴി സൂര്യപ്രകാശം നേരിട്ട് മണ്ണിൽ പതിക്കുന്നത് ഒഴിവാക്കാം. ഇത്തരത്തിൽ ചെയ്തില്ലെങ്കിൽ ഇ. എം. ന്റെ ഗുണം കിട്ടില്ല.

**കാലാവധി - 3 മാസം**

** കടകളിൽ ലഭ്യമായ ഇ. എം. ലായനി വേറെയാണ്.*



# തണൽ: ജൈവപച്ചക്കറി വിപണനത്തിലെ വേറിട്ടവഴി





*തണലിൽ അംഗമായ കർഷകൻ*

തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു എൻ.ജി.ഒ. ആയ 'തണൽ' സംസ്ഥാനത്തിന്റെ ജൈവവൈവിധ്യസംരക്ഷണം, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, നെൽവിത്തുകളുടെ സംരക്ഷണം, ബിടി വഴുതനക്കെതിരെയുള്ള ക്യാംപെയിൻ എന്നിവയിലെല്ലാം സജീവമായി ക്രിയാത്മക ഇടപെടലുകൾ നടത്താറുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ജൈവപച്ചക്കറി ഉല്പന്നങ്ങളുടെ ഉത്പാദനത്തിലും വിപണനത്തിലും തനതായ പ്രവർത്തനരീതി ഉണ്ടാക്കിയെടുക്കാൻ തണലിനു സാധിച്ചിട്ടുണ്ട്. അംഗങ്ങൾ ഉത്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങളുടെ വിപണനത്തിനായി 2003 മുതൽ 'ഓർഗാനിക് ബസാർ' എന്ന പേരിൽ ഒരു റീട്ടെയിൽ ഷോപ്പ് പ്രവർത്തിച്ചുവരുന്നുണ്ട്. ആഴ്ചയിൽ രണ്ടു ദിവസമാണ് വില്പന.

"മിക്കവാറും ആവശ്യത്തിനനുസരിച്ച് ഉത്പന്നങ്ങൾ നൽകാനാവുന്നില്ല എന്നതാണ് സത്യം" തണലിലെ എക്സിക്യൂട്ടീവ് ഡയറക്ടറായ എസ്. ഉഷ പറയുന്നു.

### ജൈവസ്ലറി തയ്യാറാക്കുന്ന വിധം

ഒരു ബക്കറ്റിൽ ഒരു കിഗ്രാം പച്ചചാണകം, ഒരു കി.ഗ്രാം. കടലപ്പിണ്ണാക്ക്, ഒരു കി.ഗ്രാം. വേപ്പിൻപിണ്ണാക്ക് എന്നിവ ഒരുമിച്ച് ചേർത്ത് 10 ലിറ്റർ വെള്ളം ഒഴിച്ച് പുളിപ്പിക്കാൻ വയ്ക്കുക. 5 ദിവസങ്ങൾക്കുശേഷം, ഈ മിശ്രിതം ഇരട്ടിയായി നേർപ്പിച്ച് തടത്തിൽ 1 ലിറ്റർ വീതം ഒഴിച്ച് കൊടുക്കുക.



**Organic way of making pest repelent and manure by Deepak R in Krishiyanganam Magazine**

ദീപക്. ആർ

# ഇ.എം ലായനി

ഇ.എം. ലായനി എന്നു പറയുന്നത് സൂക്ഷ്മ ജീവികളാൽ സമ്പുഷ്ടമായ ഒരു വളക്കൂട്ടാണ്. ഇഫക്ടീവ് മൈക്രോ ഓർഗാനിസം എന്നതിന്റെ ചുരുക്കപ്പേരാണ് ഇ.എം. ഇത് പല ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നു.

സാധാരണയായി ജൈവകൃഷിയിൽ ഉപയോഗിച്ചുവരുന്ന ഇ.എംനെ കുറിച്ചാണ് ഇവിടെ പറയുന്നത്. ഇത് വളരെ ചെലവ് കുറഞ്ഞതും എളുപ്പത്തിൽ നിർമിക്കാൻ കഴിയുന്നതും എന്നാൽ സൂക്ഷ്മ ജീവികളാൽ സമ്പുഷ്ടമായതുമാണ്. ഇതുപയോഗിക്കുന്നതുവഴി മണ്ണ് മെച്ചപ്പെടുന്നു. ഇതുവഴി ചെടിയുടെ വളർച്ചയും വിളവും കൂടുന്നു.



ഇ.എം. ലായനി തയ്യാറാക്കുന്നു

## തയ്യാറാക്കുന്ന വിധം

| | | |
|---|---|---|
| മത്തൻ | - | 250 ഗ്രാം |
| പപ്പായ | - | 250 ഗ്രാം |
| ഏത്തപ്പഴം | - | 250 ഗ്രാം |
| ഉഴുന്ന്പൊടി (ഏതെങ്കിലും ഒരു ധാന്യം പൊടിച്ചത്) | - | 250 ഗ്രാം |
| നാടൻ മുട്ട | - | 3 എണ്ണം |
| ശർക്കര | - | 250 ഗ്രാം |
| വെള്ളം | - | 1 ലിറ്റർ |

എടുക്കുന്ന പഴങ്ങൾ നന്നായി പഴുത്തതോ അഴുകിയതോ ആയിരിക്കണം.

മത്തൻ, പപ്പായ, ഏത്തപ്പഴം എന്നിവ ചെറുതായി അരിഞ്ഞ് ഒരു പാത്രത്തിൽ ഇടുക (തോടുൾപ്പെടെ). ഇതിലേക്ക് 250 ഗ്രാം ഉഴുന്നോ ഏതെങ്കിലും ഒരു ധാന്യത്തിന്റെ പൊടിയോ ചേർക്കുക. ഒരുലിറ്റർ വെള്ളത്തിൽ ശർക്കര കലക്കി ഇതിലേക്കൊഴിക്കുക. ഇവ നന്നായി ഇളക്കിയ ശേഷം ഇതിലേക്ക് നാടൻ മുട്ട പൊട്ടിച്ചൊഴിക്കുക (പുറത്ത് നിന്നുള്ള മറ്റ് സൂക്ഷ്മജീവികൾ ഒന്നുംതന്നെ ലായനിയുടെ ഉള്ളിലേക്ക് കടക്കാതിരിക്കാൻ വേണ്ടിയാണ്, നാടൻ മുട്ട അതിലേക്കൊഴിക്കുന്നത്. മുട്ടപൊട്ടിച്ച് ഒഴിച്ചതിനുശേഷം ലായനി ഇളക്കാൻ പാടുള്ളതല്ല). അതിനുശേഷം പാത്രത്തിന്റെ വായ്ഭാഗം അടച്ച് 14 ദിവസം സൂക്ഷിച്ച് വയ്ക്കുക. 15-ാം ദിവസം മുതൽ ഇത് ഉപയോഗിക്കാം.

## ഉപയോഗിക്കേണ്ട വിധം

100 മി.ലിറ്റർ ലായനി ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ഇതിനെ മണ്ണിൽ ഒഴിച്ചു കൊടുക്കാം. ചെടികൾ നടുന്നതിനുമുമ്പായി മണ്ണിൽ ഉപയോഗിക്കുവാനും കഴിയും. ഇതുവഴി മണ്ണിന്റെ വളക്കൂറ് മെച്ചപ്പെടുന്നു.

ഇ.എം. മണ്ണിൽ ഒഴിക്കുന്നതുവഴി മണ്ണിലെ സൂക്ഷ്മജീവികളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നു. ഇതുതടസംകൂടാതെ നടക്കുന്നതിനായി മണ്ണിനുമുകളിൽ സസ്യഭാഗങ്ങൾ ഉപയോഗിച്ച് നിർബന്ധമായും ഒരു ആവരണം ഉണ്ടാക്കണം (പുതയിടണം). ഇതുവഴി സൂര്യപ്രകാശം നേരിട്ട് മണ്ണിൽ പതിക്കുന്നത് ഒഴിവാക്കാം. ഇത്തരത്തിൽ ചെയ്തില്ലെങ്കിൽ ഇ.എംന്റെ ഗുണം കിട്ടില്ല.●

തിരുവനന്തപുരം തണലിലെ ഉദ്യോഗസ്ഥനാണ് ലേഖകൻ

**How to prepare EM Solution by Deepak R in Krishiyanganam Magazine**

9-15 January 2011 MB

# കൃഷി ഓഫീസർക്ക്

എസ്. ഉഷ

**കേരളത്തിൽ കീടനാശിനികൾ ആർക്കും എവിടെനിന്നും വാങ്ങാം, ഉപയോഗിക്കാം. കൃഷിക്കും ആത്മഹത്യക്കും ഉപയോഗിക്കാം. മുറ്റത്തും വയലിലും മാന്തോപ്പിലും കശുമാവുതോട്ടങ്ങളിലും ഉപയോഗിക്കാം. കൈകൊണ്ടും തളിക്കാം, ഹെലികോപ്റ്ററിലും തളിക്കാം. പക്ഷേ, ആർക്കും എങ്ങനെയും വാങ്ങാനും ഉപയോഗിക്കാനും പാടുള്ളതല്ല കീടനാശിനികൾ. നിയന്ത്രണങ്ങളോടെ മാത്രമേ ഇവ വിൽക്കാനും വാങ്ങാനും പാടുള്ളൂ. അതു നിരീക്ഷിക്കുകയും മാർഗനിർദേശങ്ങൾ നൽകുകയും ചെയ്യേണ്ടത് കൃഷി ഓഫീസർമാരാണ്. അന്തരീക്ഷം മുഴുവൻ ജീവനാശിനികൾ നിറഞ്ഞ് മനുഷ്യർ രോഗികളും, പരിസ്ഥിതി ദുർബലവുമായിരിക്കുന്ന ഇക്കാലത്ത് കൃഷി ഓഫീസർമാർക്ക് യഥാർഥത്തിൽ എന്താണ് പണി?**

ഇക്കഴിഞ്ഞ ദിവസം പത്തനംതിട്ടയിൽനിന്നു വന്ന ഒരു കർഷകൻ ജൈവകൃഷിയിലേക്കു മാറാൻ ആഗ്രഹം പ്രകടിപ്പിക്കവേ കീടനാശിനിയെക്കുറിച്ച് തനിക്കുള്ള ചില അനുഭവങ്ങളും പങ്കുവെച്ചു. ഇദ്ദേഹം പച്ചക്കറിയും വാഴയുമൊക്കെ കൃഷി ചെയ്യുന്ന കർഷകനാണ്. ഫുറഡാനും തിമറും ഒക്കെ അയാൾക്ക് സുപരിചിതമാണ്. എന്നാൽ അയാൾ പറഞ്ഞൊരു കാര്യം അവിടെ കൂടിനിന്നവരെ ഞെട്ടിപ്പിച്ചു. കരാട്ടെ എന്ന കീടനാശിനി അയാൾ രണ്ടുവർഷം മുൻപ് പച്ചക്കറിക്ക് തളിക്കുമ്പോൾ പെട്ടെന്ന് അയാളുടെ കൃഷ്ണമണിയുടെ ചലനമറ്റുപോകുകയും ഉടനെത്തന്നെ ആസ്പത്രിയിലെത്തിച്ചതിനാൽ രക്ഷപ്പെടുകയും ചെയ്തുവെന്നാണ് അയാൾ പറഞ്ഞത്. ഇന്ന് വ്യാപകമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഒരു കീടനാശിനിയാണ് കരാട്ടെ. മൂന്നുനാലുവർഷം മുൻപ് കണ്ണൂർ ജില്ലയിലൊരു പാടശേഖരത്ത് കരാട്ടെ അടിച്ച് ആളുകൾക്ക് പ്രശ്നങ്ങളുണ്ടായതായി റിപ്പോർട്ടുകൾ വന്നിരുന്നു. പെട്ടെന്നുണ്ടാകുന്ന ഇത്തരം വിഷബാധകൾ ആളുകൾ മറന്നുപോകും. ഇത് ഡോക്യുമെൻറ് ചെയ്ത് സൂക്ഷിക്കുകയും കീടനാശിനി നയങ്ങളുടെ ചർച്ചകളിൽ ഉപയോഗിക്കുകയും ചെയ്യുന്ന രീതി ഇന്ത്യയിൽ നിലവിലില്ല. ഇത്തരം വിഷബാധകൾക്ക് ദീർഘകാലത്തേക്ക് എന്തെങ്കിലും പ്രത്യാഘാതം ഉണ്ടാകുമോ എന്നതും പഠനവിധേയമാകുന്നില്ല. കീടനാശിനികൾ സുരക്ഷിതമാണെന്നും നിർദേശങ്ങൾ പാലിച്ചാൽ കുഴപ്പമൊന്നുമുണ്ടാകില്ലെന്നുമുള്ള വാദം അതുകൊണ്ട് ഇന്നും നിലനില്ക്കുന്നു.

രാസകീടനാശിനികളെക്കുറിച്ച് ഇന്ത്യയിൽ പൊതുവെയും കേരളത്തിലും ഔദ്യോഗികതലത്തിൽ അംഗീകരിച്ചിരിക്കുന്ന കാര്യം രാസകീടനാശിനികളുടെ ശരാശരി ഉപയോഗം ഇവിടെ കുറവാണെന്നുള്ളതാണ്. കേരളത്തിൽ 2000-ത്തിലെ കണക്കനുസരിച്ച് ഹെക്ടറിന് 350 ഗ്രാം ആണ് ശരാശരി കീടനാശിനി ഉപയോഗം. ഇന്ത്യയിൽ 550 ഗ്രാമും. കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ കേരളത്തിലെ കീടനാശിനി ഉപയോഗത്തെക്കുറിച്ചും അപകടങ്ങളെക്കുറിച്ചുമുള്ള നിരവധി പഠന റിപ്പോർട്ടുകളും മാധ്യമ റിപ്പോർട്ടുകളും പുറത്തുവന്നിട്ടുണ്ട്. എന്നിട്ടും ഒരുമാസം മുൻപ് കീടനാശിനി നിയന്ത്രണത്തെക്കുറിച്ചു നടന്ന യോഗത്തിൽ പങ്കെടുത്ത കാർഷികശാസ്ത്രജ്ഞർക്ക് പറയാനുള്ളത് കേരളത്തിലെ ശരാശരി കീടനാശിനി ഉപയോഗം കുറവാണെന്നു തന്നെയാണ്. 2000-ൽ പറഞ്ഞ അതേ കണക്കുതന്നെയാണ് അവർക്ക് ഇപ്പോഴും പറയാനുള്ളത്. ഹെക്ടറിന് 350 ഗ്രാം. നമുക്ക് ആശ്വസിക്കാൻ വകതരുന്ന ഒരു കണക്കാണിത്.

എന്നാൽ ഇതെത്രത്തോളം യാഥാർഥ്യമാണ്? എവിടെനിന്നാണ് ഈ കണക്ക് കിട്ടിയത്? കേരളത്തിൽ ആരാണ് ഈ കണക്കുകൾ ശേഖരിക്കുന്നത്?

കീടനാശിനികളുടെ ഉത്പാദനം, വിപണനം, ഉപയോഗം, കീടനാശിനി സംസ്കരണം ഇവയൊക്കെ നിയന്ത്രിക്കാനായി ഇന്ത്യയിൽ ഒരു കീടനാശിനി നിയമം ഉണ്ട്. ഈ നിയമം അനുസരിച്ച് കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത ഒരു കീടനാശിനി സംസ്ഥാനത്ത് വിൽക്കാനുള്ള ലൈസൻസ് നല്കുന്നത് സംസ്ഥാന സർക്കാറാണ്. സംസ്ഥാന സർക്കാറിൽ കൃഷിവകുപ്പിനാണ് ഇതിൻെറ ഉത്തരവാദിത്വം.

ഒരാൾക്ക് കീടനാശിനി വിൽക്കണമെങ്കിൽ കൃഷിവകുപ്പിൽനിന്ന് അയാൾ ലൈസൻസ് എടുത്തിരിക്കണം. എന്നാൽ ഇതത്ര ബുദ്ധിമുട്ടുള്ള കാര്യമൊന്നുമല്ല. കീടനാശിനി കടകൾ എവിടെയെല്ലാം തുടങ്ങാം, അത് എങ്ങനെയിരിക്കണം എന്നെല്ലാമുള്ള കാര്യങ്ങൾ നിയമത്തിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. ഇതെല്ലാം ഉറപ്പുവരുത്തേണ്ട ചുമതല അതത് പ്രദേശത്തെ കൃഷിഓഫീസർക്കാണ്.



8

# ശരിക്കും എന്താണ് പണി?

അവരാണ് ഇൻസെക്ടിസൈഡ്
ഇൻസ്പെക്ടർമാർ.

കേരളത്തിൽ കീടനാശിനികളുടെ
ഉപയോഗം തുടങ്ങിയ കാലങ്ങളിൽ
കൃഷിവകുപ്പ് നേരിട്ടാണ് കീടനാശി
നിപ്രയോഗം നടത്തിയിരുന്നത്. അ
ന്ന് കൂടുതലും കുമിൾനാശിനികളാ
യിരുന്നു ഉപയോഗിച്ചിരുന്നത്. പി
ന്നീട് ഹരിതവിപ്ലവം ആരംഭിക്കുക
യും അത്യുത്പാദനശേഷിയുള്ള വി
ത്തുകൾ വ്യാപകമാകുകയും ചെയ്ത
പ്പോൾ രാസവളപ്രയോഗവും അധി
കമായി. തുടർന്ന് കീടങ്ങളുടെയും
രോഗങ്ങളുടെയും ആക്രമണം കൂടി.
ഈ സാഹചര്യത്തിൽ കർഷകർക്ക്
ആവശ്യാനുസരം കീടനാശിനികൾ
എളുപ്പത്തിൽ ലഭ്യമാക്കുകയെന്ന ഉ
ദ്ദേശ്യത്തോടെയാണ് സ്വകാര്യ ഏ
ജൻസികൾക്ക് ഡീലർഷിപ്പ് നല്കാൻ
തുടങ്ങിയത്. പലയിടത്തും കർഷ
കർതന്നെ കീടനാശിനികളുടെ കച്ച
വടം ഏറ്റെടുത്തു. സ്വന്തം വീട്ടിൽവെ
ച്ചുപോലും കീടനാശിനിവില്പന നട
ത്തുന്ന കർഷകർ പാലക്കാട് ജില്ലയി
ലുണ്ടായിരുന്നു. നിയമത്തിലെ നിയ
ന്ത്രണങ്ങളെല്ലാം കാറ്റിൽ പറത്തി
യായിരുന്നു കീടനാശിനിക്കച്ചവടം.
സ്വകാര്യ ഏജൻസികൾ വ്യാപകമാ
യപ്പോൾ കീടനാശിനി ഉപയോഗ
ത്തിന്മേലുള്ള കൃഷിവകുപ്പിന്റെ നി
യന്ത്രണവും വിട്ടുപോയി. എല്ലാ വർ
ഷവും കീടനാശിനി ഡീലർമാരിൽനി
ന്ന് രണ്ടോ മൂന്നോ സാമ്പിളുകൾ എ
ടുത്ത് അവയുടെ ഗുണനിലവാരം
ഉറപ്പുവരുത്താനായി സംസ്ഥാന ഗു
ണനിലവാര ലാബിലേക്ക് അയയ്ക്കു
ന്നതിൽ ഒതുങ്ങി കൃഷി ഓഫീസറു
ടെ ഇൻസ്പെക്ഷൻജോലി. പല കൃ
ഷി ഓഫീസർമാരും സ്വകാര്യ സംഭാ
ഷണത്തിൽ പറയുന്നത് ഈ സാമ്പി
ളുകൾ എടുക്കുമ്പോൾ ഏറ്റവും പു
തിയതും കുഴപ്പമില്ല എന്ന് തോന്നു
ന്നതുമായ കീടനാശിനികളാണ് പരി
ശോധനയ്ക്കായി തിരഞ്ഞെടുക്കുക
എന്നാണ്. എന്തെങ്കിലും കുഴപ്പമു
ണ്ടെന്നു കണ്ടെത്തിയാൽ പിന്നെ പ്ര
ശ്നമാകുമല്ലോ? എന്തിനു വെറുതെ
പ്രശ്നത്തിൽ ചെന്നു പെടണം?

നിയമം അനുശാസിക്കുന്ന രീതി
യിൽ ശാസ്ത്രീയ നിർദേശങ്ങൾക്കനു
സരിച്ച് കീടനാശിനി ഉപയോഗിക്ക
പ്പെടുകയാണെങ്കിൽ കീടനാശിനി
കൊണ്ട് കുഴപ്പമുണ്ടാകില്ല എന്ന് ആ
വർത്തിച്ചാവർത്തിച്ച് ഇപ്പോഴും
കാർഷികശാസ്ത്രജ്ഞരും കേന്ദ്ര കൃ
ഷിമന്ത്രാലയവും പറയുമ്പോൾ യാ
ഥാർഥ്യം നേരത്തേ പറഞ്ഞതുപോ
ലെയാണ്. കർഷകർ ഏത് കീടനാ
ശിനി വാങ്ങുന്നു? എത്ര തളിക്കു
ന്നു? അതിന്റെ ഫലമെന്താണ്? എ
ന്നൊക്കെയറിയാനുള്ള സാധ്യത ഒ
രു കൃഷി ഓഫീസർക്കിന്ന് വളരെ പ
രിമിതമാണ്. കൃഷിക്കാർ നേരിട്ട് കീട
നാശിനിക്കടകളിൽ പോകുന്നു. അ
വരുടെ നിർദേശങ്ങൾക്കനുസരിച്ച്
കീടനാശിനിപ്രയോഗം നടത്തുന്നു.
വന്നുവന്ന് കീടനാശിനി വില്പനക്കാർ
കർഷകരെ ആകർഷിക്കാനായി പ
ലവിധ സമ്മാനങ്ങളും പാക്കേജുക
ളും കീടനാശിനിവില്പനയോടൊപ്പം
നടത്തുന്നു. ഇവർ പറയുന്നതെല്ലാം
അടിച്ചിട്ടും വിള നശിക്കുമ്പോൾ കർ
ഷകർ പരാതിയുമായി സർക്കാരി
ന്റെയടുത്തെത്തും. നഷ്ടപരിഹാരം
കൊടുക്കേണ്ട ചുമതല സംസ്ഥാന
സർക്കാരിന്റേതാണ്.

കീടനാശിനി ഡീലർമാരുടെ സ്ഥി
തി പരിശോധിക്കുക. ഇംഗ്ലീഷ് കൂട്ടി
വായിക്കാൻ പറ്റാത്തവർ തൊട്ട് ബി
രുദാനന്തര ബിരുദധാരികൾവരെ
കീടനാശിനിക്കട നടത്തുന്നുണ്ട്. മാ
രകമായ കീടനാശിനികൾ വില്ക്കുന്ന
ഇവർക്ക് തങ്ങൾ കൈകാര്യംചെയ്യു ▶



ഫോട്ടോ: പി. ജയേഷ്





ന്ന വസ്തുക്കളുടെ പ്രത്യാഘാതങ്ങളെക്കുറിച്ച് യാതൊരു ധാരണയുമില്ല. കീടനാശിനിക്കമ്പനികൾ നല്കുന്ന ലഘുലേഖകളും ക്ലാസുകളുമാണ് ഇവരുടെ അറിവിൻെറ സ്രോതസ്സ്. ഒരു കടയുടെതന്നെ ഒരു ഭാഗത്ത് കീടനാശിനികളും മറുഭാഗത്ത് ഭക്ഷണപദാർഥങ്ങളും വില്ക്കുന്ന ഏജൻസികൾവരെ അതിനാൽ കേരളത്തിലുണ്ട്. മെഡിക്കൽ സ്റ്റോർ നടത്തുന്നതിൻെറ ഗൗരവംപോലും വിഷം വില്ക്കുന്ന ഈ കീടനാശിനി ഡീലർമാർക്കില്ല. ആ ഗൗരവം കൊണ്ടുവരാൻ സംസ്ഥാന സർക്കാരിന് ഇതേവരെ കഴിഞ്ഞിട്ടുമില്ല. കാസർകോട് ജില്ലയിൽ ഉണ്ടായ എൻഡോസൾഫാൻ ദുരന്തത്തിൻെറ പശ്ചാത്തലത്തിലാണ് ആദ്യമായി സംസ്ഥാന സർക്കാർ ഇപ്പോൾ കീടനാശിനിവില്പനയുടെ കാര്യത്തിൽ ഒരു നിയന്ത്രണം കൊണ്ടുവരാൻ ശ്രമിക്കുന്നത്. ചുവപ്പും മഞ്ഞയും ലേബൽ ചെയ്തിട്ടുള്ള കീടനാശിനികൾ ജില്ലയിൽ വിൽക്കാൻപാടില്ല എന്ന നിയന്ത്രണം. ഇത് വളരെ പ്രധാനപ്പെട്ട ഒരു തീരുമാനമാണ്.

## ആർക്കൊക്കെ കീടനാശിനി വാങ്ങാം?

കുറച്ചു വർഷങ്ങൾക്കു മുൻപ് തിരുവനന്തപുരം നഗരത്തിലെ രണ്ട് കോളേജ് വിദ്യാർഥിനികൾ ഫുറഡാൻ കഴിച്ച് ആത്മഹത്യചെയ്തെന്ന വാർത്ത, ആരും കാര്യമായി ശ്രദ്ധിക്കാതെ വന്നുപോയി. പട്ടത്തുള്ള ഒരു കീടനാശിനിക്കടയിൽനിന്നാണവർ ഫുറഡാൻ വാങ്ങിയത്. ആത്മഹത്യയുടെ കാരണങ്ങളിലേക്ക് മാധ്യമങ്ങളും കുട്ടികളും മാതാപിതാക്കളുമെല്ലാം അന്വേഷണം നടത്തിയെങ്കിലും എങ്ങനെ ഈ കുട്ടികൾക്ക് ഫുറഡാൻ കിട്ടി എന്ന് ആരും അന്വേഷിച്ചില്ല. കാർഷികമേഖലയിൽ 70–80 ശതമാനം ആത്മഹത്യകളും കീടനാശിനി കഴിച്ചാണ് നടക്കുന്നത്. ആത്മഹത്യചെയ്യാൻ ഏറ്റവും ചെലവുകുറഞ്ഞ വഴി കീടനാശിനി കഴിക്കലാണെന്നത് അവർ തിരിച്ചറിഞ്ഞിട്ടുണ്ട്. വില്പന നടത്തുന്നവർ ഇത് കാർഷികാവശ്യത്തിനാണോ മറ്റെന്തെങ്കിലും ആവശ്യത്തിനാണോ എന്ന് ചികയാറില്ലല്ലോ? അതിൻെറ ആവശ്യവുമില്ല. കീടനാശിനി കഴിച്ച് കർഷകർ ആത്മഹത്യചെയ്തതിൻെറ പേരിൽ ഒരു കീടനാശിനിവില്പനക്കാരനും കൃഷി ഓഫീസറും ശിക്ഷിക്കപ്പെട്ടിട്ടുമില്ല. അതുകൊണ്ട് സംഭവിക്കുന്നത് ഇതാണ്. ആരു ചെന്ന്

**അത്യുത്പാദനശേഷിയുള്ള വിത്തുകൾ വ്യാപകമായപ്പോൾ രാസവളപ്രയോഗവും അധികമായി. കീടങ്ങളുടെയും രോഗങ്ങളുടെയും ആക്രമണം കൂടി. കർഷകർക്ക് ആവശ്യാനുസരം കീടനാശിനികൾ ലഭ്യമാക്കാനാണ് സ്വകാര്യ ഏജൻസികൾക്ക് ഡീലർഷിപ്പ് നല്കാൻതുടങ്ങിയത്.**

ചോദിച്ചാലും കീടനാശിനി കിട്ടും. ആർക്കു വേണമെങ്കിലും എവിടെ വേണമെങ്കിലും ഉപയോഗിക്കാം. ജനങ്ങൾ തിങ്ങിപ്പാർക്കുന്നിടത്തും പുഴകളിലും കായലുകളിലും വീട്ടിനകത്തും പുറത്തും കീടനാശിനി വാരിയിടാം. ആരും ഒരാളെയും ഇതിൻെറ പേരിൽ ശിക്ഷിക്കുകയില്ല. അങ്ങനെ ഇതുവരെ ഉണ്ടായിട്ടില്ല. കോർപ്പറേഷനുകൾതന്നെ കൊതുകിനെ തുരത്താനായി ഫോഗിങ് ചെയ്യുമ്പോൾ ജനങ്ങൾക്കിടയിലേക്കാണ് കീടനാശിനിപ്പുക പരത്താറുള്ളത്. കേരളത്തിലങ്ങോളമിങ്ങോളം കാർഷികമേഖലയിൽ പ്രത്യേകിച്ചും മീൻപിടിക്കാനായി കീടനാശിനികൾ വെള്ളത്തിലേക്കൊഴിക്കുന്നത് സർവസാധാരണമാണ്. എളുപ്പത്തിൽ മീൻപിടിക്കാനുള്ള വഴിയാണിത്. തോട്ടയിട്ട് മീൻ പിടിക്കുന്നവരെ പിടിക്കുമ്പോൾപോലും (വല്ലപ്പോഴുമെങ്കിലും) കീടനാശിനി കലക്കി മീൻപിടിക്കുന്നവരെ കൈകാര്യംചെയ്യാൻ ഇവിടെ സംവിധാനമില്ല.

യാഥാർഥ്യം ഇതൊക്കെയായിരിക്കെയാണ് ശരാശരി കീടനാശിനി ഉപയോഗം കേരളത്തിൽ കുറവാണെന്ന് ഔദ്യോഗിക കണക്കുകൾ പറയുന്നത്. ഇതിൽപരം അസംബന്ധം മറ്റൊന്നുണ്ടാവില്ല (ഇടുക്കി ജില്ലയിലെ ഒരു കീടനാശിനി കടക്കാരൻ 10 വർഷം മുൻപു പറഞ്ഞത് കീടനാശിനിവില്പനയുടെ സാധ്യത സമുദ്രം പോലെ പരന്നുകിടക്കുകയാണെന്നാണ്. ഏലത്തിൻെറ വില ഉയരുന്തോറും കീടനാശിനിവില്പനയും കൂടുന്നു). ഇതിനും പുറമെയാണ് കേരളത്തിലെ മാർക്കറ്റിൽ അന്യസംസ്ഥാനങ്ങളിൽനിന്നെത്തുന്ന പഴങ്ങളും പച്ചക്കറികളും മറ്റു ഭക്ഷ്യവസ്തുക്കളും വഴി കേരളത്തിലെ ആളുകളുടെ ഉള്ളിലേക്കെത്തുന്ന വിഷം.

## കാർഷികമേഖലയിലെ ഏജൻസികൾ

കേരളത്തിൻെറ പ്രത്യേകത, ഇത്ര ചെറിയ സംസ്ഥാനമാണെങ്കിലും കൃഷിയുടെ വൈവിധ്യം ഇവിടെ വളരെ കൂടുതലാണെന്നതാണ്. അതും നാണ്യവിളകളുടെ. ഈ വിളകളെയെല്ലാം പ്രോത്സാഹിപ്പിക്കാനായി പ്രത്യേക ഏജൻസികളും ഉണ്ട്. റബ്ബർ ബോർഡ്, സ്പൈസസ് ബോർഡ്, ടീ ബോർഡ്, കോഫി ബോർഡ്, കോക്കനട്ട് ഡെവലപ്പ്മെൻറ് ബോർഡ് തുടങ്ങി വളരെ പഴക്കംചെന്ന ഏജൻസികളും വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽപോലുള്ള പുതിയ ഏജൻസികളും കാർഷികമേഖലയിൽ പ്രവർത്തിക്കുന്നു. ഇവയെല്ലാം സാമ്പത്തികസഹായങ്ങൾ നല്കിക്കൊണ്ട് ഹോർട്ടികൾച്ചർ മിഷനും ഇപ്പോൾ രംഗത്തുണ്ട്. ഇതിനു പുറമെയാണ് പ്ലാൻേറഷൻ കോർപ്പറേഷൻ ഓഫ് കേരളപോലെ കൃഷി നേരിട്ടു ചെയ്യുന്ന ഏജൻസികളും. കൃഷിവകുപ്പാണ് തത്ത്വത്തിൽ കീട





നാശിനിനിയന്ത്രണം നടത്തേണ്ടതെങ്കിലും ഈ ഏജൻസികളെ നിയന്ത്രിക്കാൻതക്ക യാതൊരു അധികാരവും കൃഷിവകുപ്പിനില്ല. വിളകളെ അടിസ്ഥാനപ്പെടുത്തിയ ഏജൻസി ആയതിനാലും സാമ്പത്തിക സ്വയംനിർണയാവകാശം കൂടുതലുള്ളതിനാലും കൃഷിക്കാരെ ഇവരാണ് കൂടുതൽ സ്വാധീനിക്കുന്നത്. ഇവർ നിർദേശിക്കുന്ന പാക്കേജ് കർഷകർക്ക് കൂടുതൽ സ്വീകാര്യവുമാണ്. കേരള കാർഷിക സർവകലാശാല പ്രസിദ്ധീകരിക്കുന്ന പാക്കേജ് ഓഫ് പ്രാക്ടീസസ് നടപ്പിലാക്കാൻ ബാധ്യതയുള്ളവർ കൃഷിവകുപ്പു മാത്രമാണ്. അതുപോലും നടപ്പിലാക്കാൻ കൃഷിവകുപ്പിന് കഴിയുന്നില്ല. കാരണം കീടനാശിനി ഏജൻസികൾ നേരിട്ടുചെന്ന് കർഷകർക്ക് കീടനാശിനി നിർദേശിക്കുകയും വില്ക്കുകയും ചെയ്യുന്നത് നെൽപ്പാടങ്ങളിൽവരെ പതിവു കാഴ്ചയായിരിക്കുന്നു. കാർഷിക സർവകലാശാല നിർദേശിക്കാത്ത പല കീടനാശിനികളുമാണ് തൃശ്ശൂരിലെ കോൾപ്പാടങ്ങളിൽ അടിക്കുന്നതെന്ന റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു.

## കീടനാശിനി അപകടങ്ങൾ കേരളത്തിൽ

കേരളം കണ്ട ഏറ്റവും വലിയ കീടനാശിനിദുരന്തം കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ എന്ന കീടനാശിനി ഉണ്ടാക്കിയ ദുരന്തംതന്നെയാണ്. എന്നാൽ ഇത് ഒരു ഒറ്റപ്പെട്ട സംഭവമായി കാണാൻകഴിയില്ല. 1958-ൽ കേരളത്തിൽ ഉണ്ടായ ഫോളിഡോൾ അപകടംതൊട്ട് ഒട്ടേറെ അപകടങ്ങൾ കേരളത്തിൽ ഉണ്ടായിട്ടുണ്ട്. ഇവിടത്തെ പ്രധാന കാർഷികമേഖലകളിൽ ചെന്നാൽ കർഷകർ അവരുടെ അനുഭവങ്ങൾ നമ്മളോടു പറയും. എൻഡ്രിനും പരാമറും ഉണ്ടാക്കിയ അപകടങ്ങൾ തിരിച്ചറിഞ്ഞ് കീടനാശിനി ഇനി തൊടില്ല എന്ന് 70 കളിൽതന്നെ തീരുമാനമെടുത്ത കർഷകർ പാലക്കാട് ജില്ലയിലുണ്ട്. എങ്കിലും രേഖപ്പെടുത്താത്ത അപകടങ്ങളായതുകൊണ്ടുതന്നെ ഔദ്യോഗിക കണക്കുകളിൽ ഇതൊന്നും പെടുന്നില്ല. കീടനാശിനി അപകടങ്ങളുടെ ദേശീയ കണക്കിൽതന്നെ പത്തിൽ താഴെ അപകടങ്ങളേ രേഖപ്പെടുത്തിയിട്ടുള്ളൂ. അതിൽ എൻഡോസൾഫാൻ ദുരന്തം ഉൾപ്പെടുത്തിയിട്ടുമില്ല.



കഴിഞ്ഞ പത്തുവർഷക്കാലത്തിനിടയിൽ കേരളത്തിലെ മാധ്യമങ്ങൾ കീടനാശിനി അപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിൽ ശുഷ്കാന്തി കാണിച്ചിട്ടുണ്ട്. എന്നാൽ ഇതേത്തുടർന്ന് കാര്യമായ അന്വേഷണങ്ങളോ തുടർ നടപടികളോ ഉണ്ടായിട്ടില്ലെന്നതാണ് സത്യം.

ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ പ്രധാനപ്പെട്ട ഒന്നാണ് വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമത്തിലെ ഒരു പ്രൈമറിസ്കൂളിലെ കുട്ടികൾക്കുണ്ടായ അപകടം. ഈ സ്കൂൾ ഒരു പാടത്തിൻെറ കരയിലാണ്. വയലിൽ കുറെ കാലങ്ങളായി വാഴകൃഷിയാണ്. ഫോറേറ്റ് ആയിരുന്നു അന്ന് വാഴക്കർഷകൻെറ അത്താണി. വാഴ നടുന്നതിനു മുൻപ് കുഴിയിൽ 50 ഗ്രാംവരെ ഫോറേറ്റ് ഇടാമെന്നാണ് ശുപാർശ. കർഷകർ ശുഷ്കാന്തിയോടെ ചെയ്യുന്ന കാര്യം കീടനാശിനി ഉപയോഗമാണ്. അത് 50 ഗ്രാമിൽ തുടങ്ങി 100-ഉം 200-ഉം ഗ്രാംവരെ ആകുന്ന സന്ദർഭങ്ങളുമുണ്ട്. കർഷകർതന്നെ പറയുന്നതാണിത്. തുടക്കത്തിൽ 50 ഗ്രാം മതിയാകുമെങ്കിലും പിന്നീട് ഇത് മതിയാകാതെവരും.

കോട്ടത്തറയിൽ മഴചാറുന്ന ഒരു പ്രഭാതത്തിലാണ് ഫോറേറ്റ് ഇടൽ നടന്നത്. കുട്ടികൾ സ്കൂൾമുറ്റത്ത് ഓടിക്കളിക്കുകയും ചിലർ പ്രഭാതഭക്ഷണം കഴിക്കുകയുമൊക്കെ ചെയ്യുന്ന ഈ സമയത്ത് വയലിൽനിന്നെത്തിയ കാറ്റിലൂടെ ഫോറേറ്റ് കുട്ടികളുടെയടുത്തുമെത്തി. നാല്പതിലധികം കുട്ടികളാണ് തലചുറ്റലും ഛർദിയും തളർച്ചയുമായി വീണുപോയത്. ഉടനെത്തന്നെ ആശുപത്രിയിലെത്തിച്ചതിനാൽ കുട്ടികൾ രക്ഷപ്പെട്ടു. തീർത്തും ബോധം നഷ്ടപ്പെട്ട കുട്ടികൾവരെ ഇക്കൂട്ടത്തിലുണ്ടായിരുന്നു. ഒരുമാസത്തോളം ഇത് പ്രാദേശികമായി ചർച്ചചെയ്യപ്പെട്ടു. നടപടികളൊന്നുമുണ്ടായില്ല. സ്കൂളിൽ വിളിച്ചുകൂട്ടിയ ഒരു യോഗത്തിൽ പങ്കെടുത്ത അമ്മമാർ വളരെ വിഷമത്തോടെ ഈ വാഴകൃഷിയും കീടനാശിനിപ്രയോഗവും അവരെ ഭീതിപ്പെടുത്തുന്നതായി പറഞ്ഞു. വിവിധ രോഗങ്ങളാൽ തങ്ങളുടെ കുട്ടികൾ കഷ്ടപ്പെടുകയാണെന്നും അവർ സങ്കടത്തോടെ പറഞ്ഞു. വയനാടിൻെറ വിവിധ ഭാഗങ്ങളിൽനിന്ന് പിന്നീടും കീടനാശിനി അപകടങ്ങളെക്കുറിച്ച് റിപ്പോർട്ടുകൾ പുറത്തുവന്നതോടെ വയനാട്ടിലെ വാഴക്കുല എടുക്കില്ല എന്ന ബോർഡ്‌വരെ കോഴിക്കോട് ടൗണിലുയർന്നു. എന്നാൽ ഇത് നിലനിന്നില്ല. വയനാട് വീണ്ടും പഴയ പടിയായി. 1995-നു ശേഷം വയനാട്ടിലെ കാർഷികമേഖല നേരിടുന്ന മറ്റു പ്രശ്നങ്ങൾ കാരണം ഇത്തരം പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ ആരും തയ്യാറായില്ല. വയനാട് കാൻസറിൻെറയും മറ്റു രോഗങ്ങളുടെയും പിടിയിലാണെന്നും ഇതിനൊരു പരിഹാരം വേണമെന്നും പരിസ്ഥിതിപ്രവർത്തകരും കുട്ടികളും അധ്യാപകരും കാർഷിക വിദഗ്ധരും നിരന്തരം പറഞ്ഞിട്ടും കാര്യമായ നടപടികൾ തുടങ്ങാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. വളരെയേറെ സംഘടനകൾ ഇവിടെ കാർഷികമേഖലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും കൃഷിക്കാരെ സ്വാധീനിക്കാനും കാർഷികരീതികൾ മാറ്റിയെടുക്കാനും ബുദ്ധിമുട്ടുകൾ നേരിടുന്നതായി അവർ പറയുന്നു. സർക്കാരിനും ഒന്നും ചെയ്യാൻകഴിഞ്ഞിട്ടില്ല.

ഇതേ കീടനാശിനി തിരുവനന്തപു ▶

## കൃഷി ഓഫീസർക്ക് ശരിക്കും എന്താണ് പണി?

രം ജില്ലയിലും ഇടുക്കി ജില്ലയിലും അപകടങ്ങൾക്ക് കാരണമായതായി റിപ്പോർട്ടുകൾ വന്നിരുന്നു. തിരുവനന്തപുരം ജില്ലയിൽ വാഴത്തോട്ടത്തിനടുത്ത് താമസിക്കുന്നവർക്കാണ് അസ്വസ്ഥതകൾ അനുഭവപ്പെട്ടതെങ്കിലും ഇടുക്കിജില്ലയിൽ തേയിലത്തോട്ടത്തിലെ സ്ത്രീത്തൊഴിലാളികൾക്കാണ് അപകടമുണ്ടായത്. തിരുവനന്തപുരം ജില്ലയിൽ കപ്പവാഴകൃഷിയിൽ ഉപയോഗിച്ച ഫോറേറ്റ് ആണ് അന്തരീക്ഷത്തിൽ നിറഞ്ഞ് തൊട്ടടുത്തു താമസിക്കുന്ന വീടുകളിലെ ആളുകളെ ബാധിച്ചത്. വെഞ്ഞാറമ്മൂടുള്ള ഒരു കീടനാശിനിക്കടക്കാരനാണ് കർഷകത്തൊഴിലാളിക്ക് ഫോറേറ്റ് ഉപയോഗിക്കാൻ നിർദേശിച്ചത്. വൈകുന്നേരമായപ്പോഴേക്കും വാഴപ്പോളയിൽനിന്ന് പുറത്തേക്കു പരന്ന കീടനാശിനി നിമിഷങ്ങൾക്കുള്ളിൽ വീടുകളിലിരുന്ന ആളുകൾക്കുപോലും തലകറക്കവും തലപെരുപ്പും ബോധക്ഷയവും എല്ലാം ഉണ്ടാക്കി. ഫയർ ഫോഴ്സ് വന്ന് വെള്ളമൊഴിച്ചപ്പോൾ കൂടുതൽ അപകടമായി. അവർക്ക് ഈ കീടനാശിനിയുടെ സ്വഭാവത്തെക്കുറിച്ച് അറിയില്ലായിരുന്നു. നോക്കിനിന്ന ഉദ്യോഗസ്ഥർക്കുവരെ അസ്വസ്ഥതയുണ്ടായി. രോഗികളെ ആശുപത്രിയിലെത്തിച്ചു. അതോടെ ചർച്ചകളും നടപടികളും അവസാനിച്ചു. ഇടുക്കിയിൽ തേയില നുള്ളിക്കൊണ്ടിരിക്കുമ്പോഴാണ് സ്ത്രീകൾ കുഴഞ്ഞു വീണത്. ആശുപത്രിയിൽ ഇവരെ കാണാൻചെന്ന ഗവേഷകരോടും മാധ്യമപ്രവർത്തകരോടും പ്രശ്നമൊന്നുമില്ലെന്നു പറഞ്ഞ് ഒതുക്കാനായിരുന്നു മാനേജ്മെൻറിൻെറ ശ്രമം. ഈ അപകടം നടക്കുന്നതിന് തൊട്ടുമുൻപാണ് 16 വയസ്സുള്ള ഒരു ആൺകുട്ടി കീടനാശിനി വിഷബാധ കാരണം ഏലത്തോട്ടത്തിൽവെച്ച് മരിച്ചത്. മഴക്കാലമായിരുന്നു, ഏലച്ചെടികൾക്ക് ഫോറേറ്റ് ഇടുക എന്നതായിരുന്നു ഈ കുട്ടിക്ക് കിട്ടിയ ജോലി. മഴക്കാലത്ത് മാത്രം ഇത്തരം പ്രവൃത്തികൾക്കായി കുട്ടിത്തൊഴിലാളികളെ നിയമിക്കുന്നത് സാധാരണമാണിവിടെ. ഒരാഴ്ച തുടർച്ചയായി കീടനാശിനി കൈകാര്യംചെയ്തപ്പോഴേക്കും കുട്ടിയുടെ സ്ഥിതി വഷളായി. ചുവന്ന ലേബലുള്ള അങ്ങേയറ്റം മാരകമായ കീടനാശിനിയാണ് ഫോറേറ്റ്.

സ്ഥിരമായി കീടനാശിനി അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ട മറ്റൊരു മേഖല കശുവണ്ടിത്തൊഴിലാളികളുടെതാണ്. 2002–2003 കാലത്ത് പതിനഞ്ചോളം ഇത്തരം അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. കൊല്ലം ജില്ലയിലും തിരുവനന്തപുരം ജില്ലയിലുമാണ് ഇതുണ്ടായത്. കശുവണ്ടി തല്ലുകയും തരംതിരിക്കുകയും ചെയ്യുന്ന സ്ത്രീത്തൊഴിലാളികളാണ് ഇവിടെ അപകടത്തിൽ പെട്ടത്. കശുവണ്ടി ഫാക്ടറികളിൽ കൂടെക്കൂടെ ഉപയോഗിക്കുന്ന ക്ലോർപൈറിഫോസ് എന്ന കീടനാശിനി ശ്വസിച്ചാണ് സ്ത്രീകൾക്ക് ബോധക്കേടും തളർച്ചയും എല്ലാം ഉണ്ടായത്.

**കാർഷിക സർവകലാശാലയുടെ പാക്കേജ് ഓഫ് പ്രാക്ടീസസ് നടപ്പാക്കാൻ ബാധ്യതയുള്ളവർ കൃഷിവകുപ്പു മാത്രമാണ്. അതുപോലും നടപ്പാക്കാൻ വകുപ്പിന് കഴിയുന്നില്ല. കാരണം ഏജൻസികൾ നേരിട്ട് കീടനാശിനി നിർദേശിക്കുകയും വില്ക്കുകയും ചെയ്യുന്നത് പതിവു കാഴ്ചയായിരിക്കുന്നു.**

എല്ലായിടത്തും മാനേജ്മെൻറിൻെറ നിലപാട് ഒന്നുതന്നെയായിരുന്നു. ഭയംകൊണ്ടാണ് ഇത്രയും സ്ത്രീകൾക്ക് ഒരുമിച്ച് അസുഖം വന്നതെന്നായിരുന്നു അവരുടെ നിലപാട്. ആശുപത്രികളിൽ ഇവർക്ക് പ്രത്യേക പരിചരണത്തിനുവേണ്ട യാതൊരു സംവിധാനങ്ങളുമുണ്ടായിരുന്നില്ല. ഇപ്പോഴും അതുതന്നെയാണ് സ്ഥിതി. താത്കാലിക ശുശ്രൂഷ നല്കി എല്ലാവരെയും വീട്ടിലേക്ക് പറഞ്ഞയച്ചു. മാനേജ്മെൻറിനെതിരെ പറയാൻ സ്ത്രീത്തൊഴിലാളികൾക്ക് പേടിയാണ്. തൊഴിൽ നഷ്ടപ്പെടുത്താൻ കഴിയില്ലല്ലോ? ഈ കീടനാശിനി വീടുകൾക്കകത്തും സ്ഥാപനങ്ങൾക്കകത്തും ഉപയോഗിക്കുന്നത് അമേരിക്കയിൽ 2003–ൽതന്നെ കർശനമായി നിയന്ത്രിക്കപ്പെട്ടു. കുട്ടികൾക്കും സ്ത്രീകൾക്കും വിഷബാധയേല്ക്കാൻ സാധ്യതയുള്ളതുകൊണ്ടാണ് ഈ നിയന്ത്രണം കൊണ്ടുവന്നത്. ഇവിടെ കശുവണ്ടിഫാക്ടറിക്കകത്തും വീടുകളിൽ ചിതൽനിവാരണത്തിനും എല്ലാം ഇപ്പോഴും ഉപയോഗിക്കുന്നത് ക്ലോർപൈറിഫോസാണ്.

ഇന്ന് കേരളത്തിൽ വ്യാപകമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മറ്റൊരു കീടനാശിനിയാണ് കരാട്ടെ. അപകടം കുറഞ്ഞ കീടനാശിനിയുടെ പട്ടികയിലാണിതിനെ പെടുത്തിയിരിക്കുന്നത്. എന്നാൽ ഈയടുത്ത കാലത്തായി യൂറോപ്പിൽ പ്രസിദ്ധീകരിച്ച 'Disaster in the Making' എന്ന പുസ്തകം പരിസ്ഥിതിയിൽ, പ്രത്യേകിച്ചും പക്ഷികളുടെ എണ്ണത്തിൽ കരാട്ടെ വരുത്തിയ പ്രത്യാഘാതങ്ങളെക്കുറിച്ചാണ് പറയുന്നത്.

കേരളത്തിൽ ഇന്നു നിലനില്ക്കുന്ന കീടനാശിനി ഉപയോഗരീതി തുടരുകയാണെങ്കിൽ അപകടങ്ങളുടെ നീണ്ടനിര നമുക്കു മുന്നിൽ കാത്തിരിക്കുന്നുണ്ട് എന്നുകൂടി ഓർക്കണം. യാതൊരു സംശയവുമില്ല. ഏഴും എട്ടും തരം വ്യത്യസ്ത കീടനാശിനികളും കുമിൾനാശിനികളും ഒരുമിച്ച് തളിക്കുന്ന രീതി ഇന്ന് സർവസാധാരണമായിരിക്കുകയാണ്. ടൺകണക്കിന് ഫുറഡാനാണ് നമ്മുടെ വാഴത്തോട്ടങ്ങളിൽ എല്ലാ വർഷവും ഇട്ടുകൊണ്ടിരിക്കുന്നത്. പ്രശസ്തനായൊരു കാർഷികശാസ്ത്രജ്ഞൻ വയറ്റിൽ കാൻസറായി മരണക്കിടക്കയിൽ കിടക്കവേ പറഞ്ഞത് നിത്യേനയുള്ള ഏത്തപ്പഴം കഴിക്കലായിരിക്കും തന്നെ ഈ അവസ്ഥയിലേക്കെത്തിച്ചത് എന്നാണ്. വയനാട്ടിൽ കുറുക്കനെ കാണാതായതിനു പിന്നിൽ വാഴകൃഷിയാണെന്ന വയനാട്ടുകാരുടെ നിരീക്ഷണം നാളേക്കുള്ള ഒരു ചൂണ്ടുപലകയാണ്. കാലാവസ്ഥാമാറ്റവും കാർഷിക രീതിയിൽ വരുന്ന മാറ്റങ്ങളും കീടങ്ങളുടെ ആധിക്യവും അറിവില്ലായ്മയും എല്ലാം ചേർന്ന് കീടനാശിനിയുടെ ഉപയോഗം കൂട്ടുക



തന്നെയാണ്.

## ജൈവവൈവിധ്യ നാശം

കൃഷിയിടങ്ങളിലെ കളകളെ നശിപ്പിക്കാനായി കർഷകർ ഇന്ന് വ്യാപകമായി കളനാശിനി ഉപയോഗിക്കുന്നുണ്ട്. 2, 4,-D തുടങ്ങി റൗണ്ടപ്പ് വരെയുള്ള കളനാശിനികൾ കൃഷിയിടങ്ങളിലെ കളകളെ നശിപ്പിക്കാൻ മാത്രമല്ല ഉപയോഗിക്കുന്നത്. ഇന്ന് റോഡിനിരുവശത്തും റെയിൽവേ ലൈനിന്റെ പരിസരത്തും പൂന്തോട്ടങ്ങളിലും ഇലക്ട്രിക് പോസ്റ്റിൽ കയറിപ്പറ്റുന്ന വള്ളികളെവരെ കളയാൻ കളനാശിനികളാണ് ഉപയോഗിക്കുന്നത്. തൊഴിലാളികളെ കിട്ടാനില്ല, ചെലവ് കുറവ് എന്നൊക്കെയുള്ള ന്യായീകരണങ്ങളാണ് ഇതിനു പുറകിലെങ്കിലും ഫലത്തിൽ അപകടകരമായ രീതിയിൽ കളനാശിനിയുടെ ഉപയോഗം കൂടുകയാണ്. കളനാശിനികളെ ചെറുത്തുതോല്പിക്കുന്ന കളകളുടെ വ്യാപനം ഇന്ന് അമേരിക്കയിലെ കൃഷിക്കാർക്കൊരു പേടിസ്വപ്നമായിരിക്കുകയാണ്. ഇതിനു പുറമെ ഇവയുണ്ടാക്കുന്ന ആരോഗ്യതകരാറുകളും കണ്ടില്ലെന്നു നടിക്കാനാകില്ല.

## കീടനാശിനി അവശിഷ്ടം

തമിഴ്നാട്ടിൽനിന്നും കർണാടകത്തിൽനിന്നും കേരളത്തിലേക്കെത്തുന്ന പച്ചക്കറികളിലെ കീടനാശിനി അവശിഷ്ടം 2003-ൽ കേരളത്തിലെ ആരോഗ്യവകുപ്പ് പരിശോധിക്കുകയുണ്ടായി. ഇതേ തുടർന്ന് കീടനാശിനിയുള്ള പച്ചക്കറി വിറ്റാൽ 6 മാസംവരെ തടവുശിക്ഷ എന്ന പ്രഖ്യാപനമുണ്ടായി എങ്കിലും ഒന്നും സംഭവിച്ചില്ല. തമിഴ്നാട്ടിൽനിന്ന് ഇപ്പോഴും കേരളത്തിലെ ഉപഭോക്താക്കൾക്കുവേണ്ടി പ്രത്യേകമായി കീടനാശിനി തളിച്ച് നിറവും ഗുണവും പെരുപ്പിച്ച് പഴങ്ങളും പച്ചക്കറികളും വന്നുകൊണ്ടിരിക്കുന്നു. നമ്മുടെ ഓണക്കാലം ലക്ഷ്യംവെച്ചുകൊണ്ട് കർണാടകത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന പൂകൃഷിയിലും മാരകമായ കീടനാശിനികൾ ഉപയോഗിക്കുന്നുണ്ടെന്ന് റിപ്പോർട്ടുകൾ പറയുന്നു.



കീടനാശിനി അവശിഷ്ട പഠനങ്ങളെല്ലാം കാണിക്കുന്നത് പരിശോധിച്ച എല്ലാ പഴം പച്ചക്കറി സാമ്പിളുകളിലും വിവിധ കീടനാശിനികളുടെ അവശിഷ്ടമുണ്ടെന്നാണ്. ക്വിനാൽഫോസ്, മോണോ ക്രോട്ടോഫോസ്, ക്ലോർപൈറിഫോസ്, ഫോറേറ്റ് തുടങ്ങിയ കീടനാശിനികളുടെ അവശിഷ്ടമാണ് കണ്ടെത്തിയത്. നിത്യേന ഭക്ഷണത്തിലൂടെ കേരളീയർ ഈ കീടനാശിനികൾ ശരീരത്തിലേക്ക് വലിച്ചെടുത്തുകൊണ്ടിരിക്കുന്നു. കേരളത്തിൽ കൃഷിചെയ്യുന്ന പച്ചക്കറികളും ഇതിൽനിന്ന് വിമുക്തമല്ല. വിളവെടുക്കുന്നതിന്റെ തലേന്നുവരെ

**കീടനാശിനിയില്ലാത്ത കൃഷി സാധ്യമാണെന്ന് ആന്ധ്രാപ്രദേശ് കാണിച്ചുതരുന്നു. അഞ്ചുവർഷംകൊണ്ട് 20 ലക്ഷം ഏക്കറിൽനിന്ന് കീടനാശിനികളെ അവർ പുറത്താക്കി. ഈ സമീപനം ഉത്പാദനം കുറച്ചില്ലെന്നു മാത്രമല്ല കർഷകരെ കടക്കെണിയിൽനിന്ന് ഉയർത്തുകയും ചെയ്തു.**

കീടനാശിനികൾ അടിക്കുന്നതിൽ കർഷകർ ഒരു കുഴപ്പവും കാണുന്നില്ല. തിരുവനന്തപുരം ജില്ലയിലെ ഏലകളിൽ ഈയൊരു രീതിതന്നെയാണ്. വെള്ളരിക്ക, പയർ, ചീര, പാവൽ തുടങ്ങിയ പച്ചക്കറികളാണിവിടെ കൂടുതലായി കൃഷിചെയ്യുന്നത്. ഇടുക്കിയിലെ പാവൽകൃഷിയും ഇത്തരത്തിലുള്ളതാണ്. ഏലംകൃഷിക്കാർക്കിടയിൽ കീടനാശിനികളുടെ കൂടെ വേപ്പെണ്ണയും കൂട്ടിക്കലർത്തി അടിക്കുന്ന സമ്പ്രദായവുമുണ്ട്. ഏലംകർഷകരുടെ അഭിപ്രായത്തിൽ ഏലക്കായുടെ പച്ചനിറം കൂട്ടാൻ എൻഡോസൾഫാൻ അടിക്കണമെന്നാണ്. മാരകവിഷങ്ങളെക്കുറിച്ച് കർഷകരുടെ ധാരണകൾ നോക്കുക.

ഒരുകാലത്ത് റബ്ബർകൃഷിയിൽ കുമിൾനാശിനികളായിരുന്നു പ്രധാനമായി ഉപയോഗിച്ചിരുന്നതെങ്കിൽ ഇന്ന് റൗണ്ടപ്പും എത്രാലും മറ്റു കീടകുമിൾനാശിനികളും ഉപയോഗിക്കുന്ന ഒരു വിളയാണ് റബ്ബർകൃഷി. കൃഷിവകുപ്പിനോ സംസ്ഥാന സർക്കാരിനോ ഏലംകർഷകരുമായോ റബ്ബർകർഷകരുമായോ ഈ വിഷയത്തെക്കുറിച്ച് ചർച്ചചെയ്യാൻ പോലുമാകുന്നില്ല.

കീടനാശിനി അവശിഷ്ടം ഭക്ഷണപദാർഥങ്ങളിൽ മാത്രമാണെന്നു കരുതിയാൽ അത് തെറ്റി. കമ്യൂണിറ്റി ഹെൽത്ത് സെൽ ബാംഗ്ലൂരിലെ ഡോ. സുകന്യ നടത്തിയ പഠനത്തിൽ തേയിലത്തോട്ടങ്ങളിൽ ജോലിചെയ്യുന്ന സ്ത്രീതൊഴിലാളികളുടെ രക്തം പരിശോധിച്ചപ്പോൾ കണ്ടെത്തിയത് 20 വർഷങ്ങളോളമായി നിരോധിച്ച ഓർഗാനോക്ലോറിൻ വിഭാഗത്തിൽപെട്ട വിവിധ കീടനാശിനികളായിരുന്നു. ഇതെവിടെനിന്നു വന്നു? ഇപ്പോഴും ഉറുമ്പുപൊടി എന്ന പേരിൽ പല കീടനാശിനികളും സാധാരണ കടകളിൽ ലഭ്യമാണ്. സാധാരണ ആളുകൾ കരുതുന്നത് ഇത് ഡി.ഡി.റ്റി. ആണെന്നാണ്. ഇതെന്താണെന്ന് വില്ക്കുന്നവർക്കോ ഉപയോഗിക്കുന്നവർക്കോ അറിയില്ലെന്നതാണ് സത്യം.

## കീടനാശിനിയില്ലാത്ത കൃഷി

കൃഷിയിൽ കീടനാശിനി ഉപയോഗിക്കരുതെന്ന് പറയുമ്പോൾ പലരുടെയും മുഖം ചുളിയും ഇത് സാധ്യമല്ലെന്നും നമ്മുടെ കാർഷികോത്പാദനത്തെ തകർക്കുമെന്നും അവർ വാദിക്കും. കീടനാശിനിയുടെ ഇന്നുള്ള ദുരുപയോഗം കുറയ്ക്കുകയും അതിലൂടെ ശാസ്ത്രീയമായ കൃഷി പ്രോത്സാഹിപ്പിക്കുകയും വേണമെന്നാണ് ഇവർ പറയുന്നത്.

രണ്ട് ചോദ്യമാണുള്ളത്. കീടനാശിനി ഇല്ലാത്ത കൃഷി അശാസ്ത്രീയ കൃഷിയാണോ? കീടനാശിനിയില്ലാതെ കീടനിയന്ത്രണം സാധ്യമല്ലേ?

1960-കളിൽ കീടനാശിനി ഉപയോഗം തുടങ്ങിയ കാലഘട്ടത്തിലായിരുന്നു ഇത്തരം വാദമെങ്കിൽ വാദത്തിനുവേണ്ടിയെങ്കിലും ഇത് സമ്മതിക്കാമായിരുന്നു. കാരണം പ്രകൃതിയിലെ താളംതെറ്റിയിരുന്നില്ല. കൃഷി കുറെക്കൂടി സാംസ്കാരിക അടിത്തറയുള്ളതായിരുന്നു. ഭക്ഷണത്തിനുള്ള കൃഷിക്കായിരുന്നു പ്രാധാന്യം. അരനൂറ്റാണ്ട് കഴിഞ്ഞ നമ്മളെത്തിനില്ക്കുന്നത് അടിമുടി കീടനാശിനിയിൽ മുങ്ങിയ അവസ്ഥയിലാണ്. വെള്ളത്തിലും അന്തരീക്ഷത്തിലും മൃഗങ്ങളുടെ കൊഴുപ്പിലും നമ്മുടെ രക്തത്തിലുമെല്ലാം ഏതൊക്കെയോ രാസകീടനാശിനികൾ ഒരു ടൈംബോംബ്പോലെ എത്തിയിരിക്കുന്നു. ഇനി ഉപയോഗിക്കുന്ന ഓരോ തുള്ളിയും ഇതിലേക്ക് കൂടിക്കലർന്ന് വലിയൊരു ദുരന്തത്തിലേക്കാണ് ഈ കൊച്ചുസംസ്ഥാനത്തെ നയിക്കുക.

കീടനാശിനിയില്ലാത്ത കൃഷി സാധ്യമാണെന്ന് ആന്ധ്രാപ്രദേശ് നമുക്ക് കാണിച്ചുതരുകയും ചെയ്യുന്നു. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് 20 ലക്ഷം ഏക്കറിൽനിന്ന് കീടനാശിനികളെ അവർ പുറത്താക്കിയിരിക്കുന്നു. ഈ പുതിയ കാർഷിക സമീപനം അവരുടെ ഉത്പാദനം കുറച്ചിട്ടില്ലെന്നു മാത്രമല്ല അവിടത്തെ കർഷകരെ കടക്കെണിയിൽനിന്ന് ഉയർത്തിയെടുക്കുകയും ചെയ്തിരിക്കുന്നു. വിദ്യാസമ്പന്നരല്ലാത്ത ആന്ധ്രയിലെ കർഷകർക്ക് ഇതിനു കഴിയുമെങ്കിൽ എന്തുകൊണ്ട് കേരളത്തിലെ കർഷകർക്കിതിന് കഴിയില്ല? ■



**Article by S Usha in Mathrubhoomi Weekly about dangerous Pesticide use in Kerala and its ill effects**

**ഇന്ത്യയിലെ 90 ശതമാനം പരുത്തിയും മൊൺസാന്റോയുടെ കൈവശമെത്തിയെന്നും ഭക്ഷ്യവിളകളുടെ കാര്യത്തിലെങ്കിലും അപകടകരമായ ഈ കുത്തകാധികാരം നമ്മൾ അനുവദിക്കരുതെന്നും ആർ. ശ്രീധർ**

# ഈ ഖദർവസ്ത്രമിടാൻ നാണമില്ലേ?

**ഒരു** കഥ പറഞ്ഞുകൊണ്ട് തുടങ്ങട്ടെ. കുട്ടിക്കാലത്ത് സംശയം തോന്നുന്ന വസ്തുതകളെ നമ്മൾ ചോദിച്ചറിയാറുണ്ട്. പലരും ചോദ്യങ്ങളെ നേരിടുന്നത് രണ്ട് രീതിയിലാണ്. ഒന്ന് ചോദ്യത്തിന് കൃത്യവും സ്പഷ്ടവുമായ മറുപടി നൽകുക എന്നതാണ്. മറ്റൊന്ന് പഴയ അധ്യാപകരുടെ രീതിയാണ്, ചോദ്യം ഉന്നയിക്കുന്നവന്റെ തലക്ക് ഒരു കിഴുക്കുവെച്ചുകൊടുത്ത് ഇനി മിണ്ടരുത് എന്ന് ഗർജ്ജിക്കും. അതിനർത്ഥം ചോദ്യത്തിന് ഉത്തരമില്ലെന്നോ, ഉത്തരം പറയാൻ സൗകര്യമില്ലെന്നോ അല്ല. ആ ചോദ്യത്തിന് എന്തോ കുഴപ്പമുണ്ടെന്നും അതിന് മറുപടി പറഞ്ഞാൽ അതിലും വലിയ എന്തോ കുഴപ്പം വരാനുണ്ട് എന്ന ധാരണയിൽ നിന്നുമാകാം അങ്ങനെ വരുന്നത്. അടുത്തിടെയുണ്ടായ ഒരു സ്വകാര്യ അനുഭവമാണ് ഈ കഥ പറയാനിടയായ സാഹചര്യം. കുറച്ചുനാൾ മുമ്പ് തിരുവനന്തപുരം രാജീവ് ഗാന്ധി ബയോടെക്നോളജി സെന്ററിൽ വെച്ച് ജനിതകമാറ്റം വരുത്തിയ വിളകളെ കുറിച്ച് ഒരു സെമിനാർ സംഘടിപ്പിക്കപ്പെട്ടു. ഇൻഡ്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചറിലെ ശാസ്ത്രജ്ഞനായ ഡോ. ആനന്ദകുമാർ, എഴുത്തുകാരനും ആക്ടിവിസ്റ്റുമായ ദേവീന്ദ്രശർമ്മ, ഡോ. വി.എസ്. വിജയൻ തുടങ്ങിയവരും ജനിതകമാറ്റം വരുത്തിയ വിളകളെ സംബന്ധിച്ചുള്ള ഗവേഷണങ്ങളിൽ വ്യാപൃതരായ അഞ്ചോളം ശാസ്ത്രജ്ഞരും സെമിനാറിൽ പങ്കെടുക്കുന്നുണ്ട്. ഇതിൽ ഡോ. ആനന്ദകുമാർ ജനിതകമാറ്റം വരുത്തിയ ബിടി വഴുതനയെ കുറിച്ച് ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്ന ഒരു ശാസ്ത്രജ്ഞനാണ്. പ്രബന്ധാവതരണത്തിനിടെ ബിടി വഴുതന ഭക്ഷ്യസുരക്ഷ ഉറപ്പാക്കുമെന്ന് അദ്ദേഹം തീർത്തുപറഞ്ഞു. ഇത് ശ്രദ്ധയിൽപ്പെട്ട ഞാൻ അതിന്റെ സാധ്യത എങ്ങനെ എന്ന് സ്വാഭാവികവും അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ചോദ്യം ഉന്നയിച്ചു. അതിന് ലഭിച്ച മറുപടി, നിങ്ങൾ ജനിതക എഞ്ചിനീയറിംഗിനെ ചോദ്യം ചെയ്താൽ ജനിതക എഞ്ചിനീയറിംഗ് എന്ന മഹാരഥത്തിന്റെ ചക്രങ്ങൾക്കടിയിൽപ്പെട്ട് നിങ്ങൾ ചതഞ്ഞരയും എന്നായിരുന്നു . ഇത് ഒരു ശാസ്ത്ര



ബിടി പരുത്തി കൃഷി ചെയ്തതിനെ തുടർന്ന് ത്വക്ക് രോഗം ബാധിച്ച ഹരിയാനയിലെ ഹിസാർ ജില്ലയിലെ ഒരു കർഷകൻ. ഇവിടെ കർഷകരിൽ വ്യാപകമായി ആരോഗ്യ പ്രശ്നങ്ങൾ കാണുന്നുണ്ട്

ജ്ഞൻ പറയേണ്ടതല്ല, മറിച്ച് ഒരു തെരുവുഗുണ്ടയുടെ വാക്കുകളായാണ് എനിക്ക് തോന്നിയത്. തെമ്മാടിത്തരം കാട്ടി ഒരു സാങ്കേതികവിദ്യ നടപ്പാക്കാൻ കഴിയുമെന്നാണ് അന്ന് ആ ശാസ്ത്രജ്ഞന്റെ വാക്കുകളിൽ നിന്നും തിരിച്ചറിയാൻ കഴിഞ്ഞത്.

ഗാന്ധികഥ പറയുന്ന ഈ വേദിയിൽ ഒരു വിഷയം വേദനയോടെ സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. മഹാത്മ ഗാന്ധിക്ക് പരുത്തി ഒരു ആയുധമായിരുന്നു. ആ പരുത്തിയെന്ന ആയുധംകൊണ്ടായിരുന്നു ഗാന്ധിജി ജനങ്ങളെ മുഴുവൻ ഒന്നായി അണിനിരത്തിയത്. ജനകീയമായ ദേശീയതയുടെ അടയാളമായാണ് ഗാന്ധിജി പരുത്തിയെയും ചർക്കയെയും കണ്ടത്. ആ ആയുധം ഇന്ന് ആരുടെ കൈവശമാണ്?

ഇന്ന് നമ്മൾ ഉപയോഗിക്കുന്ന ഖാദി വസ്ത്രം യഥാർത്ഥത്തിൽ ബിടി കോട്ടൻ ആണ്. ബാസിലസ് തുറൈഞ്ചിൻസിസ് എന്ന ബാക്ടീരിയയിൽ നിന്നുമെടുത്ത ജീനിനെ ജനിതക എഞ്ചിനീയറിംഗിലൂടെ പരുത്തി വിത്തിലേക്ക് കടത്തിവിട്ടിരിക്കുകയാണ്. ഇതുമൂലം പരുത്തി വിത്ത് പൂർണ്ണമായും വിഷലിപ്തമായിരിക്കുന്നു.

ജനിതകമായി ഒരിക്കലും സങ്കലനത്തിന് അനുവദനീയമല്ലാത്ത രണ്ട് ജീനുകൾ തമ്മിൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് ക്രോസ് ചെയ്യുന്ന പ്രക്രിയ ഇന്ന് വ്യാപകമായിക്കഴിഞ്ഞു. ഏതൊരു സസ്യവും ഏതൊരു മൃഗവുമായും മറ്റൊരു സസ്യവുമായും സങ്കലനം ചെയ്യുന്ന സാങ്കേതികവിദ്യയാണിത്. ഒരിക്കൽ ഉസ്മാനിയ യൂണിവേഴ്സിറ്റിയിൽ പോയപ്പോൾ കൊഞ്ചിന്റെ ജീനെടുത്ത് മില്ലറ്റിൽ (ചാമ, ചോളം) കയറ്റുന്നതും പന്നിയുടെ ജീൻ അരിയിൽ കയറ്റുന്നതുമായ പ്രക്രിയ ശ്രദ്ധയിൽപ്പെട്ടിരുന്നു. യു എസിലും ജപ്പാനിലുമുൾപ്പെടെ ഇത്തരം പരീക്ഷണങ്ങൾ അന്ധമില്ലാത്തവിധം നടക്കുകയാണ്. ഇത് ഇന്ത്യയിലും നടക്കുന്നുണ്ട്. ഇന്ന് ഇന്ത്യയിൽ 74ഓളം ഭക്ഷ്യവിളകളും റബ്ബർ, സുഗന്ധവ്യഞ്ജനങ്ങൾ, മരുന്ന് ചെടികൾ എന്നിവയിലും ജനിതകമാറ്റം വരുത്തുന്ന പരീക്ഷണങ്ങൾ തുടരുകയാണ്. മൊൺ സാന്റോ മുതലുള്ള മൾട്ടിനാഷണൽ കമ്പനി

ഇന്ന് നമ്മൾ ഉപയോഗിക്കുന്ന ഖാദി വസ്ത്രം
യഥാർത്ഥത്തിൽ ബിടി കോട്ടൻ ആണ്.
ബാസിലസ് തുറൈഞ്ചിൻസിസ് എന്ന
ബാക്ടീരിയയിൽ നിന്നുമെടുത്ത ജീനിനെ
ജനിതക എഞ്ചിനീയറിംഗിലൂടെ പരുത്തി
വിത്തിലേക്ക് കടത്തിവിട്ടിരിക്കുകയാണ്.
ഇതുമൂലം പരുത്തി വിത്ത് പൂർണ്ണമായും
വിഷലിപ്തമായിരിക്കുന്നു

കൾ മുതൽ ഇന്ത്യയിലെ സർക്കാർ കാർഷിക സ്ഥാപനങ്ങളിൽ വരെ ജനിതമാറ്റം വരുത്തിയ വിളകളെ സംബന്ധിച്ചുള്ള പരീക്ഷണം വ്യാപകമാണ്. വരും തലമുറയ്ക്ക് നല്ല ഭക്ഷണം കഴിക്കാൻ സാധിക്കരുത് എന്ന ലക്ഷ്യമാണ് ഇവരുടെ പരീക്ഷണങ്ങൾക്ക് പിന്നിലുള്ളത്.

ഇന്ത്യയിലെ 90 ശതമാനം പരുത്തിയും ഇന്ന് ജനിതകമാറ്റം വരുത്തിയവയാണ്. കൃഷി ചെയ്ത്, പരുത്തി നൂൽ നൂറ്റ് തുണിയായി നമുക്കുമുന്നിൽ വരണമെങ്കിൽ മോൺസാന്റോ എന്ന ആഗോള കുത്തക കനിയണം. പരുത്തി അവരുടേതല്ലെങ്കിലും ബിടി അവരുടെതാണ്. ബിടി പരുത്തിക്കകത്തേക്ക് കയറ്റിക്കഴിഞ്ഞാൽ അത് അമേരിക്കയിലായാലും ഇന്ത്യയിലായാലും അതിന്റെ അധികാരം മൊൺസാന്റോക്കാണ്. മഹാത്മാഗാന്ധിയുടെ മഹത്തായ ചരിത്രത്തെയാണ് നാണമില്ലാത്ത നമ്മുടെ ഭരണാധികാരികൾ അമേരിക്കൻ കുത്തകക്ക് അടിയറവെച്ചിരിക്കുന്നത്.

കീടനാശിനികൾ ഉപയോഗിച്ച ഭൂമിയെ 10 മുതൽ 20 വർഷം വരെ ജൈവകൃഷി ചെയ്തുകൊണ്ട് സമ്പൂർണ്ണമായും ജൈവമൂല്യമുള്ളതാക്കിമാറ്റാൻ നമുക്ക് കഴിയും. എന്നാൽ ജനിതക മാറ്റം വരുത്തുകവഴി നമ്മുടെ വിത്തിനങ്ങൾ പരീക്ഷമണ്ണ് തിരിച്ചുപിടിക്കൽ ഒരു മരീചികയായി അവശേഷിക്കും. ഭക്ഷ്യസുരക്ഷ ഉറപ്പാക്കും എന്ന പ്രചരണം നടത്തിയാണ് ഇപ്പോൾ ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഇത് തെറ്റിധാരണ പടർത്താനുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ ഭാഗമായാണ്. ലോകത്ത് ഇന്നുവരെ ഭക്ഷ്യസുരക്ഷയുണ്ടാക്കാനായി ഒറ്റ ജനിതക

മാറ്റം വരുത്തിയ വിളപോലും ഉണ്ടാക്കിയിട്ടില്ല. ആകെ ചെയ്തിട്ടുള്ളത് രണ്ട് കാര്യമാണ്. ഒന്ന് കീടനാശിനി അടങ്ങിയ ജനിതകമാറ്റം വരുത്തിയ വിളകൾ (ബിടി), രണ്ടാമതുള്ളത് മൾട്ടിനാഷണൽ കമ്പനികളായ ബെയർ, മൊൺസാന്റോ എന്നിവയുണ്ടാക്കുന്ന കളനാശിനികൾ (ലിബർട്ടി, റൗണ്ട്അപ്പ്). കളകൾ ബാധിച്ചാലും നശിച്ചു പോകാത്തവിധം വിത്തുകൾ ഉണ്ടാക്കിയിട്ടുണ്ട്. അങ്ങനെ ജനിതകമാറ്റം വരുത്തിയതിനെയാണ് റൗണ്ട്അപ്പ് റെഡി സോയ, റൗണ്ട്അപ്പ് റെഡി ചോളം എന്നെല്ലാം പറയുന്നത്. ഇവ കളനാശിനിയെ പ്രതിരോധിക്കാൻ ശേഷിയുള്ള ജനിതകമാറ്റം വരുത്തിയ വിളകൾ ആണ്. ഇവയെല്ലാം ക്ഷണിച്ചുവരുത്തുന്ന അപകടം ചെറുതല്ല. ബിടി പരുത്തികൊണ്ട് യാതൊരു പ്രശ്നവുമില്ല എന്നരീതിയിൽ ഡോ. ആനന്ദ്കുമാർ ഉൾപ്പെടെയുള്ള ശാസ്ത്രജ്ഞർ പ്രചരണം നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് 2009ൽ ജനിതകമാറ്റം വരുത്തിയ ഭക്ഷ്യവിള ഉൽപാദിപ്പിക്കാൻ ശ്രമം നടത്തിയത്. 2009 ഒക്ടോബറിലാണ് ബിടി വഴുതന പുറത്തിറക്കാൻ തീരുമാനിച്ചത്.




**മൊൺസാന്റോ പോലെയുള്ള കുത്തകയ്ക്ക് ഒരു ലക്ഷ്യമുണ്ട്, 2020ഓടെ ലോകത്ത് കഴിക്കുന്ന ഭക്ഷണം മുഴുവൻ ജനിതകമാറ്റം വരുത്തിയതാകണമെന്നും അതിന്റെയെല്ലാം അധിപൻ തങ്ങളാകണമെന്നും. എന്തും കഴിക്കുന്ന ഒരു തലമുറയെയാണ് അവർ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.**

കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളും വിവിധ സംഘടനകളും ശക്തമായ സമരവുമായി മുന്നോട്ടുവന്നതിന്റെ ഭാഗമായി കേന്ദ്ര പരിസ്ഥിതി വനംവകുപ്പ് മന്ത്രിയായിരുന്ന ജയറാം രമേഷ് ഇത് സംബന്ധിച്ച് ജനകീയമായ ഒരു ചർച്ച വേണമെന്ന് തീരുമാനിച്ചു. ചർച്ചയെ തുടർന്നാണ് ജനിതകമാറ്റം വരുത്തിയ വിളകൾ ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെ കുറിച്ചും പരിസ്ഥതിക്കുണ്ടാക്കുന്ന പ്രശ്നങ്ങളെ കുറിച്ചും ജൈവവൈവിദ്ധ്യത്തെ ബാധിക്കുന്നതിനെക്കുറിച്ചും അതിലേറെ ഒരു രാജ്യത്തിന്റെ ഭക്ഷണത്തിൻമേലുണ്ടാകുന്ന നിയന്ത്രണവുമായി ബന്ധപ്പെട്ടുമുള്ള വിഷയങ്ങളുമെല്ലാം പുറത്തറിയുന്നത്. ഇതിനെ തുടർന്ന് 2010 ഫെബ്രുവരിയിൽ ബിടി വഴുതിനക്ക് മൊറട്ടോറിയം പ്രഖ്യാപിക്കാൻ തീരുമാനമെടുക്കുകയായിരുന്നു. എന്നിട്ടും ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജിയും മറ്റു മൾട്ടിനാഷണൽ കമ്പനികളും ഇത് സംബന്ധിച്ച ഗവേഷണം തുടരുകയാണ്. മൊൺസാന്റോ പോലെയുള്ള കുത്തകയ്ക്ക് ഒരു ലക്ഷ്യമുണ്ട്, 2020ഓടെ ലോകത്ത് കഴിക്കുന്ന ഭക്ഷണം മുഴുവൻ ജനിതകമാറ്റം വരുത്തിയതാകണമെന്നും അതിന്റെയെല്ലാം അധിപൻ തങ്ങളാകണമെന്നും. എന്തും കഴിക്കുന്ന ഒരു തലമുറയെയാണ് അവർ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. പ്രതികരണശേഷിയും ചോദ്യം ചെയ്യാനുള്ള കരുത്തും നഷ്ടപ്പെട്ട് എന്തിനേയും സ്വീകരിക്കുന്നവർ മാത്രമായി ആളുകൾ മാറുന്നു. ഇങ്ങനെ വരുമ്പോഴാണ് നമ്മൾ നമ്മുടെ നയം വ്യക്തമാക്കേണ്ടത്.

ദേശീയതലത്തിൽ സുസ്ഥിരമായും ജൈവരീതിയിലും കൃഷി ചെയ്യുന്ന ചെറുതും വലുതുമായ ഒട്ടനവധി സംഘങ്ങൾ ഉണ്ട്. പല വ്യക്തികളും ഈ രീതിയിലേക്ക് കടന്നുവരുന്നുമുണ്ട്. ഇവരെല്ലാം ചേർന്നുകൊണ്ടാണ് മുമ്പ് ബിടി വഴുതനക്കെതിരെ പ്രതിഷേധം ശക്തമാക്കിയത്. പക്ഷെ ആ ശബ്ദത്തിന് കരുത്തുപോരാത്ത സാഹചര്യമാണ് ഇന്നുള്ളത്. എല്ലാ വിളകളിലും ജനിതകമാറ്റം വരുത്തുന്ന പരീക്ഷണങ്ങൾ നടത്തി തയ്യാറാക്കി വച്ചിരിക്കുകയാണ്. സർക്കാർ അനുമതി നൽകിയാൽ ജനിതകമാറ്റം വരുത്തിയ റബ്ബർ കോട്ടയത്ത് അവർ നടും. എങ്ങനെയാണ് ഇതിനെ എതിർക്കേണ്ടത് എന്നത് വലിയ ചോദ്യമാണ്. ഗ്രാമങ്ങളിലും പ്രാദേശിക തലങ്ങളിലും ഈ വിഷയം വളരെ ശക്തമായി ചർച്ച ചെയ്യപ്പെടണം. കാരണം, എങ്ങനെയാണോ നമുക്ക് ഭക്ഷണത്തെക്കുറിച്ച് അറിവ് ഉണ്ടായിരുന്നത്, അത് എങ്ങനെയാണോ നമ്മൾ രുചിച്ചിരുന്നത്, അതിനെ സമ്പൂർണ്ണമായും നശിപ്പിക്കുന്നരീതിയിൽ ആണ് ഇനി ജനിതകമാറ്റം വരുത്താൻ പോകുന്നത്. ഇനി ഒരു തിരിച്ചുവരവ് പോലും സാധ്യമല്ലാത്ത വിധത്തിലേക്ക് നമുക്ക് മാറേണ്ടി വരും. ഭക്ഷണത്തിലേക്കുള്ള വഴിയുടെ അവസാനമാകും അത്. പരുത്തി നമുക്ക് പൂർണ്ണമായും നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഗാന്ധിജിയുടെ പാരമ്പര്യവും പറഞ്ഞ് ഇന്ന് നമ്മൾ ധരിക്കുന്ന ഈ ഖദർ വസ്ത്രത്തിന്റെ ഉടമ മൊൺസാന്റോയാണ്. നാണമില്ലാതെ ഇത് നമ്മൾ ധരിക്കുന്നു. മറ്റുവിളകളെയെങ്കിലും നമുക്ക് സംരക്ഷിക്കേണ്ടതുണ്ട്. അതിനുവേണ്ടിയുള്ള പോരാട്ടങ്ങളാണ് ഇനി വേണ്ടത്.

(തയ്യാറാക്കിയത്: സുർജിത്ത്)



**Article by Sridhar R in Keraleeyam Magazine about Bt Cotton and its impact on national sovereignty**

# ‘ಸೂಪರ್ ಹೈಬ್ರಿಡ್ ಬೀಜ ಪೂರೈಕೆ ವಿರೋಧಿಸಿ’

ಪ್ರಜಾವಾಣಿ ವಾರ್ತೆ

ಸಿಂಧನೂರು: ಮಾನ್ಸೆಂಟೊ ಕಂಪೆನಿಯ ಸೂಪರ್ ಹೈಬ್ರಿಡ್ ಬೀಜವನ್ನು ಸರ್ಕಾರ ಅನುಮತಿ ಪಡೆದು ಉಚಿತವಾಗಿ ವಿತರಣೆ ಮಾಡುವ ಪ್ರಯತ್ನದಲ್ಲಿದ್ದು ರೈತರು ಒಕ್ಕೊರಲಿನಿಂದ ವಿರೋಧಿಸಬೇಕು ಎಂದು ಸಾವಯವ ಕೃಷಿ ಮಿಷನ್ ರಾಜ್ಯಾಧ್ಯಕ್ಷ ಡಾ.ಆನಂದ ಕರೆ ನೀಡಿದರು.

ಸಹಜ ಸಮೃದ್ಧ ಬೆಂಗಳೂರು, ಕೃಷಿ ಇಲಾಖೆ ಮತ್ತು ಗ್ರಾಮ ಪಂಚಾಯಿತಿಯ ಸಂಯುಕ್ತ ಆಶ್ರಯದಲ್ಲಿ ಸೋಮವಾರ ಏರ್ಪಡಿಸಿದ್ದ ತಾಲ್ಲೂಕಿನ ಕಲ್ಲೂರು ಗ್ರಾಮದ ಜಂಬನಗೌಡ ಮಾಲಿಪಾಟೀಲ ಅವರ ಜಮೀನಿನಲ್ಲಿ ಬೆಳೆದ 51 ದೇಸಿ ಭತ್ತದ ಕ್ಷೇತ್ರೋತ್ಸವ ಸಮಾರಂಭದಲ್ಲಿ ಅವರು ಮಾತನಾಡಿದರು.

ದೇಸಿ ತಳಿ ಭತ್ತವನ್ನು ಕುಲಾಂತರಗೊಳಿಸುವ ಮೂಲಕ ವಿದೇಶಿ ಕಂಪೆನಿಗಳು ಭಾರತೀಯ ಬೀಜ ಪದ್ಧತಿಯನ್ನು ನಾಶ ಮಾಡಲು ಹೊರಟಿವೆ. ಮೆಕ್ಕೆಜೋಳ, ಸೂರ್ಯಕಾಂತಿ ಮತ್ತಿತರ ಬೆಳೆಗಳ ಜವಾರಿ ತಳಿ ಬೀಜಗಳೇ ಇಲ್ಲದಂತಾಗಿವೆ. ರಾಸಾಯನಿಕ ಗೊಬ್ಬರ ಮತ್ತು ಕ್ರಿಮಿನಾಶಕಗಳನ್ನು ಸಿಂಪಡಿಸಿದ ಧಾನ್ಯಗಳ ವಿಷ ಸೇವಿಸುವುದರಲ್ಲಿ ಯಾವ ಪುರುಷಾರ್ಥವಿದೆ ಎಂದು ಪ್ರಶ್ನಿಸಿದರು. ತಳಿ ಸಂರಕ್ಷಣೆ ಮಾಡುವ ರೈತರಿಗೆ ವಿಶೇಷ ಅನುದಾನ ಬಿಡುಗಡೆ ಮಾಡಲು ಸರ್ಕಾರ ಉದ್ದೇಶಿಸಿದ್ದು, 10 ಗ್ರಾಮಗಳನ್ನು ಆಯ್ದುಕೊಳ್ಳಲಿದೆ ಎಂದರು.

ಸಹಜ ಸಮೃದ್ಧ ನಿರ್ದೇಶಕ ಜಿ.ಕೃಷ್ಣಪ್ರಸಾದ ಮಾತನಾಡಿ ಇಳುವರಿಯ ಬಗ್ಗೆ ಆದ್ಯತೆ ನೀಡದೆ ಮುಂದಿನ ಪೀಳಿಗೆಯ ರಕ್ಷಣೆ ಬಗ್ಗೆ ಗಮನ ಕೊಡಬೇಕಾಗಿದೆ ಎಂದರು.

ಶಾಸಕ ವೆಂಕಟರಾವ್ ನಾಡಗೌಡ ಅಧ್ಯಕ್ಷತೆ ವಹಿಸಿದ್ದರು.

ತುರ್ವಿಹಾಳ ಪಿಯು ಕಾಲೇಜ್ ಪ್ರಾಚಾರ್ಯ ಕರಿಬಸಯ್ಯಸ್ವಾಮಿ ಉದ್ಘಾಟಿಸಿದರು. ಯದ್ದಲದೊಡ್ಡಿ ಮಹಾಲಿಂಗಸ್ವಾಮಿಗಳು ಜ್ಯೋತಿ ಬೆಳಗಿಸಿದರು. ಜಂಟಿ ಕೃಷಿ ನಿರ್ದೇಶಕ ಕೆ.ಹನುಮಂತರೆಡ್ಡಿ, ಸಹಾಯಕ ಕೃಷಿ ನಿರ್ದೇಶಕ ಎಸ್.ಮರಿಬಸನಗೌಡ, ಸಾವಯವ ಕೃಷಿಕ ಮುದೇಗೌಡ ಮುಕ್ಕುಂದಾ, ಕೃಷಿ ವಿಜ್ಞಾನಿಗಳು ಭಾಗವಹಿಸಿದ್ದರು.



ಸಿಂಧನೂರು ತಾಲ್ಲೂಕಿನ ಕಲ್ಲೂರು ಗ್ರಾಮದ ಜಂಬನಗೌಡರ ಹೊಲದಲ್ಲಿ ಸೋಮವಾರ ಹಮ್ಮಿಕೊಂಡಿದ್ದ 51 ದೇಸಿ ತಳಿಗಳ ಕ್ಷೇತ್ರೋತ್ಸವ ಕಾರ್ಯಕ್ರಮದಲ್ಲಿ ಬೆಂಗಳೂರು ಸಹಜ,ಸಮೃದ್ಧ ನಿರ್ದೇಶಕ ಜಿ.ಕೃಷ್ಣಪ್ರಸಾದ ಮಾತನಾಡುತ್ತಿರುವುದು. ಸಾವಯವ ಕೃಷಿ ಮಿಷನ್ ರಾಜ್ಯಾಧ್ಯಕ್ಷ ಡಾ.ಆನಂದ (ಬಲದಿಂದ ಮೂರನೆಯವರು) ಮತ್ತು ಇತರರು ಇದ್ದಾರೆ.

